
അധികാരം ജനങ്ങളിലേക്ക്

ഒമ്പതാം പദ്ധതി ജനകീയ പദ്ധതി



അലയമൺ ഗ്രാമ പഞ്ചായത്ത്

വികസന റിപ്പോർട്ട്

അലയമൺ ഗ്രാമപഞ്ചായത്ത്
വികസന സെമിനാറിന്

ആശംസകൾ

എസ്. കെ. പി. ഫാർമസ്യൂട്ടിക്കൽസ്

ചണ്ണപ്പേട്ട

ഫോൺ – 304428

ശാസ്ത്രീയമായി തയ്യാറാക്കിയ ആയുർവേദ
ഔഷധങ്ങൾക്കും ചികിത്സക്കും സമീപിക്കുക.

ഡോ. പി. സുരേന്ദ്രൻ ബി. എ. എം.

Best compliments from :

THENGINAL AGENCIES

Raw Rubber Dealers

Channapetta

Phone : 304228

Prop: D. Johnson



.....വെളിച്ചമേ നയിച്ചാലും.....

"എന്റെ ജീവിതമാണ്
എന്റെ സന്ദേശം"

000001 TT0000

"ശരിയെന്നു തോന്നുന്ന കാര്യം
നിർഭയമായി ചെയ്യുക
അതാണ് ഏറ്റവും ശ്രേഷ്ഠമായ നിയമം"

-ഗാന്ധിജി



"മതപീഡനങ്ങളും മതയുദ്ധങ്ങളും
ചരിത്രത്തിലെമ്പാടും നിറഞ്ഞുനിൽ
ക്കുന്നു. മതത്തിന്റെയും ദൈവത്തി
ന്റെയും പേരിലാണ് ലോകത്തിൽ
ഏറ്റവുമധികം ചോര ചിന്തിയിട്ടുള്ളത്"

-ജവഹരിലാൽ നെഹ്റു



00090 2

ഒമ്പതാംപദ്ധതി
ജനകീയ പദ്ധതി



അലയമൺ ഗ്രാമപഞ്ചായത്ത്
വികസനറിപ്പോർട്ട്

വികസന സെമിനാർ
1997 ജനുവരി 16 വ്യാഴാഴ്ച
ചണ്ണപ്പേട്ട എം.ടി.എച്ച്.എസ്സ്

000003

00000

DIA. 3.1

കൊല്ലം ജില്ല

പഞ്ചായത്തുകൾ



Source : PRM Programme. CESS

000005

910000

ഉള്ളടക്കം

I. ആമുഖം.

II. അലയമൺ ചരിത്രത്തിന്റെ താളുകളിൽ

III. സാംസ്കാരിക ചരിത്രം

IV. ഭൂപ്രകൃതിയും വിഭവങ്ങളും

V. വികസന മേഖലകൾ

(1) കൃഷിയും ജലസേചനവും

(2) മൃഗസംരക്ഷണം, മത്സ്യബന്ധനം

(3) വിദ്യാഭ്യാസം

(4) കുടിവെള്ളവും, പൊതുജനാരോഗ്യവും

(5) വ്യവസായം

(6) ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

(7) പാർപ്പിടവും, സാമൂഹ്യക്ഷേമം

(8) സംസ്ക്കാരം

(9) വനിത

(10) സഹകരണം

(11) പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമം

(12) വിഭവസമാഹരണം

000007



ആൻമേരി എലിസബത്ത്
പ്രസിഡന്റ്



എം-ജി. ഇടിക്കുള
വൈസ്പ്രസിഡന്റ്




വി.കെ.ബീനാകുമാരി
സ്റ്റാൻഡിംഗ്കമ്മറ്റി



പ്രൊഫ.സാം പനങ്കൂന്നേൽ
മെമ്പർ




കെ.ജി.സാബു
മെമ്പർ



ഏ.ബാബു
മെമ്പർ




എം.ഹംസാ
മെമ്പർ



ജേക്കബ്മാത്യു
മെമ്പർ



ഏലിയാമ്മ അലക്സ്
മെമ്പർ



ഓ. ഖാലിദ്
സെക്രട്ടറി

ആമുഖം

വികസനം മോഹിച്ചു കാത്തുകിടന്ന അലയമൺ ഗ്രാമപഞ്ചായത്തിന് ഇത് ധന്യതയുടെ ശുഭമുഹൂർത്തം. ഇത്തിക്കരയാറിന്റെ ഓരം പറ്റി കിടന്ന അവൾ, സംസ്ഥാന സർക്കാരിന്റെ "വികസനം അടിത്തട്ടിൽ നിന്ന്'' എന്ന വിളംബരം കേട്ട് ആവേശം കൊണ്ടു. കാടുകളും മേടുകളും വർണ്ണാഭ ചേർത്ത അതിർവരമ്പുകൾ അലങ്കരിച്ച ഈശാദ്വല ഭൂമിയിൽ മാറ്റത്തിന്റെ ഉൾത്തുടിപ്പുകൾ കേൾക്കായി. കാലത്തിന്റെ തികവിൽ മികവാർന്ന നന്മയുടെ സദ്ഫലങ്ങൾ വിളഞ്ഞുകാണാൻ നാം കാത്തിരിക്കുന്നു.

"ഒമ്പതാം പദ്ധതി ജനകീയ പദ്ധതി'' എന്ന മുദ്രാവാക്യവുമായി നാടിന്റെ സമഗ്ര ആസൂത്രണത്തിൽ ബഹുജനങ്ങളെ പങ്കാളികളാക്കാനുള്ള ഒരു മഹായജ്ഞത്തിന് നമ്മൾ നാന്ദികുറിച്ചു. 1997 ഏപ്രിൽ മാസത്തിൽ സമാരംഭിക്കുന്ന സ്വതന്ത്രഭാരതത്തിലെ ഒമ്പതാം പഞ്ചവത്സര പദ്ധതിക്ക് തിരികൊളുത്തുമ്പോൾ ഈ കൊച്ചു കേരളത്തിലെ കൊല്ലംജില്ലയുടെ കിഴക്കൻ മലയോര ഗ്രാമനിവാസികളായ നമ്മളും ആ ചരിത്ര സംഭവത്തിന് സാക്ഷികളാവുകയാണ്.

"ഇന്ത്യയുടെ ആത്മാവ് ഗ്രാമങ്ങളിലാണ് കുടികൊള്ളുന്നത്'' എന്ന മഹാത്മജിയുടെ വാക്കുകൾ സാർത്ഥകമാകുവാൻ പോവുകയാണ്. ഗ്രാമസ്വരാജ് എന്ന ആശയം പഞ്ചായത്തു രാജ് നിയമത്തിന്റെ സാക്ഷാത്കാരത്തിലൂടെ പ്രവൃത്തിപഥത്തിലെത്തുമ്പോൾ അധികാരം ജനങ്ങളുടെ കൈകളിലെത്തിക്കുവാൻ ദൃഢനിശ്ചയം ചെയ്ത് യശഃശരീരനായെങ്കിലും ഇന്ത്യൻ ജനതയുടെ ഹൃദയത്തിൽ ജീവിക്കുന്ന യുഗപ്രഭാവനായ ഇന്ത്യൻ പ്രധാനമന്ത്രി ശ്രീ. രാജീവ്ഗാന്ധിയുടെ ബലികുടീരത്തിൽ സ്മരണകളുടെ നറുമലരുകൾ അർപ്പിച്ചുകൊള്ളട്ടെ. നാടിന്റേയും നാട്ടുകാരുടേയും ആവശ്യങ്ങൾ നേരിട്ടറിഞ്ഞ് വികസന പ്രക്രിയയ്ക്ക് പുതിയൊരു മാനം കണ്ടെത്തിയ സംസ്ഥാന സർക്കാരിനെ ഹാർദ്ദവമായി അഭിനന്ദിക്കുന്നു.

സംസ്ഥാന പ്ലാനിംഗ് കമ്മീഷന്റെ നിർദ്ദേശാനുസരണം ജനകീയാസൂത്രണം നടപ്പിലാക്കേണ്ടതെങ്ങനെയെന്നു ലഭിച്ച അറിയിപ്പുകളുടെ അടിസ്ഥാനത്തിൽ അപ്പപ്പോൾ തദനുസരണമായ നടപടിക്രമങ്ങൾ ഒട്ടും വിട്ടുവീഴ്ച കൂടാതെ നമ്മുടെ പഞ്ചായത്തിലും ആവിഷ്ക്കരിച്ചിട്ടുണ്ട്. പഞ്ചായത്തുതല ഏകദിന ശിൽപശാല 14-9-96 ൽ ചണ്ണപ്പേട്ട എം.റ്റി.എച്ച്.എസ്.എൽ. നടത്തി. അതേത്തുടർന്നു ജനകീയാസൂത്രണത്തിന്റെ ആദ്യഘട്ടമായ ഗ്രാമീണരുടെ അഭിപ്രായരൂപീകരണത്തിനായി ഓരോ വാർഡുകളിലും ഗ്രാമസഭകൾ സംഘടിപ്പിക്കുവാൻ അലയമൺ പഞ്ചായത്തിലെ ഒൻപതു വാർഡുകളിലും സ്പെഷ്യൽ ഗ്രാമസഭകൾ വിളിച്ചുകൂട്ടി. അത്യുത്സാഹത്തോടെ സ്ത്രീകൾ സഹിതം നിരവധിയാളുകൾ പങ്കെടുത്ത പ്രസ്തുത ഗ്രാമസഭകൾ നാട്ടിൽ പുതിയൊരു ഉണർവ്വും ഉന്മേഷവും പകർന്നു. പന്ത്രണ്ടു ഗ്രൂപ്പുകളായി തിരിഞ്ഞ് കൂലംകഷമായ ചർച്ചകളുടേയും വിമർശനങ്ങളുടേയും പരിപാകത്തിൽ രൂപപ്പെടുത്തിയ വിവരങ്ങൾ പഞ്ചായത്തു തലത്തിൽ ക്രോഡീകരിച്ചു. പിന്നീട് പഞ്ചായത്തുതലത്തിലും വാർഡുതലത്തിലും ഉള്ള പ്രവർത്തക സമിതികൾക്ക് രൂപം നൽകി.

ഗ്രാമസഭകളുടെ റിപ്പോർട്ടുകൾ, ദ്വിതീയ വിവരശേഖരണ സാമഗ്രികൾ, പഠനപര്യടനങ്ങൾ, വിവിധ ഡിപ്പാർട്ടുമെന്റുകളിൽ നിന്നുലഭിച്ച റിപ്പോർട്ടുകൾ, കേട്ടറിവ്, നാട്ടറിവ് വിവരങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിവിധ വിഷയഗ്രൂപ്പുകൾ നടത്തിയ വിശദമായ ചർച്ചകളിൽ നിന്ന് ഉരുത്തിരിഞ്ഞ വിലയിരുത്തലു

കളും നിർദ്ദേശങ്ങളും ആധാരമാക്കി പഞ്ചായത്തു കമ്മിറ്റി പലതവണ സമ്മേളിച്ച് പഠിച്ച് അന്തിമരൂപം നൽകി അംഗീകരിച്ച് ഈ വികസന റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളതാണ്.

അലയമൺ ഗ്രാമപഞ്ചായത്തിൽ പുതിയൊരു വികസന സംസ്കാരത്തിന് തുടക്കം കുറിക്കുവാൻ നന്മയിലേയ്ക്കും പുരോഗതിയിലേയ്ക്കും ഈ നാടിനെ കൈപിടിച്ചുയർത്തുവാൻ ഈ ആസൂത്രണ റിപ്പോർട്ട് സഹായകമാകും എന്ന പ്രത്യാശയോടെ ബഹുജനസമക്ഷം ഈ വികസന സെമിനാറിൽ ഇത് അവതരിപ്പിക്കുകയാണ്.

പ്രസിഡന്റ്

അലയമൺ ഗ്രാമപഞ്ചായത്ത്

അലയമൺ – ചരിത്രത്തിന്റെ താളുകളിൽ!

പ്രകൃതിരമണീയമായ കൊല്ലം ജില്ലയുടെ കിഴക്കൻ മലയോര ഗ്രാമമായ അലയമൺ പഞ്ചായത്ത് കർഷകരും കർഷക തൊഴിലാളികളും ഇടതിങ്ങി നിവസിക്കുന്ന ഒരു പ്രദേശമാണ്. വടക്കുകിഴക്കു ഭാഗങ്ങൾ വനമേഖലയാണെങ്കിലും ഓയിൽ പാം പ്ലാന്റേഷൻ, യൂക്കാപിസ്സസ് പ്ലാന്റേഷൻ, റബ്ബർ തോട്ടങ്ങൾ എന്നിവ കൊണ്ട് ഈ ഗ്രാമത്തിന്റെ മുന്നിൽ രണ്ടു ഭാഗങ്ങളും വാസയോഗ്യങ്ങളല്ല. ഇത്തിക്കരയാറിന്റെ ഉത്ഭവം ഈ ഗ്രാമത്തിന്റെ കിഴക്കൻ മേടുകളിൽ നിന്നാണ്. 35.4 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള അലയമൺ പഞ്ചായത്തിന്റെ പടിഞ്ഞാറ്റത്തുള്ള റേഞ്ച് ഓഫീസ് ജംഗ്ഷനിൽ നിന്ന് അങ്ങു കിഴക്കറ്റത്തേയ്ക്ക് ഇരുപത്തിരണ്ടു കിലോമീറ്ററോളം ദൈർഘ്യം വരും. ജനസംഖ്യ18538 ആണ്. നാണ്യവിളകളുടെ സങ്കേതമാണ് ഇവിടം. നെല്ല്, തെങ്ങ്, കുരുമുളക്, ഏത്തവാഴ, ഇഞ്ചി, മഞ്ഞൾ എന്നിവയെല്ലാം ആർത്തുവളരുന്ന വളക്കൂറുള്ള മണ്ണ്. അതിലുപരി കഠിനാദ്ധ്വാനശീലരായ ആളുകൾ. വ്യവസായ വാണിജ്യമേഖലകളിൽ പിൻപന്തിയിൽ നിലകൊള്ളുന്ന ഇവിടത്തെ ആളുകളുടെ പ്രധാന ഉപജീവനമാർഗ്ഗം കൃഷി തന്നെ. പഞ്ചായത്തിന്റെ തെക്കേ അതിർത്തിയിലൂടെ ഒഴുകിപ്പോകുന്ന ഇത്തിക്കരയാറ് ചിതറ, ഇട്ടിവാ പഞ്ചായത്തുകളെ വേർതിരിക്കുന്നു. പടിഞ്ഞാറും വടക്കും അഞ്ചൽ, ഏരൂർ പഞ്ചായത്തുകളും കിഴക്ക് കുളത്തൂപ്പുഴ പഞ്ചായത്തുമാണ് അതിരുകൾ. അപൂർവ്വ സസ്യജാലങ്ങൾ നിറഞ്ഞ കുടുക്കത്തുപാറയും അനുബന്ധസ്ഥലങ്ങളും പ്രശസ്തമായ ഒരു വിനോദസഞ്ചാര കേന്ദ്രമാണ്.

പഞ്ചായത്തിന്റെ തെക്കേ അറ്റത്തുള്ള കരയായ അലയമൺ എന്ന പ്രദേശത്തിന്റെ പേരുതന്നെയാണ് വിസ്തൃതമായ ഈ പഞ്ചായത്തിന് അധികാരികൾ നൽകിയിട്ടുള്ളത്. ജനസാന്ദ്രതയും വികസനവും ഏറിനിൽക്കുന്നതും കൂടുതൽ വരുമാനം ഉളവാകുന്നതുമായ പ്രദേശമാകയാലാവാം അങ്ങനെ സംഭവിച്ചിട്ടുള്ളത്.

ആലയമൺ എന്ന പദം ശബ്ദലോപം സംഭവിച്ച് അലയമൺ ആയി എന്നത്രേ ശബ്ദശാസ്ത്രജ്ഞന്മാരുടെ നിഗമനം. ആലയങ്ങൾ പണിയുന്നതിന് പറ്റിയ പശയും ഉറപ്പും ഉള്ള ചെളികലർന്ന മണ്ണുള്ള പ്രദേശമാണിവിടം. ഈ മണ്ണ് തൊളിയാക്കി കരിങ്കല്ലും കട്ടയും കെട്ടിയാൽ സിമന്റുകൂട്ടുപോലെയുള്ള ബലമാണ്. ചുടുകട്ടയുണ്ടാക്കിയാൽ എറിഞ്ഞുടച്ചാലും പൊട്ടുകയില്ല, അത്രയ്ക്കു ബലിഷ്ഠമാണ്. അഞ്ചൽ കേന്ദ്രമാക്കി കുടിയേറ്റം നടത്തിയ പഴയ ആളുകൾ വീടുകൾ അഥവാ ആലയങ്ങൾ അനവധി നിർമ്മിച്ചു വസിച്ചു വന്നതിനാൽ "ആലയമൺ" എന്ന പേര് ഉണ്ടായി.

ഇന്ത്യ ഒരു പരമാധികാര സ്വതന്ത്ര റിപ്പബ്ലിക്കായി ജന്മം കൊണ്ട ശേഷം സംസ്ഥാനങ്ങളിൽ തദ്ദേശ സ്വയം ഭരണ നിയമ പ്രകാരം പഞ്ചായത്തുകൾ നിലവിൽ വന്നു. അങ്ങനെ 1953 ആഗസ്റ്റ് 15 ന് തിരുക്കൊച്ചി സംസ്ഥാനത്തും പഞ്ചായത്തു കമ്മിറ്റികൾ നിലവിൽ വന്നു. മലബാർ കൂടി ചേർന്ന് ഐക്യകേരളം പിറന്നത് 1957 നവംബർ 1 ന് ആണല്ലോ? അങ്ങനെ ആദ്യത്തെ പഞ്ചായത്തു തെരഞ്ഞെടുപ്പു നടക്കുമ്പോൾ ഇന്നത്തെ അലയമൺ പഞ്ചായത്ത് അഞ്ചൽ എന്ന അതിവിസ്തൃതമായ പഞ്ചായത്തിന്റെ മൂന്നു വാർഡുകൾ മാത്രമായിരുന്നു. അതായത് അലയമൺ, മുങ്ങോട് തെക്ക്, മുങ്ങോട് വടക്ക്. അന്ന് അലയമൺ വാർഡു മെമ്പറായിരുന്ന ശ്രീ. പാലറ ബാലകൃഷ്ണപിള്ളയായിരുന്നു അഞ്ചൽ പഞ്ചായത്തു പ്രസിഡണ്ട്. മുങ്ങോടു വടക്കു വാർഡിൽ നിന്നു വിജയിച്ച ശ്രീ. ചങ്ങനാശ്ശേരി മാത്തച്ചനായിരുന്നു വൈസ് പ്രസിഡണ്ട്. മുങ്ങോടു തെക്ക് വാർഡിന്റെ പ്രതിനിധി ശ്രീ. കടയാട്ടു ഭാസ്കരനുണ്ണിത്താനും. സർക്കാർ ജീവനക്കാരനായതിനാൽ ശ്രീ.

ബാലകൃഷ്ണപിള്ള രാജിവച്ചതിനെത്തുടർന്ന് അലയമൺ വാർഡു പ്രതിനിധിയായി ശ്രീ. പി. പൊന്നപ്പൻ പിള്ള ഉപതെരഞ്ഞെടുപ്പിലൂടെ വിജയിച്ചുവന്നു.

[illegible] 1962 ൽ അലയമൺ പഞ്ചായത്തിലെ വാർഡുകളുടെ എണ്ണം ആറായി ഉയർന്നു - അലയമൺ ഒന്ന്, അലയമൺ രണ്ട്, മുളപ്പമൺ, ചണ്ണപ്പേട്ട, ആനക്കുളം (ദ്വയാംഗമണ്ഡലം), ഇളവൂർ എന്നിങ്ങനെ. ദ്വയാംഗമണ്ഡലമായ ആനക്കുളം വാർഡിൽ നിന്ന് ജനറൽ സീറ്റിലേയ്ക്കും പട്ടികജാതി/വർഗ്ഗ സീറ്റിലേയ്ക്കും ഓരോ പ്രതിനിധികളെ തെരഞ്ഞെടുക്കണം. വനിതാ അംഗ സംവരണം നിലവിലില്ലാതിരുന്നതിനാൽ ഭരണസമിതി ഒരു വനിതാ അംഗത്തെ കോ-ഓപ്റ്റു ചെയ്തുവന്നു. അങ്ങനെ 1963 ൽ തെരഞ്ഞെടുക്കപ്പെട്ട ഏഴ് അംഗങ്ങളിൽ നിന്നും പഞ്ചായത്തു പ്രസിഡണ്ടായി ശ്രീ. പി. പൊന്നപ്പൻ പിള്ളയേയും വൈസ് പ്രസിഡണ്ടായി ശ്രീ. പുത്തയം മത്തായിയേയും തെരഞ്ഞെടുത്തു. മറ്റുള്ള കമ്മിറ്റിയംഗങ്ങൾ 1. സി. യോഹന്നാൻകുട്ടി 2. പി.ജെ. ജോർജ്ജ് 3. സി. മത്തായി 4. കെ. കുഞ്ഞാണ്ടി 5. സി.പി. രാഘവൻ. വനിതാ അംഗം, ശ്രീമതി പങ്കജാക്ഷി (നോമിനേറ്റഡ്). പഞ്ചായത്തിന്റെ ആദ്യത്തെ എക്സിക്യൂട്ടീവ് ഓഫീസർ ശ്രീ. അബ്ദുൽ ഖരീം ആയിരുന്നു. അന്ന് പഞ്ചായത്ത് ഓഫീസ് മീൻകുളത്ത് ഒരു വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചുവന്നത്. എന്നാൽ ഈ ദുഃസ്ഥിതി ഒഴിവാക്കുന്നതിനായി കമ്മിറ്റി നടത്തിയ പരിശ്രമഫലമായി ലഭിച്ച പത്തുസെന്റ് സ്ഥലത്ത് പഞ്ചായത്ത് ഓഫീസിന് സ്വന്തമായി ഒരു ആസ്ഥാനം പണിതു. ഇന്നു കാണുന്ന ഓടിട്ട കെട്ടിടം അതാണ്.

പ്രസ്തുത ഭരണസമിതി അധികാരത്തിൽ എത്തി ഒരു വർഷം പിന്നിട്ടപ്പോൾ അവതരിപ്പിക്കപ്പെട്ട അവിശ്വാസ പ്രമേയം പാസ്സായതിനെത്തുടർന്ന് പ്രസിഡണ്ടായിരുന്ന ശ്രീ. പി. പൊന്നപ്പൻ പിള്ള രാജിവയ്ക്കുകയും തുടർന്ന് ശ്രീ. പി.ജെ. ജോർജ്ജിനെ പ്രസിഡണ്ടായി തെരഞ്ഞെടുക്കുകയും ചെയ്തു. മെമ്പറായിരുന്ന ശ്രീ. കുഞ്ഞാണ്ടി രാജിവച്ച ഒഴിവിൽ ശ്രീ. നൂഹുക്കണ്ണു സാഹിബ്ബ് ഉപതെരഞ്ഞെടുപ്പിലൂടെ പഞ്ചായത്തംഗമായി തെരഞ്ഞെടുക്കപ്പെട്ടു. ഗവൺമെന്റ് ജീവനക്കാരനായി നിയമിതനായതിനെ തുടർന്ന്, അഞ്ചുവർഷങ്ങൾക്കു ശേഷം ശ്രീ. പി.ജെ. ജോർജ്ജ് രാജി വച്ചപ്പോൾ ശ്രീ. നൂഹുക്കണ്ണ് സാഹിബ്ബിനെ പുതിയ പ്രസിഡണ്ടായി തെരഞ്ഞെടുത്തു.

1977 ൽ വാർഡുകളുടെ പുനർവിഭജനമുണ്ടായപ്പോൾ പഞ്ചായത്തിൽ വാർഡുകളുടെ എണ്ണം ഒൻപത് ആയി - അലയമൺ, കണ്ണംകോട്, പുത്തയം, കരുകോൺ, മുളപ്പമൺ, മീൻകുളം, ചണ്ണപ്പേട്ട, ആനക്കുളം, ഇളവൂർ. 1979 ൽ നടന്ന പഞ്ചായത്തു തെരഞ്ഞെടുപ്പിൽ ശ്രീ. റ്റി.ഒ. ജോർജ്ജ് (ചണ്ണപ്പേട്ട) പ്രസിഡണ്ടായും, ശ്രീ. കെ. സുരേന്ദ്രൻ പിള്ള (അലയമൺ) വൈസ് പ്രസിഡണ്ടായും ഉള്ള ഒമ്പതംഗ കമ്മിറ്റി അധികാരത്തിൽ വന്നു. തെരഞ്ഞെടുക്കപ്പെട്ട മറ്റംഗങ്ങൾ - 1. പ്രൊഫ. [illegible] പനംകുന്നേൽ (കണ്ണംകോട്) 2. എൻ. രവീന്ദ്രൻ നായർ (പുത്തയം) 3. അഡ്വ. എം.വി. മാത്യു (കരുകോൺ) 4. എം. സൈനുല്ലാബ്ദീൻ (മുളപ്പമൺ) 5. പി.ജെ. തോമസ് (മീൻകുളം) 6. കെ. ഗംഗാധരൻ (ആനക്കുളം) 7. പി.ജെ. മറിയാമ്മ (ഇളവൂർ). റവന്യൂ ഡിപ്പാർട്ടുമെന്റിൽ ജോലി ലഭിച്ചതിനെ തുടർന്ന് ശ്രീ. കെ. സുരേന്ദ്രൻ പിള്ള രാജിവച്ചു. പകരം പുതിയ വൈസ് പ്രസിഡണ്ടായി ശ്രീ. എൻ. രവീന്ദ്രൻ നായർ തെരഞ്ഞെടുക്കപ്പെട്ടു. വിദേശ ജോലിക്കു പോയതിനെ തുടർന്ന് മെമ്പറായിരുന്ന ശ്രീ. പി.ജെ. തോമസും പിന്നാലേ രാജിവയ്ക്കുകയുണ്ടായി. വ്യക്തിപരമായ കാരണങ്ങളാൽ പ്രസിഡണ്ടായിരുന്ന ശ്രീ. റ്റി.ഒ. ജോർജ്ജ് രാജിവച്ചു. പകരം പുതിയ പ്രസിഡണ്ടായി പ്രൊഫ. സാം പനംകുന്നേൽ 1980 ൽ തെരഞ്ഞെടുക്കപ്പെട്ടു. 1983 അലയമൺ സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്തായി ഉയർത്തപ്പെട്ടു.

1988 ൽ നടന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പിനെ തുടർന്ന് ഫെബ്രുവരി 8 ന് അലയമൺ പഞ്ചായത്തു പ്രസിഡണ്ടായി പ്രൊഫ. സാം പനംകുന്നേൽ (കണ്ണംകോട്) വീണ്ടും തെരഞ്ഞെടുക്കപ്പെട്ടു. പച്ചയിൽ ശ്രീ. സി. മത്തായി (ചണ്ണപ്പേട്ട) ആയിരുന്നു വൈസ് പ്രസിഡണ്ട്. തെരഞ്ഞെടുക്കപ്പെട്ട മറ്റംഗങ്ങൾ 1. ബി. ഓമനയമ്മ (അലയമൺ) 2. എൻ. കൃഷ്ണൻ (പുത്തയം) 3. എസ്. അർജ്ജുനൻ പിള്ള (കരുകോൺ) 4. എം. ഹംസ (മുളപ്പമൺ) 5. അന്നമ്മ ചാക്കോ (മീൻകുളം) 6. ജെ. രവീന്ദ്രൻ (ആനക്കുളം) 7. പി.ജെ. മറിയാമ്മ (ഇളവൂർ).

പഞ്ചായത്തു രാജ് നിയമം നടപ്പിലാക്കിയതിനെ തുടർന്ന് 1995 സെപ്തംബർ 25 ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് പുതിയ തെരഞ്ഞെടുപ്പ് നടന്നു. ഒക്ടോബർ 2 ന് ഗാന്ധിജയന്തി ദിനത്തിൽ ശ്രീമതി. ആൻമേരി എലിസബത്ത് പ്രസിഡണ്ടായും (മീൻകുളം), ശ്രീ. ഇടിക്കുള ജോർജ്ജ് വൈസ് പ്രസിഡണ്ടായും (ചണ്ണപ്പേട്ട) പുതിയ ഭരണസമിതി അധികാരത്തിൽ എത്തി. മറ്റംഗങ്ങൾ – 1. ബിനാകുമാരി വി.കെ. (അലയമൺ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ) 2. പ്രൊഫ. സാം പനംകുന്നേൽ (കണ്ണംകോട്) 3. കെ.ജി സാബു (പുത്തയം) 4. എ. ബാബു (കരുകോൺ) 5. എം. ഹംസ (മുളപ്പമൺ) 6. ജേക്കബ് മാത്യു (ആനക്കുളം) 7. ഏലിയാമ്മ അലക്സ് (ഇളവൂർ).

അലയമൺ പഞ്ചായത്തിന്റെ ആസ്ഥാനം മീൻകുളത്താണ്. പുതിയ രീതിയിലുള്ള ഓഫീസ് സമുച്ചയവും കോൺഫറൻസ് ഹാളും നിർമ്മിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു. ചണ്ണപ്പേട്ടയും കരുകോണുമാണ് പ്രധാന ടൗണുകൾ. രണ്ട് എൽ.പി. സ്കൂളുകൾ, മൂന്ന് യു.പി. സ്കൂളുകൾ, മൂന്ന് ഹൈസ്കൂളുകൾ, മൂന്ന് സിനിമാ തിയേറ്ററുകൾ, നാല് പോസ്റ്റോഫീസുകൾ, രണ്ട് സഹകരണ ബാങ്കുകൾ, ഒരു ഷെഡ്യൂൾഡ് ബാങ്ക്, മൂന്ന് ക്ഷീരസഹകരണ സംഘങ്ങൾ, ഒരു ഗവൺമെന്റ് ആശുപത്രിയും, മൂന്ന് സബ് സെന്ററുകളും, നാല് സ്വകാര്യ ആശുപത്രികൾ, രണ്ട് ചന്തകൾ, ഒരു ഐ.റ്റി.സി., രണ്ട് ഷോപ്പിംഗ് കോംപ്ലക്സുകൾ, മൂന്ന് കളിക്കളങ്ങൾ, ഒരു കൃഷിഭവൻ, ഒരു മൃഗസംരക്ഷണകേന്ദ്രം, പന്ത്രണ്ടു റേഷൻ കടകൾ, ഒരു മാവേലിസ്റ്റോർ, പന്ത്രണ്ട് ടി.വി. സെന്ററുകളും കിയോസ്കുകളും, എട്ട് മഹിളാ സമാജങ്ങൾ, ആറ് ശിശുമന്ദിരങ്ങൾ, അഞ്ച് വായനശാലകൾ, ഒമ്പതു പട്ടികജാതി കോളനികൾ, മൂന്ന് ജലാശയങ്ങൾ, രണ്ട് ജലവിതരണ പദ്ധതികൾ, പതിനൊന്നു കുഴൽ കിണറുകൾ, ഒരു പൊതു ശ്മശാനം, ആറ് ഫീഡിംഗ് സെന്ററുകൾ, രണ്ട് വില്ലേജ് ഓഫീസുകൾ, രണ്ട് കല്യാണ മണ്ഡപങ്ങൾ, ഏഴ് യൂത്ത് ക്ലബ്ബുകൾ, പന്ത്രണ്ടു ട്യൂട്ടോറിയൽ കോളജുകൾ എന്നിങ്ങനെ നിരവധി സർക്കാർ, സ്വകാര്യ സ്ഥാപനങ്ങൾ ഈ ഗ്രാമത്തിലുണ്ട്. പഞ്ചായത്തിലെ പി.ഡബ്ലിയു.ഡി. റോഡുകളുടെ നീളം 22 കിലോമീറ്ററാണ്. വില്ലേജ് റോഡുകളുടെ നീളം മൊത്തത്തിൽ 91.22 കിലോ മീറ്ററും. സാമ്പത്തിക പരാധീനത പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഒരു വിലങ്ങുതടിയായി നിൽക്കുന്നു. ഈ ന്യൂനത പരിഹരിച്ചേ മതിയാകൂ. നാടിന്റെ വികസനത്തിനും വളർച്ചയ്ക്കും അനുകൂലമായ പ്രകൃതിദത്തമായ വിഭവങ്ങൾ ഈ മണ്ണിൽ ധാരാളമുണ്ട്. അവയെ ഫലപ്രദമായി ചൂഷണം ചെയ്യാൻ ആസൂത്രണ പ്രക്രിയ കൊണ്ട് ഉതകണം. ഈ നാടിന്റെയും നാട്ടുകാരുടെയും ഐശ്വര്യത്തിനും പുരോഗതിക്കും ക്ഷീരാഭ്യുന്നതിന് അതീതമായി മതസൗഹാർദ്ദതയോടെ പ്രവർത്തിക്കുന്ന സാമൂഹ്യപ്രവർത്തകരുടെ ഒരു നേതൃനിര നമുക്കുണ്ടെന്നുള്ളത് അഭിമാനാർഹമായ കാര്യം തന്നെയാണ്.

സാംസ്ക്കാരിക ചരിത്രം

ഒരു പ്രദേശത്തെ ജനതയുടെ നാനാമുഖമായ ജീവിതരീതികളുടെ ആകെത്തുകയാണ് ആ പ്രദേശത്തിന്റെ സംസ്ക്കാരം (Culture). അലയമൺ ഗ്രാപഞ്ചായത്തിന് സമ്മിശ്രമായ ഒരു സാംസ്കാരിക പാരമ്പര്യമാണുള്ളത്. കുടിയേറ്റ കാലഘട്ടം മുതൽ തന്നെ വിവിധ മതവിഭാഗങ്ങൾ തമ്മിൽ സ്നേഹത്തിന്റേയും സൗഹാർദ്ദത്തിന്റേയും മാതൃകാപരമായ ഒരു പ്രവർത്തന പാരമ്പര്യം ഈ നാടിന് അഭിമാനം പകർന്നിരുന്നു. വിദ്യാഭ്യാസ, കായിക, കലാരംഗങ്ങളിൽ യുവജനങ്ങൾ എന്നും മാറ്റത്തിന്റേയും പുരോഗതിയുടെയും വക്താക്കളായാണ് നിലകൊണ്ടിരുന്നത്. ജാതിമതചിന്തകളും വിഭാഗീയ പ്രവണതകളും രാഷ്ട്രീയാന്ധതയും മറ്റു സങ്കുചിത മനോഭാവങ്ങളും ഈ നാടിന്റെയോ നാട്ടുകാരുടെയോ ക്ഷേമൈശ്വര്യ പ്രവർത്തനങ്ങൾക്ക് നാളിതുവരെ പ്രതിബന്ധമായിരുന്നിട്ടില്ല. ഹിന്ദുവും മുസൽമാനും ക്രിസ്ത്യാനിയും ഇടകലർന്ന് ഏകോദര സഹോദരങ്ങളെപ്പോലെ ജീവിക്കുന്ന ഈ ഗ്രാമം ശാന്തിയുടെയും സമാധാനത്തിന്റെയും കേളീരംഗമാണ്.

ചിരപുരാതനമായ ആർഷ സംസ്കാരത്തിന്റെ തിളങ്ങുന്ന മൂല്യങ്ങളിൽ ഊറ്റം കൊള്ളുന്ന ഈ നാട്ടിൽ അമ്പലങ്ങളും കാവുകളും ധാരാളമുണ്ട്. ദേവീദേവന്മാരുടെയും മറ്റ് അദൃശ്യശക്തികളുടെയും സാന്നിദ്ധ്യവും സമാവേശവും വീടിനും നാടിനും ഉണർവ്വു പകരുന്നതായി ഭക്തജനങ്ങൾ കരുതുന്നു. അലയമൺ ആലപ്പൻക്ഷേത്രം, പാതിരിമുട്ടം ക്ഷേത്രം, കുട്ടിനാട് ശിവക്ഷേത്രം, ഇളവൂർ ശ്രീ. അയ്യപ്പൻ ക്ഷേത്രം, കോട്ടവിളക്ഷേത്രം, മണക്കോടുകാവ്, പൂങ്കോടുകാവ്, കരുകോൺ പേക്കാവ്, പുല്ലാഞ്ഞിയോട് വലിയവയൽ മൂർത്തിക്കാവ് ഇങ്ങനെയുള്ള ക്ഷേത്രങ്ങളും കാവുകളും ആഘോഷങ്ങളുടെയും ഉത്സവങ്ങളുടെയും ആരാധനയുടെയും സങ്കേതങ്ങളായി ഹൈന്ദവജനത കരുതുന്നു. ആധുനിക സംസ്കാരത്തിന്റെ തള്ളിക്കയറ്റത്തിൽ പൗരാണികമായ നമ്മുടെ ആചാരാനുഷ്ഠാനങ്ങൾക്ക് മങ്ങലേറ്റുകൊണ്ടിരിക്കുന്നു എന്നതാണ് വസ്തുത.

ഇസ്ലാമിക സംസ്കാരത്തിന്റെ മാതൃകാപരവും അഭിമാനാർഹവുമായ ഒരു പാരമ്പര്യം ഈ നാടിനുണ്ട്. മുളപ്പമൺ, കരുകോൺ പള്ളികൾ നമ്മുടെ ഇസ്ലാമിക സഹോദരങ്ങളുടെ വിശ്വാസത്തിന്റെ മഹോന്നത സ്തംഭങ്ങളാണ്. കൈതാടി, പുത്തയം, കരുകോൺ ഭാഗങ്ങളിൽ സംസ്ഥാപിതമായിട്ടുള്ള മദ്രസ്സകൾ മതപഠനകേന്ദ്രങ്ങളാണ്. ബാലികാ ബാലകന്മാരെ മാതൃകാപരമായി അഭ്യസിപ്പിക്കുന്ന ഈ കേന്ദ്രങ്ങളോടനുബന്ധിച്ച് ആരാധിക്കുവാനും നിസ്ക്കരിക്കുവാനുമുള്ള തൈക്കാവുകളുമുണ്ട്. സുന്നി, ഷിയാ വിഭാഗങ്ങൾ ഉണ്ടെങ്കിലും മുസ്ലീംകലുടെ ഏകദൈവവിശ്വാസം അടിയുറച്ചതാണ്.

സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും പ്രവാചകനായ യേശുവിന്റെ ആശയാദർശങ്ങൾക്ക് അലയമൺ എന്നും വളക്കൂറുള്ള മണ്ണുതന്നെയായിരുന്നു. കത്തോലിക്കാ, ഓർത്തഡോക്സ്, മാർത്തോമ്മാ, പെന്തക്കോസ്തു സഭാ വിഭാഗങ്ങൾ ഇത്യാദിയുള്ള വിവിധ ക്രൈസ്തവ സമൂഹങ്ങളുടെ ആരാധനാലയങ്ങൾ കണ്ണംകോട്, ആലഞ്ചേരി, മുക്കൂട്, മീൻകുളം, പോത്തൻപാറ, ചണ്ണപ്പേട്ട, പള്ളിത്തേരി, മുങ്ങോട്, ആനക്കുളം, ഓയിൽപാം തുടങ്ങിയ സ്ഥലങ്ങളിൽ കാണാം.

ഓണം, ദീപാവലി, റംസാൻ, ബക്രീദ്, നബിദിനം, ക്രിസ്തുമസ്സ്, ന്യൂഇയർ, ഈസ്റ്റർ, സ്വാതന്ത്ര്യദിനം തുടങ്ങിയ മതപരവും ദേശീയപരവുമായ ആഘോഷങ്ങളും ഉത്സവങ്ങളും ജാതിമതഭേദമെന്യേ എവരും ഇവിടെ ആചരിക്കുന്ന കാഴ്ച അന്യാദൃശമാണ്.

അജ്ഞതയുടെ അന്ധകാരം അകറ്റി അറിവിന്റെ വെള്ളിവെളിച്ചം പകർന്ന് മനുഷ്യമനസ്സിനെ സാംസ്ക്കാരിക പൂർണ്ണതയിലെത്തിക്കുവാൻ വിദ്യാലയങ്ങൾ വഹിക്കുന്ന പങ്ക് അനുപമമാണ്. ഈ ഗ്രാമത്തിൽ

എൽ.പി., യു.പി., ഹൈസ്കൂൾ വിഭാഗത്തിൽ പാഠശാലകൾ ഉണ്ടെങ്കിലും കുട്ടികൾ അനുഭവിക്കുന്ന ക്ലേശങ്ങൾക്ക് പരിഹാരം കണ്ടെത്താൻ ഇനിയും കഴിഞ്ഞിട്ടില്ല. അദ്ധ്യാപകരുടെ അഭാവം, കെട്ടിടങ്ങളുടെ മെയിന്റനൻസ്, പഠനോപകരണങ്ങളുടെയും ഫർണിച്ചറിന്റെയും മറ്റും അപര്യാപ്തത എന്നിങ്ങനെ നിരവധി പ്രശ്നങ്ങളുണ്ട്. ഉന്നതവിദ്യാഭ്യാസത്തിനുപകരിക്കുന്ന സൗകര്യങ്ങൾ ഇവിടെയില്ല. എങ്കിലും സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആവോളമുണ്ട്. തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നൽകുവാൻ കണ്ണംകോട്ടുള്ള മാർത്തോമ്മാ ഐ.റ്റി.സി.യല്ലാതെ മറ്റൊരു സ്ഥാപനമില്ല. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരും അധഃസ്ഥിതി വിഭാഗങ്ങളും ഇതിന്റെ പ്രത്യാഘാതം ഏറെ അനുഭവിക്കുന്നുണ്ട്. ഇതിനുള്ള പരിഹാര മാർഗ്ഗങ്ങൾ പഞ്ചായത്തുതലത്തിൽ തന്നെ കണ്ടെത്തണം.

സാക്ഷരതാ പ്രവർത്തനങ്ങളിലൂടെ നിരക്ഷരരായ നിരവധി പേരെ വിദ്യയുടെ മഹത്വം മനസ്സിലാക്കുവാൻ കൂട്ടായ യത്നം നാം നടത്തിക്കഴിഞ്ഞു. എങ്കിലും നിരക്ഷരതയുടെ അന്ധകാരത്തിൽ വീണുഴലുന്ന കുറച്ചുപേരെയെങ്കിലും നമുക്കു കണ്ടെത്താൻ കഴിയും. അക്ഷരക്കളരികളിൽ നിന്ന് കൊഴിഞ്ഞുപോയവരെ ബോധവത്കരിക്കുവാനും മറ്റുള്ളവർക്കു തുടർ വിദ്യാഭ്യാസം നൽകുവാനും ഉള്ള പ്രവർത്തനങ്ങൾ തുടർന്നുകൊണ്ടുപോകണം. സാക്ഷരതാ മിഷൻ സെന്ററുകളിലേയ്ക്ക് കൂടുതൽ [illegible] ആകർഷിക്കുവാനുള്ള പദ്ധതികൾ തയ്യാറാക്കി സേവന മനോഭാവത്തോടെ അവ നയിക്കുവാനുള്ള പ്രവർത്തകരെ പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ ചുമതലയേൽപ്പിക്കണം.

'വായിച്ചു വളരണം' എന്നല്ലേ ചൊല്ല്! വായനശാലകൾ വിജ്ഞാനവും വിനോദവും വളർത്തുന്ന കളരികൾ ആണ്. ലൈബ്രറികളും റീഡിംഗ് റൂമുകളും എത്രകണ്ട് ഒരു ഗ്രാമത്തിൽ ഉണ്ടാകുന്നുവോ അത്രകണ്ട് സാംസ്കാരികോദ്ഗ്രഥനം ആ നാടിനുണ്ടാകും എന്നത് തർക്കമറ്റ സംഗതിയാണ്. വായന ആധുനിക മനുഷ്യന്റെ അനുപേക്ഷണീയമായ ആവശ്യമായി മാറിയിരിക്കുന്നു. പത്രങ്ങൾ ദൈനംദിനം ചൂടാർന്ന വാർത്തകൾ നമുക്കു പകർന്നു തരുന്നു. പുസ്തകങ്ങൾ ആധുനിക ജീവിതത്തിൽ ചെലുത്തുന്ന സ്വാധീനം ചില്ലറയല്ല. ദൃശ്യ, ശ്രാവ്യ മാധ്യമങ്ങൾ ലോകത്തെ തന്നെ നമ്മുടെ കൺമുന്നിൽ എത്തിക്കുന്നു. ശാസ്ത്ര, സാങ്കേതിക, മാനവിക വിജ്ഞാനങ്ങളുടെ വിപ്ലവകരമായ മാറ്റങ്ങൾ നമ്മുടെ ഗ്രാമാന്തര ജനതയിൽ വരുത്തിയ വമ്പിച്ച പരിവർത്തനം അനുഭവ വേദ്യമായിരിക്കുന്നു. പട്ടികജാതി കോളനികളിലും ലക്ഷം വീടുകൾ പലതിലും ചില ലൈബ്രറികളിലും ടെലിവിഷൻ സെറ്റുകൾ സ്ഥാപിച്ചു പ്രവർത്തിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും ഇനിയും പല ജനവാസ കേന്ദ്രങ്ങളിലും അവ സ്ഥാപിക്കേണ്ടതായിട്ടുണ്ട്. പുത്തയം ലൈബ്രറി, കരുകോൺ മഹാത്മാഗാന്ധി ലൈബ്രറി, ദേശസേവിനി മഹിളാ സമാജം ലൈബ്രറി, മിൻകുളം സനാതനാ ലൈബ്രറി, ആനക്കുളം ലൈബ്രറി എന്നിവിടങ്ങളിൽ വേണ്ടത്ര പുസ്തകങ്ങൾ ഇനിയും ലഭ്യമായിട്ടില്ല. അലയമൺ സാംസ്കാരിക നിലയം പൂർത്തിയായാൽ ഒരു വലിയ ലൈബ്രറിയും ടെലിവിഷൻ സെറ്റും സ്ഥാപിക്കാവുന്നതാണ്. ചണ്ണപ്പേട്ട കേന്ദ്രീകരിച്ചും പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ ഒരു ലൈബ്രറി തുടങ്ങേണ്ടത് ആവശ്യമായിരിക്കുന്നു. ആസ്വാദകർക്കും വായനക്കാർക്കും വായിക്കുവാനും കണ്ടു രസിക്കാനും പാകത്തിലുള്ള ഓഡിയോ വീഡിയോ സംവിധാനങ്ങളും കാലത്തിന്റെ മാറ്റം ഉൾക്കൊണ്ട് നടപ്പിലാക്കേണ്ടതാണ്.

കലാകായികരംഗത്ത് അലയമൺ പഞ്ചായത്തിലെ യുവജനങ്ങൾ ബ്ലോക്ക് ലില്ലാ, സംസ്ഥാനതലത്തിൽ മികച്ച സംഭാവനകൾ നൽകിയിട്ടുള്ള അഭിമാനാർഹമായ പാരമ്പര്യമുള്ളവരാണ്. കഴിഞ്ഞ 21 വർഷങ്ങളായി കരുകോൺ കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്ന Y.F.A.S.C. എന്ന ആർട്ട്സ് ആന്റ് സ്പോർട്സ് ക്ലബ്ബ് അഖില കേരളാടിസ്ഥാനത്തിൽ ഓരോ വർഷവും നടത്തുന്ന വോളിബോൾ മത്സരം വമ്പിച്ച ജനശ്രദ്ധയാകർഷിച്ചു കഴിഞ്ഞു. പ്രശസ്തരായ പല കായികതാരങ്ങൾക്കും ഈ ക്ലബ്ബ് ജന്മം നൽകിയിട്ടുണ്ട്. അലയ

മൺ യുവസാഗര, അലയമൺ യൂണിക്, Y.M.C.A., പുത്തയം P.T.A.C., കടവറം P.A.S.C., കണ്ണംകോട് യുവരശ്മി, താഴേമീൻകുളത്തും വനത്തുംമുക്കിലും പ്രവർത്തിക്കുന്ന ജാല തുടങ്ങിയ ക്ലബ്ബുകളിലൂടെ വളർന്നു വരുന്ന യുവജനപ്രതിഭകൾ ഈ നാടിന്റെ അഭിമാനഭാജനങ്ങളാണ്. അവർക്ക് യുക്തമായ പ്രചോദനവും പ്രോത്സാഹനവും നൽകാൻ പരിപാടികൾ ആവിഷ്ക്കരിച്ചു നടപ്പാക്കണം.

സാക്ഷരതാ പ്രവർത്തനങ്ങളിലൂടെ നിരക്ഷരരായ നിരവധി പേരെ വിദ്യയുടെ മഹത്വം മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. എങ്കിലും അധഃസ്ഥിതി വിഭാഗത്തിൽ പെട്ടവരും ഇടയ്ക്കുവച്ച് കൊഴിഞ്ഞു പോയവരുമായ കുറച്ചു പേരെയെങ്കിലും തുടർ വിദ്യാഭ്യാസ പ്രവർത്തനങ്ങളിലൂടെ നമ്മൾ അക്ഷരജ്ഞാനത്തിന്റെ പ്രകാശത്തിലേയ്ക്ക് ആനയിച്ചേ മതിയാകൂ.

ബാലജനങ്ങളെ രാഷ്ട്രപുനർ നിർമ്മാണത്തിനുപകരിക്കുന്ന നാളത്തെ പൗരന്മാരാക്കി മാറ്റിയെടുക്കുവാനുള്ള സംവിധാനമാണല്ലോ ബാലജനസഖ്യങ്ങൾ. നമ്മുടെ പഞ്ചായത്തിൽ മതത്തിന്റെയും ജാതിയുടെയും രാഷ്ട്രീയത്തിന്റെയും മറ്റു വിഭാഗീയ ചിന്തകളുടെയും അടിസ്ഥാനത്തിലല്ലാതെ കുഞ്ഞുങ്ങളെയും ബാലജനങ്ങളെയും മാതൃകാപരമായി വളർത്തിയെടുക്കുവാനായി പ്രവർത്തിക്കുന്ന രണ്ടു യൂണിറ്റുകളാണ് പുത്തയം ജവഹർ ബാലജനസഖ്യവും, കരുകോൺ മനോരമ ബാലജനസഖ്യവും. ഇതുപോലെയുള്ള ബാലജനസംഘടനകൾ ഈ ഗ്രാമത്തിൽ കൂടുതൽ ഉണ്ടാകുന്നതിന് ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

അമ്മമാരുടെയും കുഞ്ഞുങ്ങളുടെയും ആരോഗ്യ പരിപാലനത്തിലും ആഹാര പരിപോഷണത്തിലും അവരെ സഹായിക്കുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള I.C.D.P. സെന്ററുകൾ അലയമൺ പഞ്ചായത്തിൽ എല്ലാ വാർഡുകളിലും വേണ്ടത്ര ഇനിയും സ്ഥാപിച്ചു പ്രവർത്തിച്ചു തുടങ്ങിയിട്ടില്ല. കുടുംബ സംവിധാനം, ആരോഗ്യപാർപ്പിട പ്രശ്നങ്ങൾ, ഭക്ഷണം വിദ്യാഭ്യാസം പുനരധിവാസം തുടങ്ങിയ കാര്യങ്ങൾ എന്നിവയിൽ അടിയന്തിരവും ഗൗരവപൂർണ്ണവുമായ സഹകരണവും പ്രവർത്തനവും ഉണ്ടാകുവാൻ അധികാരികളുടെ കണ്ണുതുറപ്പിക്കുവാനായി സംഘടിതശ്രമം ഉണ്ടായേ പറ്റൂ. സന്നദ്ധസംഘടനകളും മഹിളാസമാജങ്ങളും സാമൂഹ്യപ്രവർത്തകരും ഇക്കാര്യത്തിൽ കൂടുതൽ ശുഷ്ക്കാന്തിയോടെ പ്രവർത്തിക്കുവാൻ മുന്നോട്ടു വരണം. നിലവിലുള്ള മഹിളാസമാജങ്ങൾ കൂടുതൽ പ്രവർത്തനശേഷിയോടും വർദ്ധിത വീര്യത്തോടും കർമ്മപരിപാടികൾ ആവിഷ്ക്കരിച്ച് മുന്നേറാനുള്ള സന്മനസ്സു കാണിക്കണം. സാമൂഹ്യ-സാംസ്ക്കാരിക രംഗങ്ങളിൽ നമ്മുടെ ഗ്രാമത്തിലെ വനിതകളുടെ പങ്കാളിത്തം ആശാവഹമല്ല. അവർ അവസരത്തിനൊത്ത് ഉയർന്നു പ്രവർത്തിക്കാനുള്ള ആത്മധൈര്യം പ്രകടമാക്കണം. മഹിളാ സമാജങ്ങളോടനുബന്ധിച്ച് നഴ്സറി, കിന്റർ ഗാർട്ടൻ സ്കൂളുകളും, വയോജന കേന്ദ്രങ്ങളും, സാക്ഷരാസെന്ററുകളും, ബോധവത്കരണ ക്ലാസ്സുകളും, ഇൻഫർമേഷൻ സെന്ററുകളും, കൈത്തൊഴിൽ പരിശീലന കളരികളും മറ്റും സ്ഥാപിച്ച് സാമൂഹ്യ പ്രവർത്തനങ്ങളിൽ മുന്നേറണം. അലയമൺ ചാച്ചാ നെഹ്റു ശിശുമന്ദിരവും ചണ്ണപ്പേട്ട ലാൽ ബഹദൂർ മെമ്മോറിയൽ നഴ്സറി സ്കൂളും കരുകോൺ ദേശസേവിനി പുത്തയം ബാലകൈരളി നഴ്സറി സ്കൂൾ എന്നിവ മാതൃകാപരമായി പ്രവർത്തിക്കുന്നു എന്നുള്ളത് അഭിമാനാർഹമായ കാര്യം തന്നെയാണ്.

സാംസ്കാരികരംഗത്ത് മികവുറ്റ കഴിവുകൾ പ്രകടിപ്പിച്ച് അംഗീകാരം പിടിച്ചുപറ്റിയ അലയമൺ നിവാസികളായ ചില പ്രതിഭകളെ ഇത്തരുണത്തിൽ ഓർക്കുന്നു. പ്രശസ്ത ബഹുഭാഷാ പണ്ഡിതനും വാഗ്മിയും ഗ്രന്ഥകർത്താവുമായിരുന്ന ഡോ. കെ. സുകുമാരപിള്ള സഹൃദയനും സാമൂഹ്യ പ്രവർത്തകനും അദ്ധ്യാപകർക്കുള്ള സംസ്ഥാന അവാർഡിന് അർഹനുമായ ശ്രീ. പാലറ ബാലകൃഷ്ണപിള്ള, ദേശീയാവാർഡു നേടിയ അദ്ധ്യാപകൻ ശ്രീ. എം.ജി. ജോർജ്ജ്, ചലച്ചിത്ര സംവിധായൻ ശ്രീ. സാജൻ, ദേശീയ കായികതാരങ്ങളായ ശ്രീ. ഏബ്രഹാം മാത്യു, ശ്രീമതി. പി.റ്റി. മറിയാമ്മ, ഭാരത് സേവക് അവാർഡു നേടിയ എഞ്ചിനി

യർ ശ്രീ. സെയ്നുലാബ്ദീൻ, കേരളാ ലെജിസ്ലേറ്റീവ് അസംബ്ലി മെമ്പറായിരുന്ന സിറ്റിംഗ് ബ്ലോക്ക് പഞ്ചായത്തു പ്രസിഡണ്ട് ശ്രീ. വി. സുരേന്ദ്രൻ പിള്ള, വിദ്യാഭ്യാസ വകുപ്പിൽ ഡി.ഇ.ഒ.മാരായി റിട്ടയർ ചെയ്ത ശ്രീ. പി.കെ. തോമസ്, ശ്രീ. പി.ജെ. ജോർജ്ജ്, മൃഗസംരക്ഷണ വകുപ്പിൽ ജില്ലാ വെറ്ററിനറി സർജനായി ഉയർന്ന ഡോ. തങ്കച്ചൻ, അഞ്ചൽ സെന്റ് ജോൺസ് കോളജ് പ്രിൻസിപ്പാളായിരുന്ന പ്രൊഫ. ഗീവർഗ്ഗീസ് വൈദ്യൻ, ആതുര സേവന രംഗത്ത് കഠിനാദ്ധ്വാനത്തിലൂടെ ബൃഹജന പ്രീതി നേടിയ ഡോ. ദേവദാസ്, ഡോ. രാധാകൃഷ്ണൻ ഇത്യാദി പ്രഗത്ഭമതികളായ നിരവധി പേരെ ഈ നാടിന്റെ സാംസ്കാരിക നേതൃനിരയിൽ അവതരിപ്പിക്കുവാൻ നമുക്കു കഴിയും. സാഹിത്യം, ശാസ്ത്രം, സാങ്കേതിക വിദ്യ, മാനവിക വിഷയങ്ങൾ, സഹകരണം, സാമൂഹ്യസേവനം എന്നിങ്ങനെ വൈവിധ്യമാർന്ന മേഖലകളിൽ ഉയർന്നുവരുന്ന അംഗീകാരമുള്ള പുതിയൊരു രണ്ടാം നേതൃനിര ഈ നാടിന് ശോഭനമായൊരു ഭാവിയുണ്ടെന്നു വിളിച്ചറിയിച്ചുകൊണ്ട് കാലചക്രത്തിന്റെ തേരു തെളിക്കുവാൻ ആസൂത്രണ മഹായജ്ഞത്തിന്റെ രണഭേരി മുഴക്കുന്ന ശുഭമുഹൂർത്തമാണിപ്പോൾ.

ഭൂപ്രകൃതിയും വിഭവങ്ങളും

ആമുഖം

അലയമൺ ഗ്രാമപഞ്ചായത്ത് കൊല്ലം ജില്ലയിൽ തെക്കുകിഴക്കായി അഞ്ചൽ ബ്ലോക്കിൽ ഉത്തര അക്ഷാംശം [illegible] 50' 42'' - 8 ഡിഗ്രി 55' 42'' നും പൂർവ്വരേഖാംശം 76 ഡിഗ്രി 55' - 77 ഡിഗ്രിയ്ക്കും ഇടയിലായി സ്ഥിതിചെയ്യുന്നു. 3591 ഹെക്ടർ വിസ്തൃതിയുള്ള ഈ പഞ്ചായത്തിന്റെ വടക്കായി ഏരൂർ, അഞ്ചൽ പഞ്ചായത്തുകളും, കിഴക്കായി കുളത്തുപ്പുഴ പഞ്ചായത്തും, തെക്കായി ചിതറ പഞ്ചായത്തും, പടിഞ്ഞാറായി ഇട്ടിവ പഞ്ചായത്തും സ്ഥിതി ചെയ്യുന്നു (ചിത്രം 3.1). അലയമൺ പഞ്ചായത്തിനെ ഇട്ടിവ പഞ്ചായത്തിൽ നിന്ന് അതിരിട്ടുകൊണ്ട് ഇത്തിക്കര ആറ് വടക്കുപടിഞ്ഞാറ് - തെക്കുകിഴക്ക് ദിശയിലായി ഏകദേശം 10. കി.മീ. നീളത്തിൽ ഒഴുകിക്കൊണ്ടിരിക്കുന്നു. കിഴക്കുഭാഗത്ത് ഏരൂ നിക്ഷിപ്ത വനവും (മീങ്കുളം നിക്ഷിപ്തവനം) വടക്കുപടിഞ്ഞാറു ഭാഗത്തെ എണ്ണപ്പന തോട്ടങ്ങളും പഞ്ചായത്തിലെ ജനാധിവാസ പ്രദേശങ്ങൾക്ക് അതിരിടുന്നു (ചിത്രം. 3.2). ഭൂമിശാസ്ത്രപരമായി "മലനാട്ടിൽ" (High land) സ്ഥിതിചെയ്യുന്ന ഈ പഞ്ചായത്ത് ജില്ലയുടെ മറ്റു ഭാഗങ്ങളുമായി റോഡും മാർഗ്ഗം ബന്ധപ്പെട്ടു കിടക്കുന്നു. അഞ്ചൽ, മീങ്കുളം, ചണ്ണപ്പേട്ട, ആനക്കുളം റോഡ് ഇവിടത്തെ പ്രധാന ജനാധിവാസ പ്രദേശങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നു. ശരാശരി മുദ്രനിരപ്പിൽ നിന്നും 50 മീറ്റർ (ഇത്തിക്കര ആറ്) മുതൽ 354 മീറ്റർ (അമ്പലക്കുന്ന്, മീങ്കുളം നിക്ഷിപ്തവനം) വരെ ഉയരത്തിൽ സ്ഥിതിചെയ്യുന്ന ഈ പ്രദേശത്തിന്റെ 69% വിസ്തൃതിയിൽ ചെമ്മണ്ണും (Latesite) (2477 ഹെ.), 15% വിസ്തൃതിയിൽ നദിജന്യ എക്കലും (560 ഹെ.) (Riverine Alluvium) ബാക്കിയുള്ള പ്രദേശങ്ങളിൽ ജൈവാംശം കൂടിയ ചെമ്മണ്ണും (Forest loam) കാണപ്പെടുന്നു. വടക്കു പടിഞ്ഞാറ് - തെക്കു കിഴക്ക് ദിശയിലായി 10.5 കി.മീ. നീളത്തിലും, ശരാശരി 3.3 കി.മീ. വീതിയിലും സ്ഥിതി ചെയ്യുന്ന ഈ പഞ്ചായത്തിലെ ഭൂപ്രകൃതിയെ വിലയിരുത്തുമ്പോൾ വടക്കു പടിഞ്ഞാറു നിന്ന് (അലയൺ, ആലഞ്ചേരി) തെക്കുകിഴക്കോട്ട് (ചണ്ണപ്പേട്ട, മീങ്കുളം, ആനക്കുളം) പോകുന്തോറും ശരാശരി സമുദ്രനിരപ്പിൽ നിന്നുള്ള ഉയരവും, ഭൂവിഭാഗങ്ങളുടെ ചരിവും പടിപടിയായി വർദ്ധിക്കുന്നതായി കാണാം. കേരളത്തിലെ 13 കാർഷിക കാലാവസ്ഥ മേഖലകളിൽ (Agro climatic zones) മലനാട് (High land) എന്ന മേഖലയിൽ സ്ഥിതിചെയ്യുന്ന ഈ പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണത്തിൽ 55.44% പ്രദേശത്ത് (1990.84 ഹെ.) റബ്ബറും, 15.19% പ്രദേശത്ത് (545.48 ഹെ.) എണ്ണപ്പനയും, 5.33% പ്രദേശത്ത് (191.48 ഹെ.) നെല്ലും കൃഷി ചെയ്യുന്നു. ആകെ വിസ്തീർണ്ണത്തിന്റെ 16 ശതമാനത്തോളം (554.ഹെ.) സ്ഥലം മാത്രം നിക്ഷിപ്തവനങ്ങളായി അവശേഷിക്കുന്നു. കുന്നുകളും ചരിവുകളും, താഴ്വരകളും, അരുവികളും ഇടകലർന്ന ശാന്തസുന്ദരമായ ഈ ഭൂവിഭാഗത്തിലെ പ്രധാനപ്പെട്ട സ്ഥലങ്ങൾ ചണ്ണപ്പേട്ട, മീങ്കുളം, കരുകോൺ, അലയമൺ, കുറവന്തേരി, ആനക്കുളം എന്നിവയാണ്.

ഭൂപ്രകൃതി (Landform)

ഒരു പ്രദേശത്തിലെ വിഭിന്ന ഭൂവിഭാഗങ്ങളുടെ സവിശേഷതകളും അവയിലെ ചരിവും, ചരിവിന്റെ ദിശയും കാണിക്കുന്നതാണ് ഭൂപ്രകൃതി. വിവിധതരത്തിലുള്ള ഭൂവിനിയോഗ പ്രവർത്തനങ്ങൾ ഏതേതിടങ്ങളിൽ നടപ്പാക്കണം, മണ്ണൊലിപ്പിന് ഇരയായിട്ടുള്ളതും, സാധ്യതയുള്ളതുമായ പ്രദേശങ്ങൾ, ഭൂമിയുടെ ക്ഷമതാനിർണ്ണയം എന്നിവയ്ക്ക് ആ പ്രദേശത്തിന്റെ ഭൂപ്രകൃതിയെക്കുറിച്ച് വ്യക്തമായ ധാരണ ഉണ്ടായിരിക്കണം.

അലയമൺ പഞ്ചായത്തിനെ ഭൂപ്രകൃതിയനുസരിച്ച്

7 മേഖലകളായി തരംതിരിക്കാം. ഓരോ മേഖലയുടെയും വിസ്തീർണ്ണവും അവ ഉൾപ്പെടുന്ന പ്രദേശങ്ങളും വിവരണവും താഴെ കൊടുക്കുന്നു (ചിത്രം 3.3),പട്ടിക 1


മേൽപ്പറഞ്ഞ ഭൂപ്രകൃതി മേഖലകളിൽ ഒന്നാമത്തെ വിഭാഗമായ ഉയർന്ന സമതലം അഥവാ കുന്നിന്റെ മുകൾഭാഗത്തെ പരന്നപ്രദേശം താരതമ്യേന കുറഞ്ഞ വിസ്തീർണ്ണത്തിൽ കാണപ്പെടുന്നു 121.57 ഹെ.). ചണ്ണപ്പേട്ട ജംഗ്ഷൻ, മീങ്കുളം പടിഞ്ഞാറൻ പ്രദേശങ്ങൾ എന്നിവ ഈ ഭൂവിഭാഗത്തിൽപ്പെടുന്നു. താരതമ്യേന കുറഞ്ഞ ജലലഭ്യതയും ആഴംകുറഞ്ഞ മണ്ണും ഈ ഭൂവിഭാഗത്തിന്റെ പ്രത്യേകതകൾ ആണ്.

കരുകോൺ, മുളപ്പമൺ തുടങ്ങിയ സ്ഥലങ്ങൾ ഉൾപ്പെടുന്ന രണ്ടാമത്തെ ഭൂപ്രകൃതി മേഖല ശരാശരി 5 [illegible] ചരിവ് രേഖപ്പെടുത്തുന്നു. സാമാന്യം നല്ല ജല ലഭ്യതയും ആഴംകൂടിയ മണ്ണും ഈ ഭൂവിഭാഗത്തിന്റെ പ്രത്യേകതകൾ ആണ്. പഞ്ചായത്തിന്റെ വടക്കുപടിഞ്ഞാറൻ പ്രദേശങ്ങൾ ആയ അലയമൺ, കണ്ണൻകോട്, ആലഞ്ചേരി, പാണയം, കടവറം മുതലായവയും എണ്ണപ്പന കൃഷിചെയ്യുന്ന തെക്കുകിഴക്കൻ പ്രദേശങ്ങളും താരതമ്യേന 5 ഡിഗ്രി മുതൽ 10 ഡിഗ്രി വരെ ചരിവുള്ളവയാണ്. ഈ ഭൂപ്രകൃതി മേഖലയും കാര്യമായ പരിസ്ഥിതി പ്രശ്നങ്ങൾ ഉയർത്തുന്നില്ല. മീങ്കുളം, ചണ്ണപ്പേട്ട, മുളപ്പമൺ, കുറവന്തേരി, മണക്കോട് എന്നീ പ്രദേശങ്ങൾ 10 ഡിഗ്രി മുതൽ 18 ഡിഗ്രി വരെ ചരിവുള്ള ഭൂപ്രകൃതി മേഖലയിലും ആനക്കുളം, ആനക്കുളം-കൊല്ലം ചിറ തോടിന്റെ തെക്കൻ ഭാഗങ്ങൾ എന്നീ പ്രദേശങ്ങൾ 18 ഡിഗ്രി മുതൽ 27 ഡിഗ്രി വരെ ചരിവുള്ള ഭൂപ്രകൃതി മേഖലയിലും ഉൾപ്പെടുന്നു. ഈ ഭൂവിഭാഗങ്ങൾ എല്ലാം തന്നെ മണ്ണൊലിപ്പുള്ളതോ, മണ്ണൊലിപ്പിന് സാധ്യതയുള്ളതോ ആണ്. താരതമ്യേന ആഴം കുറഞ്ഞ മണ്ണും, ഉപരിതലത്തിൽ പാറയുടെ സാന്നിദ്ധ്യവും കുറഞ്ഞ ജലലഭ്യതയും കാണിക്കുന്ന ഈ ഭൂവിഭാഗം പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണത്തിന്റെ 48.88%

പട്ടിക 1

ക്രമ നമ്പർ	ഭൂപ്രകൃതി മേഖല	ഭൂപടത്തിലെ ചിഹ്നം	വിസ്: ഹെക്ടറിൽ	ശതമാനം	ഉൾപ്പെടുന്ന പ്രധാന സ്ഥലങ്ങൾ
1	കുന്നിന്റെ മുകൾ ഭാഗത്തെ പരന്ന പ്രദേശം അഥവാ ഉയർന്ന സമതലം-ചരിവ് 5° യിൽ താഴെ	T	121.57	3.38	ചണ്ണപ്പേട്ട ജംഗ്ഷൻ മീങ്കുളം (പടിഞ്ഞാറ്)
2	കുന്നിന്റെ ചരിവ്- 5° യിൽ താഴെ മാത്രം ചരിവുള്ള പ്രദേശങ്ങൾ	S1	114.00	3.17	കരുകോൺ മുളപ്പമൺ (പടിഞ്ഞാറ്)
3	കുന്നിന്റെ ചരിവ്- 5° മുതൽ 10° വരെ ചരിവുള്ള പ്രദേശങ്ങൾ	S2	523.60	14.58	അഞ്ചൽ, അലയമൺ പാണയം, കണ്ണൻകോട് കടവറം
4	കുന്നിന്റെ ചരിവ്- 10° മുതൽ 18° വരെ ചരിവുള്ള പ്രദേശങ്ങൾ	S3	1478.55	41.17	മീങ്കുളം, ചണ്ണപ്പേട്ട ആനക്കുളം
5	കുന്നിന്റെ ചരിവ്- 18° മുതൽ 27° വരെ ചരിവുള്ള പ്രദേശങ്ങൾ	S4	261.10	7.30	മണക്കോട് ആനക്കുളം (തെക്ക്)
6	കുന്നിന്റെ ചരിവ്- 27° കൂടുതൽ ചരിവുള്ള പ്രദേശങ്ങൾ	S5	532.10	14.81	മീങ്കുളം നിക്ഷിപ്ത വനം
7	തോടുകളോടും, പുഴകളോടും അനുബന്ധിച്ച് കാണുന്ന നിരന്ന പ്രദേശം അഥവാ താഴ്വര	V	560. 05	15.59	അലയമൺ, കടവറത്ത് എറയിൽ, ആനക്കുളം എന്നീ വയൽപ്രദേശങ്ങൾ

DIA 3.3



SOURCE _ PRM.CESS

1139.65 ഹെ. വരുന്ന [illegible] കുടുതൽ ചരിവുള്ള ഭൂവിഭാഗങ്ങൾ ഉൾപ്പെടുന്നു. ഇവിടെ പ്രധാനമായും വനമേഖലയായി തിരിച്ചിട്ടുള്ള നിക്ഷിപ്തവനവും ഉൾപ്പെടുന്നു.

പുഴയോരം, തോടുകളോടൊ അനുബന്ധിച്ചു കാണപ്പെടുന്ന നിരന്ന പ്രദേശങ്ങൾ ആണ് താഴ്വര. ഈ ഭൂവിഭാഗത്തിലാണ് നെൽ വയലുകൾ സ്ഥിതി ചെയ്യുന്നത്. അലയമൺ പഞ്ചായത്തിൽ അലയമൺ തോട്, കടവറത്തു തോട്, ഇറയിൽ തോട്, ആനക്കുളം-കൊല്ലം ചിറ തോട് എന്നിവയോടനുബന്ധിച്ച് കാണുന്ന ഈ ഭൂവിഭാഗം 560.05 ഹെ. വരുന്നു. 15.59 ച.കി. മീ. ഫലപുഷ്ടിയുള്ള മണ്ണും, താരതമ്യേന ഫ്ലാറ്റ് ടോപ്പോഗ്രഫിയും ഈ ഭൂവിഭാഗത്തിന്റെ സവിശേഷതകളാണ്.

കാലാവസ്ഥ

കാലാവസ്ഥാപരമായി കേരള സംസ്ഥാനം മൊത്തം ഉഷ്ണമേഖലാ തോഷ്ണ മേഖലയിൽ ഉൾപ്പെടുന്നു. എന്നാൽ അലയമൺ പഞ്ചായത്തിലെ കാലാവസ്ഥ വിശകലനം ചെയ്യുമ്പോൾ കേരളത്തിലെ മറ്റു പ്രദേശങ്ങളിൽ നിന്നും വ്യത്യസ്തമായതായി ചിത്രം നമുക്കു കാണാൻ കഴിയുന്നു. പശ്ചിമഘട്ട മലനിരകളിലെ ചെങ്കോട്ട പ്രദേശത്തെ ചെറിയ വിടവ് ഈ പ്രദേശങ്ങളിലെ പ്രത്യേകിച്ച് (അഞ്ചൽ ബ്ലോക്കിലെ) കാലാവസ്ഥയിൽ സാമാന്യം മോശമല്ലാത്ത സ്വാധീനം ചെലുത്തുന്നതായാണ് പഠനങ്ങൾ തെളിയിക്കുന്നത്. അതതു പ്രദേശങ്ങളിൽ നടത്തിവരുന്ന കൃഷിയേയും, അവിടെ നിലനിൽക്കുന്ന കാലാവസ്ഥ ചക്രത്തേയും ആസ്പദമാക്കി കേന്ദ്ര കൃഷിവകുപ്പ് സംസ്ഥാനത്തെ 13 കാർഷിക കാലാവസ്ഥ മേഖലകളായി തിരിച്ചിട്ടുള്ളതിൽ (Agro climatic zone) `മലനാട്ടിലാണ്' (High land) ഈ പഞ്ചായത്തിന്റെ സ്ഥാനം. ഇവിടെ നിലനിൽക്കുന്ന കാലാവസ്ഥ ചക്രം താഴെ കൊടുത്തിരിക്കുന്നു (ചിത്രം 3.4)

1. വർഷപാതം (Rain fall)

കേരളം പൊതുവിലുള്ള ഒരു സംസ്ഥാനത്തിലെ കാർഷികമായും, വ്യാവസായികമായും മറ്റുമുള്ള അഭിവൃദ്ധി മഴയെ ആശ്രയിച്ചിരിക്കുന്നു. അതുകൊണ്ടു തന്നെ മഴയുടെ ലഭ്യത സമയ വ്യവസ്ഥയെ സ്വാധീനിക്കുന്നു. അലയമൺ പഞ്ചായത്തുൾപ്പെടുന്ന പ്രദേശങ്ങളിലെ മഴയെ സംബന്ധിച്ച് അഞ്ചൽ ജില്ലാ കൃഷി ഫാമിൽ നിന്നും പുനലൂർ കാലാവസ്ഥാ നിരീക്ഷണകേന്ദ്രത്തിൽ നിന്നും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്തപ്പോൾ [illegible]

ജില്ലയുടെ മറ്റു പ്രദേശങ്ങളിൽ നിന്നും വ്യത്യസ്തമായൊരു ചിത്രം ദർശിക്കാൻ കഴിയും. ഓരോ വർഷങ്ങളിലും ഡിസംബർ മുതൽ നവംബർ അവസാനം വരെ മഴ ലഭിക്കുന്നുണ്ടെങ്കിലും വർഷത്തിൽ ആകെ ലഭിച്ച മഴയുടെ കണക്കെടുത്ത് ഓരോ മാസത്തിലേയും ശരാശരി കാണുമ്പോൾ ഈ പഞ്ചായത്തിൽ ലഭിക്കുന്ന മഴ, സംസ്ഥാന ശരാശരിയേക്കാളും, കൊല്ലം ജില്ലയിലെ ശരാശരിയേക്കാളും താഴെയാണെന്നു കാണാം (ചിത്രം 3.5 പട്ടിക 2). കേരള സംസ്ഥാനത്ത് വർഷത്തിൽ ശരാശരി 3063 മി.മി. മഴയും, കൊല്ലം ജില്ലയിൽ ശരാശരി 2554 മി.മി. മഴയും ലഭിക്കുമ്പോൾ അലയമൺ പഞ്ചായത്തുൾപ്പെടുന്ന പ്രദേശത്ത് ലഭിക്കുന്ന മഴ 2500 മി.മി. മാത്രമാണ് എന്നു കാണാം. മഴയുടെ ലഭ്യത ഇവിടത്തെ കാർഷിക മേഖലയിലെ പുതിയ മാറ്റങ്ങൾക്ക് വഴിതെളിച്ചതായി മനസ്സിലാക്കാം.

പട്ടിക 3


അലയമൺ പഞ്ചായത്തുൾപ്പെടുന്ന പ്രദേശങ്ങളിൽ 1990 ജനുവരി 1 മുതൽ 1996 ഒക്ടോബർ മാസം 13-ാം തീയതി വരെ ലഭിച്ച മഴയുടെ വിവരങ്ങൾ (മില്ലിമീറ്ററിൽ)

മാസത്തിൽ ലഭിച്ച ശരാശരി വർഷപാതം മില്ലി മീറ്ററിൽ പട്ടിക 2

ക്രമ നമ്പർ	ലഭിച്ച ശരാശരി മഴ മി.മീ.	1990	1991	1992	1993	1994	1995	1996
1	സംസ്ഥാന തലം	231.66	258.83	279.41	235.00	NA	NA	NA
2	ജില്ലാ തലം	213.25	228.75	202.5	241.60	NA	NA	NA
3	അലയമൺ പഞ്ചായത്ത്	189.09	205.00	268.78	188.95	212.82	196.65	183.26

അലയമൺ പഞ്ചായത്തിൽപ്പെടുന്ന പ്രദേശങ്ങളിൽ 1990 ജനുഃ 1 മുതൽ 1996 ഒക്ടോഃ മാസം 13-ാം തീയതി വരെ ലഭിച്ച മഴയുടെ വിവരങ്ങൾ പട്ടിക 3


വർഷങ്ങൾ / മാസങ്ങൾ	1990	1991	1992	1993	1994	1995	1996
ജനുവരി	40.20	7.60	2.20	0.00	0.00	20.00	16.60
ഫെബ്രുവരി	0.00	0.00	0.00	84.60	128.80	0.00	38.20
മാർച്ച്	48.70	116.80	0.00	19.30	11.20	136.40	159.60
ഏപ്രിൽ	19.70	115.80	45.80	185.60	160.00	216.40	66.00
മെയ്	476.62	94.00	379.60	267.60	181.00	292.20	377.20
ജൂൺ	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]
ജൂലായ്	410.40	386.40	465.20	384.40	352.00	435.40	223.40
ആഗസ്റ്റ്	124.80	148.60	242.40	89.60	440.60	253.40	215.00
സെപ്തംബർ	65.40	66.00	319.00	61.40	189.20	260.00	364.40
ഒക്ടോബർ	422.30	237.60	688.00	415.30	436.40	211.60	73.50
നവംബർ	280.40	394.40	468.60	250.30	143.80	250.20	NA
ഡിസംബർ	2.20	0.00	0.00	28.00	10.00	0.00	NA
ആകെ ലഭിച്ച മഴ	2257.00	2459.90	3225.40	2267.00	2254.00	2360.00	1833.10
മാസത്തിൽ ശരാശരി ലഭിച്ച വർഷപാതം	188.00	205.00	268.78	188.95	212.82	196.65	192.95



SOURCE- PRM, CESS

DIA 3.5

COMPARATIVE STUDY OF AVERAGE RAINFALL RECEIVED IN KERALA STATE, KOLLAM Dt. AND — ALAYAMON PANCHAYAT (Year 1994)




(Source - DAF Anchal), PROCESSED BY PRM CESS.

DIA - 3 - G -

ALAYAMON PANCHAYAT

Comparative study of rainfall received in the area - in the years 1990 & 1995



PROCESSED BY PRM, CESS. (source DAF Anchal.)

താപനില (Temperature)

താപനിലയുടെ വ്യതിയാനത്തിലും ഈ പ്രദേശത്തിന്റെ വ്യത്യസ്തമായൊരു മുഖമാണ് നമുക്ക് കാണാൻ കഴിയുക. സംസ്ഥാനത്തിലെ മറ്റു ഭാഗങ്ങളെ അപേക്ഷിച്ച് (പാലക്കാട് ഒഴികെ) താപനില അൽപം കൂടുതലായാണ് കണ്ടുവരുന്നത്. ഏപ്രിൽ മാസത്തിലാണ് ഏറ്റവും കൂടുതൽ ചൂട് അനുഭവപ്പെടുന്നത്. ചില വർഷങ്ങളിൽ താപനില 37.5 ഡിഗ്രി സെൽഷ്യസ് വരെ ഉയർന്നിട്ടുണ്ട്. മെയ് മാസം മുതൽ താപനിലയിൽ പടിപടിയായ കുറവ് അനുഭവപ്പെടുന്നു. ആ കുറവ് ഡിസംബർ, ജനുവരി മാസങ്ങൾ വരെ തുടരുന്നു. ചില വർഷങ്ങളിൽ ജനുവരി മാസത്തിൽ താപനില 19.6 ഡിഗ്രി സെൽഷ്യസ് വരെയായി കുറയാറുണ്ട്. അതുകഴിഞ്ഞാൽ വീണ്ടും ക്രമേണ താപനില വർദ്ധിക്കുകയും ഈ കാലാവസ്ഥാ ചക്രം ആവർത്തിക്കുകയും ചെയ്യുന്നു. (പട്ടിക 4 ചിത്രം 3.7)

പട്ടിക 4

അലയമൺ പഞ്ചായത്തുൾപ്പെടുന്ന പ്രദേശങ്ങളിൽ 1994 ൽ രേഖപ്പെടുത്തിയ പ്രതിമാസ ശരാശരി താപനില (താപനില ഡിഗ്രി സെൽഷ്യസിൽ)

താപനില	ശരാശരി താപനില	
മാസങ്ങൾ	കൂടിയതാപനില	കുറഞ്ഞതാപനില
ജനുവരി	34.0	19.6
ഫെബ്രുവരി	35.9	20.4
മാർച്ച്	37.1	22.0
ഏപ്രിൽ	35.4	23.7
മെയ്	33.6	23.7
ജൂൺ	30.7	23.4
ജൂലായ്	30.3	22.3
ആഗസ്റ്റ്	30.6	23.1
സെപ്റ്റംബർ	32.7	22.9
ഒക്ടോബർ	31.9	22.8
നവംബർ	32.4	22.5
ഡിസംബർ	34.2	21.6

ഈർപ്പം (Aumidity)

അന്തരീക്ഷത്തിലെ ഈർപ്പത്തിന്റെ അളവും കാലാവസ്ഥാ നിർണ്ണയത്തിലെ മറ്റൊരു പ്രധാന ഘടകം ആണ്. അന്തരീക്ഷ ഊഷ്മാവും, ഈർപ്പത്തിന്റെ അളവും, കാറ്റും, വർഷപാതവും മറ്റും പരസ്പരം ബന്ധപ്പെട്ടു കിടക്കുന്നു. അലയമൺ പഞ്ചായത്തുൾപ്പെടുന്ന പ്രദേശത്തിലെ അന്തരീക്ഷത്തിലെ ഈർപ്പത്തിന്റെ അളവിനെക്കുറിച്ച് ലഭ്യമായ വിവരങ്ങൾ വിശകലനം ചെയ്യുമ്പോൾ, ജൂലൈ, ആഗസ്റ്റ്, ഒക്ടോബർ മാസങ്ങളിലാണ് ഏറ്റവും കൂടുതൽ ഈർപ്പം അന്തരീക്ഷത്തിൽ നിലനിൽക്കുന്നത് എന്നു കാണാൻ കഴിയും. (പട്ടിക 5) ചിലവർഷങ്ങളിൽ അത് 95% വരെ കൂടാറുണ്ട്. ഡിസംബർ, ജനുവരി മാസങ്ങളിലാണ് അന്തരീക്ഷത്തിലെ ഈർപ്പത്തിന്റെ അളവ് കുറഞ്ഞതായി രേഖപ്പെടുത്തിയിരിക്കുന്നത്. ചില വർഷങ്ങളിൽ ഈ മാസങ്ങളിൽ ഈർപ്പത്തിന്റെ അളവ് 41 % വരെ കുറയാറുണ്ട്.

പട്ടിക 5

1994 ൽ അലയമൺ പഞ്ചായത്തുൾപ്പെടുന്ന പ്രദേശങ്ങളിൽ രേഖപ്പെടുത്തിയ ശരാശരി പ്രതിമാസ ആപേക്ഷിക ഈർപ്പത്തിന്റെ അളവ് (ഈർപ്പത്തിന്റെ അളവ് ശതമാനത്തിൽ)


സമയം	അപേക്ഷിക ഈർപ്പം (ശതമാനത്തിൽ)	
മാസങ്ങൾ	0830 1st	1730 1st
ജനുവരി	90	60
ഫെബ്രുവരി	92	61
മാർച്ച്	92	57
ഏപ്രിൽ	91	69
മെയ്	88	70
ജൂൺ	94	79
ജൂലായ്	94	82
ആഗസ്റ്റ്	95	78
സെപ്റ്റംബർ	93	69
ഒക്ടോബർ	93	82
നവംബർ	91	71
ഡിസംബർ	88	59

അവലംബം:- കാലാവസ്ഥ നിരീക്ഷണ കേന്ദ്രം, പുനലൂർ

DIA 3.7

ALAYAMON PANCHAYAT

DIAGRAM REPRESENTS FLUCTUATION OF TEMPERATURE (1994)




PROCESSED BY PRM, CESS.

(source- Observatory station, Punalur)

DIA 3·8·

ALAYAMON PANCHAYAT

BAR DIAGRAM SHOWS FLUCTUATION OF HUMIDITY(1994)



PROCESSED BY PRM CESS. (Source - Observatory station, Punalur)

കാറ്റ് (Wind)

കാലാവസ്ഥയെ സ്വാധീനിക്കുന്ന മറ്റൊരു ഘടകമാണ് കാറ്റ്. അലയമൺ പഞ്ചായത്തിൽ വർഷം മുഴുവൻ വീശുന്ന കാറ്റിന്റെ പൊതുവായ ദിശ വടക്കുപടിഞ്ഞാറാണ്. ഡിസംബർ, ജനുവരി മാസങ്ങളിൽ വടക്കു പടിഞ്ഞാറൻ ദിശയിലായി കിഴക്കു നിന്ന് കാറ്റു വീശുന്നു. ചില വർഷങ്ങളിൽ ഇത് താരതമ്യേന ശക്തിയേറിയതാവാറുണ്ട്. ജൂൺ, ജൂലൈ, മാസങ്ങളിലെ വടക്കുപടിഞ്ഞാറൻ ദിശയിലുള്ള കാറ്റ് കാലവർഷത്തോടൊപ്പം ചില്ലറ നാശനഷ്ടങ്ങൾ ഉണ്ടാക്കാറുണ്ട്. ഇത് ഏകദേശം സെപ്റ്റംബർ അവസാനം വരെ തുടരുന്നതായാണ് കണ്ടുവരുന്നത്. ഒക്ടോബർ മാസം മുതൽ തെക്കുവടക്കു ദിശയിലായി കാറ്റുവീശുന്നു.


നിമ്നോന്നതാവസ്ഥ (Relief)

പഞ്ചായത്തിലെ മേൽ പ്രദേശങ്ങളുടെയും ശരാശരി സമുദ്രനിരപ്പിൽ നിന്നുള്ള (Mean Sea level) ഉയരമാണ് നിമ്നോന്നതാവസ്ഥ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഈ ഭൂവിഭാഗത്തെ ഭൂമിശാസ്ത്രത്തിൽ വിലയിരുത്തുമ്പോൾ തെക്കുകിഴക്കൻ പ്രദേശങ്ങളായ ആനക്കുളം, ചണ്ണപ്പേട്ട, മീങ്കുളം മുതലായവ വടക്കുപടിഞ്ഞാറൻ പ്രദേശങ്ങളെക്കാൾ (അലയമൺ, കടവൂർ, ആലഞ്ചേരി, കരുകോൺ) കൂടുതൽ നിമ്നോന്നതാവസ്ഥ കാണിക്കുന്നു. മദ്ധ്യഭൂവിഭാഗങ്ങൾ രണ്ടിന്റെയും മിശ്രിത സ്വഭാവങ്ങൾ കാണിക്കുന്നു. ശരാശരി [illegible] എഴുർ നിക്ഷിപ്തവനത്തിനടുത്ത അമ്പല കുന്നാണ് ഈ പഞ്ചായ

(പട്ടിക 6)

ക്രമ നമ്പർ	നിമ്നോന്നത മേഖലകൾ	വിസ്തൃതി ഹെക്ടറിൽ	ശതമാനം	ഉൾപ്പെടുന്ന പ്രധാന സ്ഥലങ്ങൾ
1	ശരാശരി സമുദ്ര നിരപ്പിൽ നിന്ന് 60 മിറ്ററും അതിൽ താഴെയും ഉയരമുള്ള പ്രദേശങ്ങൾ	308.00	10.80	ഇത്തിക്കര ആർ,അലയമൺ, കടവം,കരുകോൺ തുടങ്ങിയ വയൽ പ്രദേശങ്ങൾ
2.	ശരാശരി സമുദ്ര നിരപ്പിൽ നിന്ന് 60 മീ.നും 80 മീ.നും ഇടയിലുള്ള പ്രദേശങ്ങൾ	1226.00	34.14	അലയമൺ, കരുകോൺ മുളപ്പമൺ(പടിഞ്ഞാറ്), ഇറയിൽ ഏല, ആനക്കുളം ഏല
3.	ശരാശരി സമുദ്രനിരപ്പിൽ നിന്ന് 80 മീ.നും 100 മീ.നും ഇടയിലുള്ള പ്രദേശം	388.73	10.82	മുതലാട്ട്, കടവൂർ,ആലഞ്ചേരി, ആലഞ്ചേരി,കുറവഞ്ചേരി
4.	ശരാശരി സമുദ്രനിരപ്പിൽ നിന്നും 100 മീ.നും 200 മീ നും ഇടയിലുള്ള പ്രദേശങ്ങൾ	1412.82	39.34	മീങ്കുളം, ചണ്ണപ്പേട്ട, ആനക്കുളം, മണലകത്ത് എണ്ണപ്പനതോട്ടങ്ങൾ
5.	ശരാശരി സമുദ്രനിരപ്പിൽ നിന്ന് 200 മീ.നും 300 മീനും ഇടയിയിലുള്ള പ്രദേശങ്ങൾ	166.60	4.64	എഴുർ നിക്ഷിപ്തവനം (മീങ്കുളം നിക്ഷിപ്ത വനം) കൂടുകത്തുപാറ
6.	ശരാശരി സമുദ്രനിരപ്പിൽ നിന്ന് 300 മീ. ന് കൂടുതൽ ഉയരമുള്ള പ്രദേശങ്ങൾ	8.30	0.26	അമ്പലകുന്ന് (എഴുർ നിക്ഷിപ്ത വനം)

DIA-3.9



SOURCE - PRM, CESS.

ത്തിലെ ഏറ്റവും ഉയരം കൂടിയ പ്രദേശം. ശരാശരി മുദ്രനിരപ്പിൽ നിന്ന് 161 മീറ്ററും, 180 മീറ്ററും വീതം ഉയരമുള്ള തെക്കൻ ആനക്കുളം കുന്നുകളാണ് ജനാധിവാസ പ്രദേശങ്ങളിൽ ഉയരം കൂടിയത്.

നിമ്നനോന്നതാവസ്ഥയനുസരിച്ച് അലയമൺ പഞ്ചായത്തിലെ പ്രദേശങ്ങളെ 6 ഭൂവിഭാഗങ്ങൾ ആയി തരംതിരിക്കാം. ഓരോ മേഖലയുടെ വിവരണവും, വിസ്തീർണ്ണവും ഉൾപ്പെടുന്ന സ്ഥലങ്ങളും താഴെ കൊടുക്കുന്നു. (ചിത്രം 3.9 പട്ടിക 6)

മേൽ വിവരിച്ച നിമ്നനോന്നത മേഖലകൾ (പട്ടിക) അനുസരിച്ച് ഇത്തിക്കര ആറ് ശരാശരി സമുദ്രനിരപ്പിൽ നിന്ന് 50 മീറ്ററിലും അലയമൺ പഞ്ചായത്തിലെ ഭൂരിഭാഗം നെൽവയലുകളും ശരാശരി സമുദ്രനിരപ്പിൽ നിന്ന് 50 മീ. നും 60 മീ. നും ഇടയിലും, ഇറയിൽ ഏല, ആനക്കുളം കൊല്ലംചിറ തുടങ്ങിയ ഏലകൾ 60 മീ. നും 80 മീ. നും ഇടയിലായും സ്ഥിതി ചെയ്യുന്നു. അലയമൺ, കരുകോൺ, മുളപ്പമൺ (പടിഞ്ഞാറ്) തുടങ്ങിയ കരപ്രദേശങ്ങൾ ശരാശരി സമുദ്രനിരപ്പിൽ നിന്ന് 60 മീ. നും 80 മീ. നും, കടവറം അഞ്ചൽ, ആലഞ്ചേരി, കുറവന്തേരി തുടങ്ങിയ പ്രദേശങ്ങൾ 80 മീ. നും 100 മീ. നും ഇടയിലായും സ്ഥിതി ചെയ്യുന്നു. കുടിയേറ്റ പ്രദേശങ്ങൾ ആയ ആനക്കുളം, മീങ്കുളം, ചണ്ണപ്പേട്ട, മണക്കോട് തുടങ്ങിയവയും എണ്ണപ്പന കൃഷിചെയ്യുന്ന വന പ്രദേശങ്ങളും ശരാശരി മുദ്രനിരപ്പിൽ നിന്ന് 100 മീ. നും 200 മീ. നും ഇടയിലായാണ് സ്ഥിതി ചെയ്യുന്നത്. ഏരൂർ നിക്ഷിപ്തവനപ്രദേശങ്ങൾക്കെല്ലാം തന്നെ (മീങ്കുളം നിക്ഷിപ്തവനം) ശരാശരി സമുദ്രനിരപ്പിൽ നിന്ന് 200 മീ. ന് മുകളിലായാണ് സ്ഥാനം. ഈ പഞ്ചായത്തിലെ ശരാശരി സമുദ്രനിരപ്പിൽ നിന്ന് 100 മീ. നു മുകളിലുള്ള ഭൂവിഭാഗങ്ങൾ എല്ലാം തന്നെ താരതമ്യേന കുറഞ്ഞ ജലലഭ്യതയും, പരിസ്ഥിതി പ്രശ്നങ്ങളായ മണ്ണൊലിപ്പ് തുടങ്ങിയവയും കാണിക്കുന്നു.

നീർമറി പ്രദേശങ്ങളും, നീർവാർച്ചാ തോടുകളും (Watershed areas & Drainage)

ഒരു പ്രദേശത്തിന്റെ വികസന പ്രവർത്തനം ആസൂത്രണം ചെയ്യുമ്പോൾ ആ പ്രദേശത്തെ അടിസ്ഥാന വിഭവങ്ങൾ ആയ മണ്ണ്, ജലം, സസ്യജാലം എന്നിവയ്ക്ക് അർഹമായ പ്രാധാന്യം നൽകേണ്ടതുണ്ട്. സൂക്ഷ്മതലത്തിൽ ആസൂത്രണ പ്രക്രിയ നടത്തുമ്പോൾ ഭൂവിഭാഗങ്ങളെ നീർമറി അടിസ്ഥാനത്തിൽ തരം തിരിക്കുന്നതാണ് ഉചിതം. ഏതെങ്കിലും ഒരു അരുവിയിലേയ്ക്ക്, അഥവാ തോട്ടിലേയ്ക്ക് അല്ലെങ്കിൽ നദിയിലേയ്ക്കോ പുഴയിലേയ്ക്കോ എത്രമാത്രം പ്രദേശത്തെ പെയ്തേൽക്കുന്ന വെള്ളം എത്തിച്ചേരുന്നുവോ അത്രയും പ്രദേശങ്ങൾ ആ ജലവാഹിനിയുടെ (ജലവാഹകത്തിന്റെ) നീർമറി അഥവാ ആവാഹകപ്രദേശം (Watershed) എന്നു പറയുന്നു.

അലയമൺ പഞ്ചായത്തിലെ നീർമറിയേയും, നീർവാർച്ചയേയും ഇത്തിക്കര ആറുമായി ബന്ധപ്പെടുത്തിയെ വിശകലനം ചെയ്യാൻ സാധിക്കുകയുള്ളൂ. പഞ്ചായത്തിന്റെ മൊത്തം വിസ്തീർണ്ണവും ഇത്തിക്കര ആറിന്റെ ഉപനീർമറി പ്രദേശങ്ങൾ ആണ്. ഇത്തിക്കര ആറിലേയ്ക്ക് ഒഴുകിയെത്തുന്ന പ്രധാന ജലവാഹിനികളെ അടിസ്ഥാനമാക്കി പഞ്ചായത്തിനെ 6 നീർമറി പ്രദേശങ്ങളായി തരം തിരിക്കാം. (പട്ടിക 7). ഓരോ നീർമറിയും വിവരണവും, വിസ്തീർണ്ണവും, ആവാഹകപ്രദേശങ്ങളും അതിൽ വിവരിച്ചിട്ടുണ്ട്.

അലയമൺ പഞ്ചായത്തിലെ നീർമറി പ്രദേശങ്ങളുടെ വിവരണവും, വിസ്തീർണ്ണവും അനുസരിച്ച് (പട്ടിക 7) ഇറയിൽ തോടിന്റെ നീർമറി പ്രദേശങ്ങൾ ആകെ വിസ്തീർണ്ണത്തിന്റെ 40% (1435 ഹെ.) ഉം, കല്ലാറിന്റെയും അനുബന്ധിത തോടുകളുടെയും നീർമറി പ്രദേശങ്ങൾ 27.47% (986.49 ഹെ.) ഉം ഉൾപ്പെടുന്നു. ആനക്കുളം കൊല്ലംചിറ തോടിന്റെ നീർമറി പ്രദേശങ്ങൾ 468.35 ഹെക്ടർ (6.17%) വിസ്തീർണ്ണമുള്ളപ്പോൾ, കടവറത്തുതോട്, അലയമൺ തോട്, തെക്കൻ മീങ്കുളം തോട് എന്നിവയുടെ നീർമറി പ്രദേശങ്ങൾക്ക് താരതമ്യേന വിസ്തീർണ്ണം കുറവാണ്.

നീർവാർച്ചാ തോടുകൾ (Drainage)

പഞ്ചായത്തിന്റെ വടക്കുപടിഞ്ഞാറ്-തെക്കു കിഴക്ക് അതിർത്തിയിൽ 18.92 കി.മീ. റോളം നീളത്തിൽ ഒഴുകുന്ന ഇത്തിക്കര ആറ് കല്ലാർ ആണ് ഇവിടത്തെ പ്രധാന ജലവാഹിനി. ഏരൂർ നിക്ഷിപ്തവനത്തിലെ ചീനിക്കാല, മടത്തറ എന്നിവിടങ്ങളിൽ നിന്നുത്ഭവിക്കുന്ന കല്ലാർ ആണ് ഇറയിൽ തോടും, കടവറത്തു തോടുമായി യോജിച്ച് ഇത്തിക്കര

പട്ടിക 7

ക്രമ നമ്പർ	നീർമറിയുടെ പേര്	വിസ്: ഹെക്ടറിൽ	ശത മാനം	നീർവാർച്ചാ തോടിന്റെ നീളം കി. മീ.	ജലവാഹിനിയുടെ ആവാഹക പ്രദേശങ്ങൾ
1.	അലയമൺ തോട്	288.67	8.64	3.73	അലയമൺ, ആലഞ്ചേരി, പാണയം മുതലാറ്റ, കടവറം(പടിഞ്ഞാറ്)
2	കടവറത്തു തോട്	300.00	8.35	4.22	കടവറം(കിഴക്ക്), കരുകോൺ (വടക്ക്), കുറവഞ്ചേരി (വടക്ക്)
3	ഇറയിൽ തോട്	1435.00	40.00	7.00	കരുകകോൺ(തെക്ക്), മീങ്കുളം (വടക്ക്), ചണ്ണപ്പേട്ട(വടക്ക്), കുറവന്തേരി(തെക്ക്), ആനക്കുളം(വടക്ക്) ഏരൂർ നിക്ഷിപ്ത വനങ്ങൾ
4	തെക്കൻ മീങ്കുളം തോട്	112.50	3.13	1.55	മീങ്കുളം (തെക്ക്) ചണ്ണപ്പേട്ട (പടിഞ്ഞാറ്)
5	ആനക്കുളം-കൊല്ലംചിറ തോട്	468.35	13.02	6.17	ചണ്ണപ്പേട്ട(തെക്ക്) ആനക്കുളം (തെക്ക്), കൊല്ലംചിറ തോടിനു തെക്കുവശം
6.	ഇത്തിക്കര ആർ-കല്ലാർ അനുബന്ധിത തോടുകൾ	986.49	27.47	18.92	ഏരൂർ നിക്ഷിപ്ത വനപ്രദേശവും എണ്ണപ്പന കൃഷിചെയ്യുന്ന സ്ഥലങ്ങളും

ആറാകുന്നത്. 7.25 കി.മീ. നീളമുള്ള കല്ലാർ ഏരൂർ നിക്ഷിപ്തവന മേഖലയിലെ അമ്പലക്കുന്ന് (തെക്ക്), കൂടുക്കത്ത്പാറ (തെക്ക്), ആനക്കുളം (തെക്ക്), കൊല്ലംചിറ (തെക്ക്), എണ്ണപ്പന തോട്ടങ്ങളുടെ പ്രദേശങ്ങൾ എന്നിവിടങ്ങളിൽ പെയ്തേൽക്കുന്ന വെള്ളം ഇത്തിക്കര ആറ്റിലെത്തിച്ച് അത്രയും പ്രദേശത്തെ നീർവാർച്ചാ തോടായി വർത്തിക്കുന്നു. ആനക്കുളം തെക്കു ഭാഗത്തു നിന്നുത്ഭവിക്കുന്ന ആനക്കുളം-കൊല്ലംചിറ തോട്, ആനക്കുളം, ചണ്ണപ്പേട്ട (തെക്ക്), മണക്കോട് തുടങ്ങിയ പ്രദേശങ്ങളിലെ നീർവാർച്ചാ തോടായി വർത്തിച്ച് മണക്കോടു വച്ച് ഇത്തിക്കര ആറുമായി യോജിക്കുന്നു (7.17 കി.മീ. നീളം). ഇത്തിക്കര ആറിന്റെ പ്രധാന കൈവഴിയായ ഇറയിൽ തോട് ആനക്കുളം വടക്കുപ്രദേശത്തു നിന്നുത്ഭവിച്ച് വടക്കോട്ടൊഴുകി 7 കി.മീ. നീളത്തിൽ വടക്കുപടിഞ്ഞാറ്- തെക്കുകിഴക്ക് ദിശയിൽ സഞ്ചരിച്ച്, ചണ്ണപ്പേട്ട (വടക്ക്), മീങ്കുളം (വടക്ക്), കുറവന്തേരി, മുളപ്പമൺ തുടങ്ങിയ പ്രദേശങ്ങളെ ബന്ധപ്പെടുത്തി, കരുകോൺ, മുളപ്പമൺ എന്നീ സ്ഥലങ്ങളുടെ പടിഞ്ഞാറു ഭാഗത്തു വച്ച് ഇത്തിക്കര ആറുമായി യോജിക്കുന്നു. മറ്റൊരു പ്രധാന കൈവഴിയായ കടവറത്തു തോട് ഏരൂർ നിക്ഷിപ്ത വന മേഖലയിലെ `കല്ലായനി' കുന്നിൽ നിന്നുത്ഭവിച്ച് കടവറത്തു വച്ചാണ് ഇത്തിക്കര ആറിൽ ചേരുന്നതെങ്കിലും പഞ്ചായത്തതിർത്തിക്കുള്ളിൽ 4.22 കി.മീ. നീളത്തിൽ മാത്രമേ ഒഴുകുന്നുള്ളൂ. ഇത് കരുകോൺ (വടക്ക്), കടവറം, കുറവന്തേരി (വടക്ക്) തുടങ്ങിയ പ്രദേശങ്ങളിലെ നീർവാർച്ചാ തോടായി വർത്തിക്കുന്നു. അഞ്ചൽ, ആലഞ്ചേരി, അലയമൺ, പാണയം, മുതലാറ്റ്, കടവറം (പടിഞ്ഞാറ്) തുടങ്ങിയ പ്രദേശങ്ങളിലെ നീർവാർച്ചാ തോടായ അലയമൺ തോട് പാണയം (പടിഞ്ഞാറ്) വച്ച് ഇത്തിക്കര ആറിൽ ചേരുന്നു (നീളം 3.73 കി.മീ.). കൂടാതെ 1.55 കി.മീ. നീളമുള്ള തെക്കൻ മീങ്കുളം തോടും, മറ്റു ചെറു തോടുകളും ഇത്തിക്കര ആറുമായി യോജിച്ച് ഈ പ്രദേശത്തിന്റെ നീർവാർച്ചയിൽ അവയുടേതായ പങ്കുവഹിക്കുന്നു (ചിത്രം 3.9, പട്ടിക 7).

മണ്ണ്/ഉപരിതല വസ്തുക്കൾ (Soil & Surface material)

സംസ്ഥാന സോയിൽ സർവ്വേ ഓർഗനൈസേഷൻ കൊല്ലം ജില്ലയിലെ പ്രത്യേകിച്ചും കിഴക്കൻ മേഖലയിലെ മണ്ണിനെ, ദക്ഷിണ സഹ്യാദ്രി മേഖലയിലെ മണ്ണ് വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. കുന്നുകളും, ചരിവുകളും, താഴ്വരകളും, അരുവികളും ഉൾപ്പെടുന്ന ഈ ഭൂവിഭാഗത്തിലെ മണ്ണിന്റെ രൂപീകരണത്തിൽ കാലാവസ്ഥയും, ഭൂപ്രകൃതിയും, സസ്യാവരണവും കാര്യമായി സ്വാധീനിക്കുന്നു.

അലയമൺ പഞ്ചായത്തിലെ മണ്ണിനെ പൊതുവായി മൂന്നായി തരംതിരിക്കാം.

1. ചെമ്മണ്ണ് (Lateritic Soil)
2. നദി ജന്യ എക്കൽ (Riverine Alluvium)
3. ഫോറസ്റ്റ് ലോം (Forest Loam).

കൂടാതെ ചില സ്ഥലങ്ങളിൽ പാറ ഉപരിതലത്തിൽ കാണപ്പെടുന്നു. ഓരോ വിഭാഗം ഉപരിതല വസ്തുക്കളും, അവയുടെ വിവരണവും വിസ്തീർണ്ണവും പട്ടിക 8 ൽ കൊടുത്തിരിക്കുന്നു (ചിത്രം 3.10).

1. ചെമ്മണ്ണ് (Lateritic Soil)

പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണത്തിൽ 68.98% പ്രദേശത്തും (2477.00 ഹെ.) മഞ്ഞകലർന്ന ചുവപ്പു നിറത്തോടുകൂടിയതോ, മഞ്ഞകലർന്ന തവിട്ടുനിറത്തോടുകൂടിയതോ ആയ ഇത്തരം മണ്ണാണ് കാണപ്പെടുന്നത്. താഴ്വരകളെ മാറ്റിനിർത്തിയാൽ കുന്നിൻ ചരുവുകളിലും, കുന്നിൻ മുകളിലും ഇത്തരം മണ്ണ് കാണപ്പെടുന്നു. മഴയും വേനലും ഇടവിട്ട് അനുഭവപ്പെടുന്ന മൺസൂൺ കാലാവസ്ഥയുള്ള പ്രദേശങ്ങളിൽ മാത്രമാണ് ചെങ്കല്ല് (laterite) കണ്ടുവരുന്നത്. ഈ കാലാവസ്ഥയിൽ മാതൃശില രാസ, ഭൗതിക അപക്ഷയങ്ങൾക്കു വിധേയമായി പൊടിയുകയും, ഇങ്ങനെ മാറ്റം നടക്കുമ്പോൾ മാതൃശിലയിലെ ലോഹാംശങ്ങൾ (ഇരുമ്പ്, അലുമിനിയം ഒഴികെ) ജലാവഴി നഷ്ടപ്പെടുകയും ചെയ്യുന്നു. മാതൃശില സാവധാനം മാറി ലാറ്ററൈറ്റ് അഥവാ ചെങ്കല്ല് ആയി മാറുന്നു. ലാറ്ററൈറ്റേഷൻ (Lateritisation) പൂർണ്ണമായ സ്ഥലങ്ങളിൽ വ്യത്യസ്ത, രാസ, ഭൗതിക, ഘടനകൾ കാണിക്കുന്ന പാളികൾ കാണാം. എന്നാൽ ഇവിടെ ഭൂരിഭാഗം പ്രദേശങ്ങളിലും ലാറ്ററൈറ്റേഷൻ പൂർണ്ണമായതിന്റെ മൂന്നുപാളികൾക്കു പകരം രണ്ടുപാളികൾ മാത്രം കണ്ടുവരുന്നു. ഇതിൽനിന്നു തന്നെ ഇവിടത്തെ പല പ്രദേശങ്ങളിലും മാതൃശിലയിൽ നിന്നുള്ള ചെങ്കല്ലിന്റെ രൂപീകരണം അതിന്റെ പ്രാരംഭഘട്ടത്തിലാണെന്ന് മനസ്സിലാക്കാം. അതുകൊണ്ട് താഴെ ചരുവുകളെ അപേക്ഷിച്ച് മുകൾ ചരുവുകളിലും, കുന്നിൻമുകളിലും താരതമ്യേന ആഴം കുറഞ്ഞ മണ്ണാണ് കാണുന്നത്. മാത്രമല്ല മിക്കവാറും ഈ ഭൂപ്രകൃതി വിഭാഗങ്ങളിൽ, പാറ ഉപരിതലത്തിൽ കാണപ്പെടുകയും ചെയ്യുന്നു. ഇതിൽനിന്നും വ്യത്യസ്തമായി കാണുന്നത്

പട്ടിക 8

ക്രമ നമ്പർ	മണ്ണ്/ഉപരിതല വസ്തുക്കൾ	വിസ്തീ: ഹെക്ട:	ശത മാനം	സംഘടന (Texture)	PH മൂല്യം	നീർ വാർച്ച	പാറ തരം
1	ചെമ്മണ്ണ് (Lateritica Soil)	2477.00	68.98	സാന്റിലോം ഗ്രാവല്ലി ലോം	5.5-6.5	നീർവാർച്ച കൂടിയത്	-
2	നദിജന്യ എക്കൽ (Alluvium)	560.00	15.59	സാന്റി ക്ലേ സിൽറ്റി ക്ലേ	5.5-6	നീർവാർച്ച കുറഞ്ഞത്	-
3	ഫോറസ്റ്റ് ലോം (Forest loam)	554.00	15.43	സാന്റി ലോം ഗ്രാവില്ലി ലോം	-	നീർവാർച്ച കുറഞ്ഞതും, കൂടിയതും.	
4	പാറ (Rock)						വോണലൈറ്റ്

വടക്കുപടിഞ്ഞാറൻ പ്രദേശങ്ങളായ അലയമൺ, ആലഞ്ചേരി, കണ്ണൻകോട്, കടവറം, കരുകോൺ എന്നിവിടങ്ങളിലാണ്. ഈ പ്രദേശങ്ങളിൽ ആഴംകുടിയ ചെങ്കല്ല് കാണപ്പെടുന്നു.

ഇവിടത്തെ ചെമ്മണ്ണിന്റെ സംഘടന (Texture) പരിശോധിക്കുമ്പോൾ ചരുവിന്റെ താഴ്ഭാഗങ്ങളിലും, താരതമ്യേന കുറഞ്ഞ ചരിവുള്ള പ്രദേശങ്ങളിലും ഉള്ള മണ്ണ് സാന്റിലോം വിഭാഗത്തിൽ പെടുന്നു എന്നു കാണാം. എന്നാൽ ചരുവിന്റെ മുകൾഭാഗത്തും, കുന്നിന്റെ മുകൾഭാഗത്തും താരതമ്യേന ചരിവുകൂടിയ പ്രദേശങ്ങളിലും ഗ്രാവല്ലിന്റെ അംശം കൂടുതലുള്ളതുകൊണ്ട് അവയെ ഗ്രാവല്ലി ലോം വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. പൊതുവായി ഈ വിഭാഗത്തിൽപ്പെട്ട മണ്ണ് നീർവാർച്ച കൂടിയതും ആഴം കുറഞ്ഞതു മുതൽ ആഴം കൂടിയതുമാണ് (0.5മീ. 2.5 മീ.വരെ). ചണ്ണപ്പേട്ട, മീങ്കുളം, മണക്കോട്, എണ്ണപ്പന കൃഷി ചെയ്യുന്ന സ്ഥലങ്ങൾ തുടങ്ങിയ പ്രദേശങ്ങളിലുള്ള ചെമ്മണ്ണിൽ ജൈവാംശം കൂടുതലുള്ളതുകൊണ്ട് മണ്ണിന്റെ നിറം കടുത്തു ഇരുണ്ടതായി കാണുന്നു.

2. നദിജന്യ എക്കൽ (Alluvium)

കുന്നിന്റെ ചരിവുകളിലും, മൂകളിലുമുള്ള മണ്ണും, ലവണങ്ങളും, മറ്റു വസ്തുക്കളും മഴയുടേയും മറ്റു അന്തരീക്ഷ പ്രവർത്തനങ്ങളുടെയും ഫലമായി താഴ്വാരങ്ങളിൽ നിക്ഷേപിക്കപ്പെടുന്നു. അങ്ങനെ ഉണ്ടാവുന്നതാണ് നദിജന്യ എക്കൽ (Alluvium). അലയമൺ പഞ്ചായത്തിലെ എല്ലാ താഴ്വര പ്രദേശങ്ങളും, വയലുകളും ഉൾപ്പെടുന്ന 560 ഹെക്ടർ സ്ഥലത്ത് ഇത്തരത്തിലുള്ള മണ്ണ് കാണപ്പെടുന്നു. നരച്ച് ഇരുണ്ട നിറത്തോടുകൂടിയതോ, ചാരനിറത്തോടുകൂടിയതോ ആയ ഈ വിഭാഗം മണ്ണ് സംഘടനയനുസരിച്ച് (Texture) മണൽ കലർന്ന ചളിയോടുകൂടിയതോ (Sandy Clay), സിൽറ്റ് കലർന്ന ചളിയോടുകൂടിയതോ (Silty Clay) ആകുന്നു. ഇറയിൽ, ആനക്കുളം- കൊല്ലംചിറ തുടങ്ങിയ ഏലകളിലെ മണ്ണ് സിൽറ്റി ക്ലേ വിഭാഗത്തിലും, ബാക്കിയുള്ള താഴ്വരകളിലെ മണ്ണ് ആദ്യവിഭാഗത്തിലും (സാന്റി ക്ലേ) ഉൾപ്പെടുന്നു. താരതമ്യേന കുറഞ്ഞ നീർവാർച്ചയും, ജലത്തിന്റെ സാന്നിദ്ധ്യവും 0.5 മീ. മുതൽ 1.5 മീ. വരെ ആഴമുള്ള ഈ മൺതരത്തിന്റെ പ്രത്യേകതകൾ ആണ്. ഉയർന്ന പ്രദേശങ്ങളിൽ നിന്നുള്ള, ജൈവവസ്തുക്കളും, ലവണങ്ങളും, അടങ്ങിയിരിക്കുന്നതുകൊണ്ട് ഈ മൺതരം നല്ല ഫലഭൂയിഷ്ടിയുള്ളതാണ്.

3. ഫോറസ്റ്റ് ലോം (Forest loam)

വനപ്രദേശങ്ങളിലും, ജൈവാംശം വളരെ കൂടുതലുള്ള പ്രദേശങ്ങളിലും, മാത്രമായി കണ്ടുവരുന്ന ചെമ്മണ്ണാണ് ഫോറസ്റ്റ് ലോം. ജൈവാംശം വളരെ കൂടിയിരിക്കുന്നതുകൊണ്ട് പ്രാദേശികമായി ഇതിനെ കരിമണ്ണ്, കറുത്ത മണ്ണ് എന്നിങ്ങനെ വിളിക്കുന്നു. അലയമൺ പഞ്ചായത്തിലെ ഏരൂർ നിക്ഷിപ്തവനപ്രദേശങ്ങളിലും (മീങ്കുളം നിക്ഷിപ്തവനം), എണ്ണപ്പന കൃഷി ചെയ്യുന്ന ചില പ്രദേശങ്ങളിലും ഇത്തരത്തിലുള്ള മണ്ണ് കാണുന്നു. 554 ഹെക്ടർ വിസ്തൃതിയുള്ള ഈ തരം മണ്ണ് സംഘടനയനുസരിച്ച് ഗ്രാവല്ലി ലോം, സാന്റിലോം എന്നീ വിഭാഗത്തിൽ പെടുന്നു. മാത്രമല്ല ഈ മണ്ണിന് ജലസംഭരശേഷി താരതമ്യേന കൂടുതലും നീർവാർച്ച കുറഞ്ഞതും, കൂടിയതുമാണ്.

4. പാറ (Rock)

അലയമൺ പഞ്ചായത്തിലെ ആനക്കുളം, ഇളവൂർ, മണക്കോട് എന്നീ സ്ഥലങ്ങളിൽ പാറ ഉപരിതലത്തിൽ കാണപ്പെടുന്നു. വെളുത്ത് തവിട്ട്/ചെറിനിറത്തോടുകൂടിയ പുള്ളികളുള്ള ഈ പാറ ഖോണ്ടലൈറ്റ് വിഭാഗത്തിൽ ഉൾപ്പെടുന്നു.


PH മൂല്യം

ഒരു പ്രദേശത്തിലേയൊ, ഒരു ഭൂവിഭാഗത്തിലേയോ മണ്ണിന്റെ അമ്ലത അല്ലെങ്കിൽ ക്ഷാരത കണക്കാക്കുന്നതാണ് PH മൂല്യം. PH മൂല്യം 7 ൽ കുറവാണെങ്കിൽ അമ്ലതയേയും, 7 മുതൽ 14 വരെയാണെങ്കിൽ ക്ഷാരതയേയും, 7 ആണെങ്കിൽ സംതുലിതാവസ്ഥയേയും കാണിക്കുന്നു. മണ്ണിന്റെ അമ്ലത/ക്ഷാരത അവിടെയുള്ള സസ്യജാലങ്ങളുടെ വളർച്ചയെ സ്വാധീനിക്കുന്നതുകൊണ്ട് ശരിയായ സസ്യ പരിപാലനത്തിന് ആ പ്രദേശത്തെ മണ്ണിന്റെ PH മൂല്യം അറിഞ്ഞിരിക്കേണ്ടത് അത്യാവശ്യമാണ്.

അലയമൺ പഞ്ചായത്തിലെ PH മൂല്യനിർണ്ണയ പഠനത്തിൽനിന്നും ഇവിടത്തെ മണ്ണിന്റെ പൊതുവായ PH മൂല്യ വ്യതിയാനം 5.5 മുതൽ 6.5 വരെയാണെന്നു

DIA 3.10

ALAYAMON PANCHAYAT
SOIL, SURFACE MATERIAL & WATER AVAILABILITY



SOURCE – PRM, CESS

കാണുന്നു. ഇതിൽ താഴ്വരകളിലും, നെൽവയലുകളിലും ഉള്ള എക്കൽമണ്ണിന്റെ PH മൂല്യ വ്യതിയാനം 5.5 മുതൽ 6 വരെ കാണുമ്പോൾ, ചരുവുകളിലും, കുന്നിന്റെ മുകളിലു മുള്ള ചെമ്മണ്ണിന്റെ PH മൂല്യം 5.5 മുതൽ 6.5 വരെ കാണുന്നു (പട്ടിക 8). ഇതിൽനിന്നും പഞ്ചായത്തിലെ മൊത്തം വിസ്തീർണ്ണത്തിലുൾപ്പെടുന്ന മൺതരങ്ങളും, അമ്ലതയുള്ളതാണെന്നും, കുന്നിൻ ചരിവുകളിൽ നിന്നുള്ള ലവണങ്ങളും, ജൈവാംശങ്ങളും മറ്റും താഴ്വരകളിൽ നിക്ഷേപിക്കപ്പെടുന്നതുകൊണ്ട് താഴ്വരപ്രദേശങ്ങളിലെ മണ്ണിന്, കുന്നിൻ ചരുവിലേയും, കുന്നിൻ മുകളിലേയും മണ്ണിനെക്കാൾ അമ്ലത കൂടുതലാണെന്നും കാണുന്നു. അതുകൊണ്ടു തന്നെ ഓരോ വിഭാഗം കൃഷിക്കാരും വിളയിറക്കുന്നതിനും, വളപ്രയോഗത്തിനും മുമ്പായി പഞ്ചായത്തിലെ കൃഷിഭവനിൽ നിന്നുള്ള ഉപദേശം തേടേണ്ടതാണ്.

ജലലഭ്യത (Water availability)

ഒരു പ്രദേശത്തിന്റെ വികസനപ്രവർത്തനങ്ങളിൽ വളരെ സൂക്ഷ്മതലത്തിൽ സ്വാധീനിക്കുന്ന മറ്റൊരു ഘടകമാണ് ജലം. അതിന്റെ വിന്യാസത്തിൽ സൂക്ഷ്മതലത്തിൽപ്പോലും വ്യതിയാനം കാണിക്കുന്നതായി കാണാം. മനുഷ്യസംസ്കാര രൂപീകരണത്തിന്റെ അടിസ്ഥാന ഘടകമായ ജലവും അതിന്റെ ലഭ്യതയും വിതരണവും സൂക്ഷ്മതല ആസൂത്രണത്തിന്റെ ആധാരശിലയാണ്.

കുന്നുകളും, ചരിവുകളും, താഴ്വരകളും, അരുവികളും, പുഴകളും, കിണറുകളും നിറഞ്ഞ ഈ ഭൂവിഭാഗത്തിൽ ശരാശരി 2500 മി.മീ. മഴ വർഷത്തിൽ ലഭിക്കുന്നു. എന്നിട്ടും നല്ലൊരു ശതമാനം പ്രദേശങ്ങളിലും ഏപ്രിൽ, മേയ് മാസങ്ങളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു. സൂക്ഷ്മതലത്തിലുള്ള ജല പരിപാലന, വിതരണ, വിനിയോഗ രീതികൾ അവലംബിച്ചാൽ ഇതിൽ നിന്നും പഞ്ചായത്തിലെ ജനങ്ങൾക്ക് ശാശ്വതമായി മുക്തി നേടാനാകും.

അലയമൺ പഞ്ചായത്തിലെ ജലവുമായി ബന്ധപ്പെട്ട പ്രധാന ആസ്തികൾ വറ്റാത്ത പുഴകളും, തോടുകളും, കുളങ്ങളും, കിണറുകളും, കുഴൽ കിണറുകളും ആണ്. ഓരോ വിഭാഗത്തിൽപ്പെടുന്നവയെ കുറിച്ചുമുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു. (പട്ടിക9; ചിത്രം 3.10).

അലയമൺ പഞ്ചായത്തിലെ ജലലഭ്യതയെക്കുറിച്ചു പഠനം നടത്തിയതിൽ നിന്ന് നിക്ഷിപ്തവന മേഖല ഒഴിച്ചു നിർത്തിയുള്ള (554 ഹെ.) ആകെ വിസ്തീർണ്ണത്തിന്റെ 19.28% പ്രദേശത്ത് (692.22 ഹെക്ടർ) ഏപ്രിൽ-മേയ് മാസങ്ങളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു. ഇതിൽ മീങ്കുളം, ചണ്ണപ്പേട്ട, ആനക്കുളം-കൊല്ലംചിറ തോടിന്റെ തെക്കുഭാഗങ്ങൾ മണക്കോട്, കടവറം (വടക്കു-പടിഞ്ഞാറ്), കുറവന്തേരി (വടക്കും പടിഞ്ഞാറും), മുതലാറ്റ് തുടങ്ങിയ ജനാധിവാസ പ്രദേശങ്ങളും ഉൾപ്പെടുന്നു. ഇതുകൂടാതെ

A. വറ്റാത്ത പുഴകളും, തോടുകളും പട്ടിക 8

ക്രമ നമ്പർ	വറ്റാത്ത പുഴകളും, കുളങ്ങളും	വറ്റാത്ത ഭാഗത്തിന്റെ നീളം കി.മീ.
1	ഇത്തിക്കര ആർ	9.56
2	ഇറയിൽ തോട്	5.30
3	കടവറത്തു തോട്	2.2.5
4	അലയമൺ തോട്	2.00
	ആകെ	19.11

B. കുളങ്ങൾ


ക്രമ നമ്പർ	കുളത്തിന്റെ പേര്	വാർഡ് നമ്പർ
1	ഉത്താംപള്ളി കുളം	1
2	തെക്കെ ഭാഗം കുളം	1
3	കോടന്നൂർ കുളം	8

C. കുഴൽ കിണർ

വാർഡ് നമ്പർ	കുഴൽകിണറുകളുടെ എണ്ണം
I	
II	
III	
IV	
V	
VI	
VII	
VIII	
IX	

Groundwater Potential of Anchal block

GROUNDWATER PROVINCES OF KOLLAM DT.



MCM - MILLION CUBIC METRE

GW - GROUNDWATER

NAME OF BLOCK		ANCHAL
TOTAL GROUNDWATER RECHARGE/YEAR IN MILLION CUBIC METRE		93.65
UTILISABLE GW FOR IRRIGATION IN MCM PER YEAR		74.92
GROSS DRAFT IN MCM AS ON 31-3-92		8.73
GROUND WATER BALANCE IN MCM		68.81
STAGE OF DEVELOPMENT (PERCENTAGE)	PRESENT	8.16
	AT 5 YEARS	21.58
CATEGORY OF THE BLOCK		WHITE
STAGE OF GROUND-WATER DEVELOPMENT %		BELOW 65 %
REMARK		NO RESTRICTION FOR FURTHER DEVELOPMENT

SOURCE- CESS, GROUNDWATER DPT. PROCESSED BY PRM, CESS

എണ്ണപ്പന തോട്ടങ്ങൾ ഉൾപ്പെടുന്ന ഭൂവിഭാഗവും താരതമ്യേന കുറഞ്ഞ ജലലഭ്യത കാണിക്കുന്നു.

ഇത്തിക്കര ആറ് (9.56 കി.മീ.), അലയമൺ തോട് (2.25 കി.മീ.), ഇടയിൽ തോട് (5.30 കി.മീ.), കടവറത്തുതോട് (2.25 കി.മീ.) തുടങ്ങിയ പുഴകളും തോടുകളുമായി 19.11 കി.മീ. നീളത്തിൽ വറ്റാത്ത പ്രകൃതിദത്ത ജലസ്രോതസ്സുകൾ പഞ്ചായത്തിൽ നിലവിലുണ്ടെങ്കിലും ഇവയൊന്നും തന്നെ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങൾക്കായി ഉപയോഗപ്പെടുത്തി കാണുന്നില്ല (പട്ടിക 9; ചിത്രം 3.10). ഏകദേശം രണ്ടു കുടുംബങ്ങൾക്ക് ഒരു കിണർ എന്ന നിലയിലും, പല വാർഡിലും കുഴൽ കിണറുകളും നിലവിലുണ്ടെങ്കിലും, അവയൊക്കെ തന്നെ പഞ്ചായത്തിൽ നിലവിലുള്ള ജലക്ഷാമം പരിഹരിക്കാൻ അപര്യാപ്തമാണ്. ഇവിടെ നിലവിലുള്ള കുളങ്ങളുടെ എണ്ണം വളരെ പരിമിതമാണ് (3 എണ്ണം) എന്നു കാണാം.

ഭൂഗർഭ ജലലഭ്യത

സംസ്ഥാന ഭൂജല വകുപ്പ് 1992 ൽ അലയമൺ പഞ്ചായത്തുൾപ്പെടുന്ന അഞ്ചൽ ബ്ലോക്കിൽ പഠനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ വർഷത്തിൽ പുനർശേഖരണം (Recharge) ചെയ്യുന്ന ഭൂഗർഭജലത്തിന്റെ അളവ് 93.65 ദശലക്ഷം ക്യൂബിക് മീറ്ററും, ഇതിൽ നിന്ന് ലഭ്യമായ ഉപയോഗിക്കുന്ന ഭൂഗർഭജലത്തിന്റെ അളവ് 9.73 ദശലക്ഷം ക്യൂബിക് മീറ്ററും ആണെന്നു കാണുന്നു. ഭൂഗർഭജലത്തിന്റെ സന്തുലനം (Ground water balance) 68.81 ദശലക്ഷം ക്യൂബിക് മീറ്റർ ആണ്. 1992 ൽ ആകെ നിക്ഷേപത്തിന്റെ 8.16% മാത്രം ഭൂഗർഭ ജലം ഉപയോഗപ്പെടുത്തിയിരിക്കുന്നത്, 1997 ആകുമ്പോഴേയ്ക്കും 21.58% ആകുമെന്നും കണക്കാക്കപ്പെടുന്നു. നിലവിലുള്ള ഭൂഗർഭജലത്തിന്റെ ഉപയോഗത്തിന്റെ അടിസ്ഥാനത്തിൽ ഈ പഞ്ചായത്തുൾപ്പെടുന്ന ഭൂവിഭാഗം "വൈറ്റ്" മേഖലയിലാണ് സ്ഥിതി ചെയ്യുന്നത്. ഇത് ഈ മേഖലയിലെ ഭൂഗർഭജലത്തിന്റെ വികസനത്തിന് യാതൊരു തരത്തിലുള്ള തടസ്സവും നിലവിലില്ല എന്നു കാണിക്കുന്നു (ചിത്രം 3.11).

തിരുവനന്തപുരത്തെ ഭൂമിശാസ്ത്രപഠനകേന്ദ്രം (CESS) തയ്യാറാക്കിയ ഭൂഗർഭജല പ്രവിശ്യാഭൂപടം അനുസരിച്ച് ഈ പഞ്ചായത്തിലെ ചുണ്ണാമ്പുകല്ലു പടർന്നുള്ള ഭൂപ്രദേശങ്ങൾ വ്യാസം കൂടിയ കിണറുകൾ കുഴിയ്ക്കാൻ അനുയോജ്യമായതും അതിനു കിഴക്കോട്ട് ഭൂപ്രദേശങ്ങൾ കൂടുംബോപയോഗത്തിനു മാത്രമുള്ള വ്യാസം കുറഞ്ഞ കിണറുകൾ കുഴിയ്ക്കാൻ അനുയോജ്യമായതാണെന്നും കാണുന്നു (ചിത്രം 3.11). മാത്രമല്ല അച്ചൻകോവിൽ ശ്രംശരേഖയും (Shearzone), അതിനു സമാന്തരമായും, ലംബമായും ശ്രംശരേഖകളും ഉള്ളതുകൊണ്ട് ഈ പ്രദേശങ്ങളിൽ ഭൂഗർഭജലം ലഭിക്കാനുള്ള സാധ്യത കൂടുതലാണ്.

ഭൂവിനിയോഗം (Land use)

ഒരു പ്രദേശത്തെ ഭൂമി ഏതെല്ലാം രീതിയിൽ പ്രത്യേകിച്ച് ഏതെല്ലാം കൃഷികൾക്കുവേണ്ടി വിനിയോഗിച്ചിരിക്കുന്നു എന്നതിനെ ഭൂവിനിയോഗം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഒരു ഉഷ്ണമേഖലാ പ്രദേശമായ അലയമൺ തികച്ചും ഒരു കാർഷികാധിഷ്ഠിത ഗ്രാമം കൂടിയാണ്. കേരളത്തെ 13 കാർഷിക കാലാവസ്ഥാ മേഖലകളായി (Agro climatic zones) തരം തിരിച്ചിരിക്കുന്നതിൽ "മലനാട്" (High land) എന്ന കാർഷിക-കാലാവസ്ഥാ മേഖലയിലാണ് ഈ പഞ്ചായത്തിന്റെ സ്ഥാനം. 1995 ൽ തിരുവനന്തപുരത്തെ ഭൂമിശാസ്ത്രപഠന കേന്ദ്രം (CESS) പഞ്ചായത്തിലെ സന്നദ്ധ സേവകരുടെ സഹായത്തോടെ തയ്യാറാക്കിയ ഭൂവിനിയോഗ ഭൂപടം അനുസരിച്ച് ഇന്ന് നിലവിലുള്ള ഭൂവിനിയോഗവും, ഓരോ വിഭാഗത്തിന്റെയും വിസ്തീർണ്ണവും, ഉൽപാദനക്ഷമതയും താഴെ കൊടുക്കുന്നു (പട്ടിക 10, ചിത്രം 3.12).

ഒരു കാർഷിക ഗ്രാമമായ അലയമൺ പഞ്ചായത്തിന്റെ ഇന്നത്തെ ഭൂവിനിയോഗത്തെ ഈ നൂറ്റാണ്ടിന്റെ ആദ്യപാദത്തിലുമായി താരതമ്യപ്പെടുത്തുന്നത് ഉചിതമായിരിക്കും. ഭൂവിനിയോഗരീതിയിൽ കാലാകാലങ്ങളിൽ വന്ന മാറ്റവും അതനുസരിച്ച് ജനങ്ങളുടെ സാമ്പത്തിക, സാമൂഹ്യ ചുറ്റുപാടുകളിൽ വന്ന മാറ്റവും മറ്റുള്ള അയൽഗ്രാമങ്ങളിലും ഉള്ളതുപോലെ ഇവിടെയും കാണുവാൻ കഴിയും. 1920 കളിൽ നെല്ല്, തെങ്ങ്, കവുങ്ങ്, വാഴ, മരച്ചീനി എന്നിവയും, കുരുമുളകും, കശുമാവും ആണ് ഈ പ്രദേശങ്ങളിൽ കൂടുതലായി കൃഷിചെയ്തിരുന്നത്. ആ കാലഘട്ടത്തിൽ നിലവിലുണ്ടായിരുന്ന ചണ്ണപ്പേട്ട, ആനക്കുളം, ആനക്കുളം-കൊല്ലംചിറ തോടിന്റെ വടക്കുഭാഗങ്ങൾ എന്നീ സ്ഥലങ്ങൾ വനപ്രദേശ


(പട്ടിക 10)

ക്രമ നമ്പർ	ഭൂവിനിയോഗം	വിസ്തീർണ്ണം ഹെക്ടറിൽ	ശതമാനം	ഉത്പാദനം
1	നെല്ല്	191.48	5.33	2150 കി.ഗ്രാം/ഹെ/വർഷം
2	റബ്ബർ	1990.84	55.84	760 കി.ഗ്രാം/ഹെ/വർഷം
3	കശുമാവ്	8.67	0.24	850 കി.ഗ്രാം/ഹെ/വർഷം
4	എണ്ണപ്പന	545.48	15.19	-
5	മിശ്രിത വിളകൾ	299.45	8.34	
	തെങ്ങ്			5200 തേങ്ങ/ഹെ/വർഷം
	കവുങ്ങ്			-
	കരുമുളക്			250 കി.ഗ്രാം/ഹെ/വർഷം
	വാഴ			-
	മരച്ചീനി			18 മെ.ടൺ/ഹെ/വർഷം
	ഇഞ്ചി			-
	പയർ വർഗ്ഗങ്ങൾ			150 കി.ഗ്രാം/ഹെ/വർഷം
	പച്ചക്കറി			-
6	ഉപയുക്തമായ തരിശുഭൂമി	1.08	0.03	
7	നിക്ഷിപ്തവനങ്ങൾ	554.00	15.43	
	ആകെ	3591.00	15.43	
	തിങ്ങിനിറഞ്ഞ വനങ്ങൾ	537.26		
	യൂക്കാലി തോട്ടങ്ങൾ	14.47		

ങ്ങൾ ആയിരുന്നു. പിന്നീടുള്ള വർഷങ്ങളിൽ നടന്ന കുടിയേറ്റത്തിന്റെ ഫലമായി അത്രയും പ്രദേശങ്ങൾ കൂടി വെട്ടിത്തെളിച്ച് തെങ്ങും, കുരുമുളകും, മരച്ചീനിയും, കശുമാവും കൃഷിചെയ്തുവന്നു.

ഈ പഞ്ചായത്തിലെ ഇന്നത്തെ ഭൂവിനിയോഗ രീതിക്ക് തുടക്കം കുറിക്കുന്നത് 1950 കളിലാണ്. 1950 ൽ റബ്ബറിന്റെ ആവിർഭാവവും തുടർന്നിങ്ങോട്ട് നെൽകൃഷിയുടെയും തെങ്ങ്, വാഴ, കുരുമുളക്, കമുക്, കശുമാവ് തുടങ്ങിയ മിശ്രിതവിളകളുടെയും പടിപടിയായുള്ള കുറവും, റബ്ബർ കൃഷിയുടെ കുത്തനെയുള്ള വളർച്ചയും ശ്രദ്ധേയമാണ്. 1970 കളിൽ 950 ഹെക്ടറിൽ മാത്രം കൃഷിചെയ്തിരുന്ന റബ്ബർ ഇന്ന് ആകെ വിസ്തീർണ്ണത്തിന്റെ 55.44% ൽ (1990.84 ഹെക്ടർ) എത്തി നിൽക്കുന്നു. ഇതേ കാലഘട്ടത്തിൽ 214.25 ഹെക്ടർ വിസ്തൃതിയുണ്ടായിരുന്ന നെൽവയൽ 191.48 ഹെക്ടർ ആയി കുറയുകയാണുണ്ടായത്. നികത്തിയെടുക്കപ്പെട്ട 22.77 വയൽ പ്രദേശവും ജനവാസത്തിനോ, മറ്റു വിളകൾ കൃഷി ചെയ്യുന്നതിനോ വേണ്ടിയാണ് ഉപയോഗിച്ചിരിക്കുന്നത്. പഞ്ചായത്തിലെ ഭൂരിഭാഗം റബ്ബർ തോട്ടങ്ങളും കണ്ണൻകോട്, മുതലാറ്റ്, കരുകോൺ, കുറവന്തേരി, മീങ്കുളം, ചണ്ണപ്പേട്ട, ആനക്കുളം, മണക്കോട് തുടങ്ങിയ പ്രദേശങ്ങളിലായി വ്യാപിച്ചു കിടക്കുന്നു. നെൽവയലുകൾ എല്ലാം തന്നെ അലയമൺ തോട്, കടവറത്തുതോട്, ഇറയിൽ തോട്, ആനക്കുളം തോട് എന്നിവയോടനുബന്ധിച്ചുള്ള താഴ്വര പ്രദേശങ്ങളിലാണ് കാണപ്പെടുന്നത്. 1979 ൽ ഇവിടത്തെ ഭൂവിനിയോഗ രീതിയിൽ വന്ന മറ്റൊരു പ്രധാന മാറ്റം എണ്ണപ്പന കൃഷിയുടെ ആരംഭമാണ്. ഏരൂർ നിക്ഷിപ്തവനമേഖലയിൽ ഉൾപ്പെട്ടിരുന്ന പഞ്ചായത്തിലെ 545.48 ഹെക്ടർ വിസ്തീർണ്ണം വരുന്ന വടക്കു പടിഞ്ഞാറൻ വനപ്രദേശങ്ങൾ ആണ് വെട്ടിത്തെളിച്ച് എണ്ണപ്പന കൃഷി ചെയ്യാൻ ഉപയോഗിച്ചത്.

DIA 3.12




SOURCE – PRM, CESS.

DIA 3·13

ALAYAMON PANCHAYAT

Landuse

(Represented by Bar diagram)



SOURCE - PRM, CESS.

ഇത് പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണത്തിന്റെ 15.19% വരും (ചിത്രം 3.13 പട്ടിക 10). നിലവിലുള്ള വിസ്തീർണ്ണത്തിലെ 299.45 ഹെക്ടർ (8.34%) പ്രദേശത്ത് തെങ്ങും, കവുങ്ങും, കുരുമുളകും, വാഴയും, പച്ചക്കറികളും അടങ്ങിയ മിശ്രിത കൃഷി ചെയ്തുവരുന്നു. ജനവാസം കൂടിയ പ്രദേശങ്ങൾ ആയ അഞ്ചൽ, ആലഞ്ചേരി, അലയമൺ, പാണയം (കിഴക്ക്), മുളപ്പമൺ, ചണ്ണപ്പേട്ട (വടക്ക്) തുടങ്ങിയ പ്രദേശങ്ങളിലാണ് കൂടുതലായും മിശ്രിതകൃഷി ചെയ്തുവരുന്നത്. വാഴയും, മരച്ചീനിയും കൃഷിചെയ്യുന്ന അധികം പ്രദേശങ്ങളും വയൽ നികത്തിയെടുത്തതോ, വയലിനോടനുബന്ധിച്ചുള്ളതോ ആകുന്നു. മേൽവിവരിച്ച ഭൂവിനിയോഗങ്ങൾ കൂടാതെ ഏകദേശം 8.67 ഹെക്ടർ വിസ്തീർണ്ണത്തിൽ കശുമാവ് കൃഷിചെയ്യുന്നുണ്ട്. വളരെ കുറച്ചു പ്രദേശങ്ങൾ (1.08 ഹെ.) തരിശുഭൂമിയായും അവശേഷിക്കുന്നുണ്ട്.

നിക്ഷിപ്തവനങ്ങൾ

മറ്റെല്ലാ മലയോര പ്രദേശങ്ങളേയും പോലെ തന്നെ ജനസംഖ്യയുടെ താങ്ങാനാവാത്ത ഭാരം ഇവിടെയും ഏറ്റുവാങ്ങേണ്ടി വന്നത് വനപ്രദേശങ്ങൾക്കാണ്. പഞ്ചായത്തിന്റെ ഇന്ന് നിലവിലുള്ള വിസ്തീർണ്ണത്തിൽ (3591 ഹെ.) ഏകദേശം 1144.30 ഹെക്ടർ (31.86%) പ്രദേശവും ഏരൂർ വനമായിരുന്നു. അതിൽ 554 ഹെക്ടർ പ്രദേശം (15.43% മാത്രം കുടുക്കത്തുപാറ, അമ്പലക്കുന്ന് തുടങ്ങിയ പഞ്ചായത്തിന്റെ വടക്കൻ പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന ഏരൂർ (മീങ്കുളം) നിക്ഷിപ്തവനങ്ങളായി അവശേഷിക്കുന്നു. ബാക്കി വരുന്ന 590.30 ഹെക്ടർ വനപ്രദേശവും എണ്ണപ്പനകൃഷിക്കും കാർഷികേതര ആവശ്യങ്ങൾക്കും, മറ്റു നാണ്യവിളകൾ കൃഷി ചെയ്യുന്നതിനും വേണ്ടി ഉപയോഗിക്കപ്പെട്ടിരിക്കുന്നു. താഴെ കൊടുത്തിരിക്കുന്ന പട്ടിക ഈ പ്രദേശത്തെ വന നശീകരണത്തേയും അതിന്റെ വ്യാപനത്തേയും നിലവിലുള്ള വനപ്രദേശങ്ങളേയും പറ്റി വിവരിക്കുന്നു (പട്ടിക 11).

പരിസ്ഥിതി പ്രശ്നങ്ങൾ

അലയമൺ പഞ്ചായത്തിലെ മണ്ണ്, ജലം, ഭൂപ്രകൃതി തുടങ്ങിയ അടിസ്ഥാന വിഭവങ്ങളും, അവിടത്തെ ജനങ്ങളുമായി ബന്ധപ്പെട്ട പരിസ്ഥിതി പ്രശ്നങ്ങൾ താഴെ പറയുന്നവയാണ്.

1. കുടിക്കാനും, ജലസേചനത്തിനുമുള്ള ജലത്തിന്റെ ദൗർലഭ്യം
2. മണ്ണൊലിപ്പ്
3. വന നശീകരണം
4. നെൽവയൽ നികത്തിയെടുക്കലും, അതിനോടനുബന്ധിച്ചുള്ളതുമായ പ്രശ്നങ്ങൾ.

പരിസ്ഥിതി പ്രശ്നങ്ങളും, അവയുടെ വിസ്തീർണ്ണവും, അനുഭവപ്പെടുന്ന പ്രധാന സ്ഥലങ്ങളും താഴെ കൊടുത്തിരിക്കുന്നു (പട്ടിക 12)

1. കുടിക്കാനും ജലസേചനത്തിനുമുള്ള ജലത്തിന്റെ ദൗർലഭ്യം

അലയമൺ പഞ്ചായത്തിലെ കടവറം പടിഞ്ഞാറു ഭാഗങ്ങൾ, മീങ്കുളവും പടിഞ്ഞാറുഭാഗങ്ങളും, ചണ്ണപ്പേട്ട, ആനക്കുളം, ആനക്കുളം-കൊല്ലംചിറ തോടിന്റെ തെക്കുഭാഗങ്ങൾ, എണ്ണപ്പന തോട്ടങ്ങൾ ഉൾപ്പെടുന്ന ഭൂവിഭാഗം

പട്ടിക 11

ക്രമ നമ്പർ	വനനശീകരണത്തിന്റേയും നിലവിലുള്ള വനത്തിന്റേയും വിവരം	വിസ്തീർണ്ണം ഹെക്ടറിൽ	ശതമാനം
1	ജനവാസത്തിനും, റബ്ബർ തുടങ്ങിയ കൃഷികൾക്കും വേണ്ടി വെട്ടിതെളിയിക്കപ്പെട്ട് വനപ്രദേശം	44.82	1.25
2	എണ്ണപ്പന കൃഷിയ്ക്കുവേണ്ടി വെട്ടിതെളിയിക്കപ്പെട്ട വനപ്രദേശം	545.48	15.19
	ആകെ	590.30	16.44
3	നിലവിലുള്ള നിക്ഷിപ്ത വനമേഖലയുടെ വിസ്തൃതി	554.00	15.43

ക്രമ നമ്പർ	പരിസ്ഥിതി പ്രശ്നങ്ങൽ	വിസ്തീ: ഹെക്ട:	ശതമാനം	അനുഭവപ്പെടുന്ന പ്രധാന സ്ഥലങ്ങൾ
1	കുടിവെള്ള ക്ഷാമം(അനുഭവപ്പെടുന്ന പ്രധാന പ്രധാന ജനാധിവാസ പ്രദേശങ്ങൾ) എപ്രിൽ-മെയ് മാസങ്ങളിൽ	692.66	ജനാധിവാസ പ്രദേശത്തിന്റെ 19.28%	കടവറം(പടിഞ്ഞാറ്),മീങ്കുളം(പടിഞ്ഞാറ്), ചണ്ണപ്പേട്ട, ആനക്കുളം, തോടിന്റെ തെക്കുഭാഗം, മണക്കോട്, ഇളവൂർ എണ്ണപ്പന തോട്ടങ്ങൾ
2	മണ്ണൊലിപ്പ് ഉള്ളതോ, അതിന് സാധ്യതയുള്ള തോ ആയ പ്രദേശങ്ങൾ	1739.65	ആകെ വിസ്തീർണ്ണത്തിന്റെ 48.88%	മീങ്കുളം, ചണ്ണപ്പേട്ട, ആനക്കുളം, മണക്കോട്, ആനക്കുളം തോടിന്റെ തെക്കുഭാഗം
3	വനനശീകരണം	590.30	ആകെ വിസ്തീർണ്ണത്തിന്റെ 16.44%	ആനക്കുളം, ചണ്ണപ്പേട്ട(വടക്ക്) എണ്ണപ്പന തോട്ടങ്ങൾ ഉൾപ്പെടുന്ന ഭാഗം
4	നെൽവയലുകൾ നികത്തിയെടുക്കലും അതിനോടനുബന്ധിച്ചുള്ളതുമായ പ്രശ്നങ്ങൾ	22.77	ആകെ നെൽവയലുകളുടെ വിസ്തീർണ്ണത്തിന്റെ 11.89%	അലയമൺ വയലുകൾ, കടവറത്തു വയലുകൾ, എറയിൽ ഏല, ആനക്കുളം ഏല എന്നിവയുടെ ഭാഗങ്ങൾ

എന്നിവിടങ്ങളിൽ വേനൽക്കാലത്ത് പ്രത്യേകിച്ചും എപ്രിൽ, മേയ് മാസങ്ങളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു. 692.66 ഹെക്ടർ വിസ്തൃതി വരുന്ന ഈ പ്രദേശങ്ങൾ ആകെ ജനാധിവാസപ്രദേശത്തിന്റെ (നിക്ഷിപ്തവനങ്ങൾ ഒഴികെയുള്ള പ്രദേശത്തിന്റെ) 19.28% വരും.

ജലസേചനത്തിനായി ഈ പഞ്ചായത്തിലെ ജനങ്ങൾ മുഴുവനായും ആശ്രയിക്കുന്നത് കിണറുകളേയും, തോടുകളേയും ആണ്. ബഹുഭൂരിഭാഗം പ്രദേശങ്ങളിലും റബ്ബറാണ് കൃഷി ചെയ്യുന്നതെങ്കിലും, വയലുകളിലും, താഴ്വരകളിലും ജലസേചന സൗകര്യം ലഭിക്കുകയാണെങ്കിൽ മുന്നാം വിളയോ, പച്ചക്കറി മുതലായ കൃഷികളോ ചെയ്യാൻ സാധിക്കും. മുണ്ടകൻ കൊയ്ത്തിനുശേഷം നെൽവയലുകൾ ഉൾപ്പെടുന്ന 191.48 ഹെക്ടർ പ്രദേശവും തരിശിടുകയാണ് ചെയ്യുന്നത്.

2. മണ്ണൊലിപ്പ്

പഞ്ചായത്തിലെ കൂടുതൽ ചരിവുള്ള പ്രദേശങ്ങൾ ആയ (10ഡിഗ്രി -27 ഡിഗ്രി വരെ) മീങ്കുളം, ചണ്ണപ്പേട്ട, ആനക്കുളം, മണക്കോടി, ആനക്കുളം- കൊല്ലംചി തോടിന്റെ തെക്കുഭാഗങ്ങൾ തുടങ്ങി 1739.65 ഹെക്ടർ പ്രദേശങ്ങൾ മണ്ണൊലിപ്പുള്ളതോ, മണ്ണൊലിപ്പിന് സാദ്ധ്യതയുള്ളതോ ആകുന്നു. ഭൂരിഭാഗവും റബ്ബർ കൃഷി ചെയ്യുന്ന ഈ ഭൂവിഭാഗത്തിലെ ചില മേഖലകളിൽ മണ്ണു സംരക്ഷണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെങ്കിലും, അങ്ങനെ ചെയ്യാത്ത പ്രദേശങ്ങളിൽ മണ്ണു സംരക്ഷണ പ്രവർത്തനങ്ങൾക്ക് അർഹമായ പ്രാധാന്യം കൊടുക്കേണ്ടതാണ്.

3. വന നശീകരണം

പഞ്ചായത്തിലെ വടക്കൻ പ്രദേശങ്ങളായ ആനക്കുളം, ചണ്ണപ്പേട്ട (വടക്ക്), കല്ലാറിന്റെ ഇരുവശങ്ങളും തുടങ്ങി 590.30 ഹെക്ടർ വനപ്രദേശം എണ്ണപ്പനകൃഷിയ്ക്കും, കാർഷികേതര ആവശ്യങ്ങൾക്കും, റബ്ബർ തുടങ്ങിയ നാണ്യവിളകൾ കൃഷി ചെയ്യുന്നതിനും വേണ്ടി ഉപയോഗിച്ചിരിക്കുന്നു. ഇത് ഏകദേശം പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണത്തിന്റെ 16.44% വരും. എണ്ണപ്പന പൂക്കുന്ന സമയത്ത് അവയുടെ പൂമ്പൊടി അന്തരീക്ഷത്തിൽ

കാറ്റിലൂടെ വ്യാപരിക്കുന്നതുമൂലം തോട്ടങ്ങളോടനുബന്ധിച്ച് അധിവസിക്കുന്ന ജനങ്ങൾക്ക് അലർജി, ആസ്ത്മ തുടങ്ങിയ അസുഖങ്ങൾ കൂടുതലായി കണ്ടുവരുന്നു. നമ്മുടെ കാലാവസ്ഥയ്ക്കും, ജനങ്ങൾക്കും അനുയോജ്യമായ ജൈവസമ്പത്തിന് വ്യതിയാനം വരുത്തുന്ന വന നശീകരണം നിയമം മൂലം കർശനമായും തടയേണ്ടതാണ്.

4. നെൽവയൽ നികത്തിയെടുക്കലും അതിനോടനുബന്ധിച്ചുള്ളതുമായ പ്രശ്നങ്ങൾ

പഞ്ചായത്തിലെ പ്രധാന നെൽവയലുകളായ കടവറത്തു വയൽ, അലയമൺ വയൽ, എറയിൽ ഏല, ആനക്കുളം-കൊല്ലംചിറ ഏല തുടങ്ങിയ പാടശേഖരങ്ങളുടെ 22.77 ഹെക്ടറോളം വരുന്ന ഭാഗങ്ങൾ കാർഷികേതര ആവശ്യങ്ങൾക്കും, മറ്റു നാണ്യവിളകൾ കൃഷിചെയ്യുന്നതിനും വേണ്ടി ഉപയോഗപ്പെടുത്തിയിരിക്കുന്നു. ഇത് നിലവിലുള്ള നെൽവയലുകളുടെ വിസ്തീർണ്ണത്തിന്റെ 11.89% വരും. പരിസ്ഥിതിയേയും, നെല്ലിന്റെ ഉത്പാദനത്തേയും ബാധിക്കുന്ന ഈ പ്രക്രിയ നിരുത്സാഹപ്പെടുത്തേണ്ടതുണ്ട്. വയലുകൾ നികത്തുമ്പോൾ ആ പ്രദേശങ്ങളിലെ നീർവാർച്ചാ തോടുകളും അടയുന്നതുകൊണ്ട് വർഷകാലത്ത് വെള്ളം ഒഴുകിപ്പോകാതെ വരികയും താഴ്വരങ്ങളിൽ വെള്ളകെട്ട് അല്ലെങ്കിൽ വെള്ളപ്പൊക്കം ഉണ്ടാവുകയും ചെയ്യുന്നു. പ്രധാന നീർവാർച്ചാ തോടുകളായ അലയമൺ തോട്, കടവറത്ത് തോട്, എറയിൽ തോട്, ആനക്കുളം-കൊല്ലംചിറ തോട് എന്നിവയുടെ വശങ്ങൾ ബലപ്പെടുത്തി ചളി നീക്കി സംരക്ഷിക്കാത്തതുകൊണ്ട് അവയുടെ ആഴംകുറഞ്ഞു വരികയും, വശങ്ങൾ ഇടിയുകയും, വർഷകാലത്ത് അവയോടടുത്ത പ്രദേശങ്ങളിൽ കൃഷിനാശം ഉണ്ടാവുകയും ചെയ്യുന്നു.

നിർദ്ദേശങ്ങൾ

അലയമൺ പഞ്ചായത്തിലെ മണ്ണ്, ജലലഭ്യത, ജലസ്രോതസ്സുകൾ, ഭൂപ്രകൃതി, ഭൂവിനിയോഗം, പരിസ്ഥിതി പ്രശ്നങ്ങൾ എന്നിവ പഠനം നടത്തിയതിൽ നിന്ന് ഉരുതിരിഞ്ഞ ചില നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു.

കൂടിവെള്ളക്ഷാമം, ജലസേചനം, മണ്ണൊലിപ്പ്, വന നശീകരണം എന്നിവയ്ക്ക്.

1. നിലവിലുള്ള ജലസ്രോതസ്സുകൾ ആയ പുഴ, തോട്, കുളങ്ങൾ, കിണറുകൾ, കുഴൽകിണറുകൾ എന്നിവ പരമാവധി ഉപയോഗപ്പെടുത്തുക.

2. മണ്ണ്, ജല, വന സംരക്ഷണം.

1. നിലവിലുള്ള ജലസ്രോതസ്സുകൾ ഉപയോഗപ്പെടുത്തുക

പഞ്ചായത്തിനുള്ളിലേയും, അതിർത്തി പ്രദേശങ്ങളിലേയും നിലവിലുള്ള പ്രകൃതിദത്ത ജലസ്രോതസ്സുകളെ കുറിച്ചു പഠിക്കുമ്പോൾ ഒരു സ്കെച്ച് തയ്യാറാക്കി പഞ്ചായത്തിലെ ജനങ്ങൾക്ക് ഉപയോഗപ്രദമായ രീതിയിൽ നടപ്പാക്കാൻ കഴിയുന്ന തരത്തിലുള്ള സ്രോതസ്സുകൾ ഒന്നുംതന്നെ നിലവിലില്ല. എന്നിരുന്നാലും ഉപയോഗപ്പെടുത്താൻ കഴിയുന്ന ചില മേഖലകൾ താഴെ കൊടുക്കുന്നു.

(എ) പഞ്ചായത്തിലെ വറ്റുന്നതും, വറ്റാത്തതുമായ തോടുകളായ അലയമൺ തോട്, കടവറത്തുതോട്, എറയിൽ തോട്, ആനക്കുളം-കൊല്ലംചിറ തോട്, കല്ലാർ-ഇത്തിക്കര ആറ് എന്നിവയിൽ അനുയോജ്യമായ സ്ഥലങ്ങളിൽ ചീർപ്പുകൾ നിർമ്മിച്ച് ജലത്തിന്റെ തടസ്സമില്ലാത്ത ഒഴുക്കിനെ നിയന്ത്രണ വിധേയമാക്കുക. തോടുകളുടെ വെള്ളം അതിനോടടുത്ത പ്രദേശങ്ങളിൽ ജലസേചനത്തിനായി ഉപയോഗിക്കാവുന്നതാണ്. ഇതുമൂലം ആ പ്രദേശങ്ങളിലെ ഭൂജലത്തിന്റെ അളവ് കൂടുകയും, അതുവഴി കിണറുകളിൽ ജലലഭ്യത കൂടുകയും ചെയ്യും. പ്രധാന തോടുകളായ കല്ലാർ-ഇത്തിക്കര ആറ്, എറയിൽ തോട്, ആനക്കുളം-കൊല്ലംചിറ തോട് എന്നിവയുടെ താഴ്വരാഗ്രങ്ങളിൽ (Valley head) ചെറിയ തടയണകൾ (weirs) നിർമ്മിക്കുന്നതിനെക്കുറിച്ചും, ആ ജലം ജലസേചനത്തിനും, കുടിവെള്ളത്തിനും, ഉപയോഗപ്പെടുത്തുന്നതിനെക്കുറിച്ചും വിശദമായ പഠനങ്ങൾ നടത്തിയതിനുശേഷം ബന്ധപ്പെട്ട വകുപ്പുകൾ, ആലോചിച്ച്, തീരുമാനിച്ച് നടപ്പാക്കേണ്ടതാണ്.

(ബി) 3591 ഹെക്ടർ വിസ്തൃതിയുള്ള ഈ പഞ്ചായത്തിൽ ആകെ 3 കുളങ്ങളെ നിലവിലുള്ളൂ. വർഷകാലത്ത് ജലസംഭരണികളും, വേനൽക്കാലത്ത് ജലസ്രോതസ്സുകളുമായി പ്രവർത്തിക്കാൻ കഴിവുള്ളവയാണ് കുളങ്ങൾ. അതുകൊണ്ട് താഴ്വരകളോടനുബന്ധിച്ചും, താഴെ ചരിവുകളിലും, ചരിവുകുറഞ്ഞ പ്രദേശങ്ങളിലും തുടങ്ങി പഞ്ചായ

ത്തിന്റെ വിവിധ ഭൂപ്രകൃതി മേഖലകളിലായി ഒരു ചതുരശ്ര കി.മീറ്ററിന് ഒരു കുളമെങ്കിലും തീർക്കാനുള്ള പദ്ധതി തയ്യാറാക്കി നടപ്പാക്കേണ്ടതാണ്. അങ്ങനെ വരുമ്പോൾ വർഷകാലത്ത് കുളങ്ങളിൽ സംഭരിക്കുന്ന ജലം വേനൽക്കാലത്ത് അതിനോടടുത്ത പ്രദേശങ്ങളിൽ കുടിവെള്ളത്തിനും, ജലസേചനത്തിനുമായി ഉപയോഗപ്പെടുത്താവുന്നതാണ്. മാത്രമല്ല കുളങ്ങളിലെ ജലസംഭരണം ആ പ്രദേശങ്ങളിലെ ഭൂജലത്തിന്റെ അളവ് വർദ്ധിപ്പിക്കുകയും അതുവഴി കിണറുകൾ വറ്റാതിരിക്കുകയും ചെയ്യുന്നു.

(നി) കിണറുകളിൽ നിന്ന് വർഷം മുഴുവൻ ജലം ലഭിക്കാത്ത സാഹചര്യങ്ങളിൽ അതതരം പ്രദേശങ്ങളിൽ മാത്രം കുഴൽകിണറുകൾ കുഴിച്ച് ശുദ്ധജലം ലഭ്യമാക്കാവുന്നതാണ്. അലയമൺ പഞ്ചായത്തുൾപ്പെടുന്ന പ്രദേശങ്ങളിൽ ഭൂഗർഭ ജലലഭ്യത കൂടുതലാണെന്ന് പഠനങ്ങൾ തെളിയിക്കുന്നു (ചിത്രം 3.11).

II മണ്ണ്, ജല, വന സംരക്ഷണം

പഞ്ചായത്തിലെ പ്രധാന പരിസ്ഥിതി പ്രശ്നങ്ങളായ കുടിവെള്ളക്ഷാമം, മണ്ണൊലിപ്പ് എന്നിവയ്ക്ക് പരോക്ഷമായി ശാശ്വത പരിഹാരം കാണുന്ന മാർഗ്ഗങ്ങളാണ് താഴെ പറയുന്നത്.

മണ്ണ്, ജലം, സസ്യജാലം എന്നീ പരസ്പര പൂരകങ്ങളായ പ്രകൃതിവിഭവങ്ങൾ ആണ് പ്രകൃതിയുടെ സംതുലിതാവസ്ഥ നിലനിർത്തി കൊണ്ടുപോകുന്നത്. ഇവയിൽ ഏതെങ്കിലും ഒന്നിന്റെ സന്തുലിതാവസ്ഥ നഷ്ടപ്പെട്ടാൽ മറ്റു രണ്ടു വിഭവങ്ങളുടേയും നിലനിൽപ്പ് അപകടത്തിലാകും. മണ്ണ് സംരക്ഷണം നടപ്പാക്കാത്ത പ്രദേശങ്ങളിൽ കഠിന വർഷമുണ്ടാകുമ്പോൾ വളക്കൂറുള്ള മേൽമണ്ണ് കുത്തിയൊലിച്ചു പോകുന്നു. അങ്ങനെ സസ്യങ്ങൾക്ക് പോഷകാംശങ്ങളുടെ കലവറ നഷ്ടപ്പെടുകയും ചെയ്യുന്ന പ്രകൃതിയുടെ വിനാശകരമായ ഈ പ്രക്രിയയ്ക്ക് വിധേയമാകുന്ന ഭൂവിഭാഗം അക്ഷരാർത്ഥത്തിൽ ഊഷരഭൂമിയായി തീരുന്നു. മണ്ണൊലിപ്പുകൊണ്ട് ഭൂമിയുടെ ഫലാദായം കുറഞ്ഞുവരുന്നു എന്നു മാത്രമല്ല, മലമുകളിൽ നിന്ന് ഒലിച്ചിറങ്ങുന്ന മണ്ണ് താഴ്വരകളിലും, തോടുകളിലും നിക്ഷേപിക്കപ്പെടുകയും, വർഷം തോറും അവയുടെ ആഴം കുറഞ്ഞുവരികയും തൽഫലമായി വർഷകാലത്ത് വെള്ളപ്പൊക്കമുണ്ടാവുകയും ചെയ്യുന്നു. മാത്രമല്ല ഉയർന്ന പ്രദേശങ്ങളിലെ മേൽമണ്ണും, സസ്യകവചവും നഷ്ടമാകുന്നതോടെ മഴക്കാലത്ത് വെള്ളം വലിച്ചെടുക്കാനുള്ള മണ്ണിന്റെ ശേഷി നശിക്കുകയും, മേൽമണ്ണ് നഷ്ടമാകുന്നതോടെ അടിമണ്ണിന് വെള്ളം വലിച്ചെടുക്കാനുള്ള ശക്തി കുറയുകയും ചെയ്യുന്നതോടുകൂടി അരുവി, തോട്, കുളം, കിണർ എന്നിവ വറ്റിവരണ്ടു പോവുകയും ജലദൗർലഭ്യം രൂക്ഷമാവുകയും ചെയ്യുന്നു. മണ്ണ്, ജല, വന സംരക്ഷണത്തിലൂടെ അലയമൺ പഞ്ചായത്ത് ഇന്നഭിമുഖീകരിക്കുന്ന പ്രധാന പരിസ്ഥിതി പ്രശ്നങ്ങളിൽ നിന്ന് ഒരു പരിധി വരെ ശാശ്വതമായി മുക്തിനേടാനാകും. ഈ ലക്ഷ്യം നിറവേറ്റാനുള്ള ചില മാർഗ്ഗങ്ങൾ ചുവടെ ചേർക്കുന്നു.

1. മണ്ണ്, ജലം, സസ്യജാലം എന്നീ പ്രകൃതിവിഭവങ്ങളുടെ പരസ്പര പൂരകമായ സംതുലിതാവസ്ഥ നിലനിൽക്കുന്നത് നീർമറി (Watershed) അടിസ്ഥാനത്തിലാണ്. ഒരു സാധാരണ കർഷകനെ സംബന്ധിച്ചിടത്തോളം നീർമറിയേയും, അതിന്റെ പ്രസക്തിയേയും കുറിച്ച് സാമാന്യ ബോധം ഉണ്ടാക്കേണ്ടതുണ്ട്. എന്തുമാത്രം പ്രദേശത്തെ പെയ്തേൽക്കുന്ന വെള്ളം അവന്റെ ഭൂമിയിൽ എത്തുമെന്നും, അതിന് എന്തുമാത്രം സംഹാരശേഷി ഉണ്ടെന്നും അവൻ അറിഞ്ഞിരിക്കേണ്ടതാണ്. സ്വന്തം ഭൂമിയിലെത്തുന്ന വെള്ളത്തെ പരമാവധി എങ്ങനെ സംരക്ഷിക്കാമെന്നും ബാക്കി ജലനിർഗ്ഗമനം വിനാശരഹിതമായി എങ്ങനെ സാധിക്കും എന്നീ കാര്യങ്ങളെക്കുറിച്ച് അവനെ ബോധവൽക്കരിക്കേണ്ടതും, സാങ്കേതിക ഉപദേശങ്ങൾ നൽകേണ്ടതുമാണ്.

2. പഞ്ചായത്തിലെ ജലദൗർലഭ്യം പരിഹരിക്കുവാൻ ചെക്കുഡാമുകൾ, അണക്കെട്ടുകൾ എന്നിവയെ മാത്രം ആശ്രയിച്ചാൽ പൂർണ്ണമായും പ്രശ്നപരിഹാരമാവുകയില്ല. ആയതിനാൽ മുഴുവൻ ആവശ്യങ്ങളും നേരിടുന്നതിന്റെ ആദ്യപടിയായി ഉയർന്ന കൃഷിഭൂമികളിലെ മഴവെള്ളം അതാതിടങ്ങളിൽ തടഞ്ഞുനിർത്തി മണ്ണിനുള്ളിലേയ്ക്ക് ഊർന്നിറങ്ങി ഭൂഗർഭജലവിതാനം (Ground water table) ഉയർത്തുകയും അതുവഴി കിണറുകൾ വറ്റാതിരിക്കുകയും, തോടുകളിലും, പുഴകളിലും വർഷം മുഴുവൻ നീരൊഴുക്ക് ഉറപ്പുവരുത്തുകയും ചെയ്യത്തക്ക പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകുക.

3. മഴവെള്ളം ഓരോ തട്ടിലും തടഞ്ഞുനിർത്തി ഭൂമിയിലേക്ക് ഊർന്നിറങ്ങാൻ സമയം കൊടുക്കുന്നതിനുവേണ്ടിയും, മണ്ണൊലിപ്പ് തടയുന്നതിനുവേണ്ടിയും ചരിവിനു കുറുകെ കോണ്ടൂർബണ്ടുകളോ, കല്ലുപയോഗിച്ചുള്ള ബണ്ടുകളോ ചരിവിനു കുറുകെയുള്ള ചാലുകളോ, കുഴികളോ നിർമ്മിക്കുക.

4. മരച്ചീനി (കപ്പ), ഇഞ്ചി, ചേന തുടങ്ങിയ കിഴങ്ങു വർഗ്ഗത്തിൽപ്പെട്ട വിളകൾ ചരിവിനു കുറുകെ വരമ്പുകളും, ചാലുകളും വരത്തക്കവണ്ണം കൃഷി ചെയ്യേണ്ടതാണ്. ഒരു കാരണവശാലും മുകളിൽ നിന്ന് താഴേയ്ക്ക് ചെറു ചാലുകൾ രൂപീകൃതമാകത്തക്കവണ്ണം കൃഷി ചെയ്യരുത്. തെങ്ങ്, കശുമാവ്, മറ്റ് ഫലവൃക്ഷങ്ങൾ എന്നിവ കൃഷി ചെയ്യുന്ന പ്രദേശങ്ങളിൽ തോട്ടപ്പയർ പോലുള്ള ആവരണവിളകൾ കൃഷി ചെയ്യുക.

5. മഴവെള്ളം കിനിഞ്ഞിറങ്ങാനും, ഈർപ്പം നിലനിർത്താനും, മണ്ണിൽ പ്രകടമായ ജൈവാംശ സാന്നിദ്ധ്യം ആവശ്യമാണ്. ഇതിനായി ശീമക്കൊന്ന പോലുള്ള കുറ്റിച്ചെടികൾ ചരിവിനു കുറുകെ വച്ചുപിടിപ്പിച്ച് അവയുടെ പച്ചിലകൊണ്ട് പ്രധാന കൃഷിക്ക് പുത വയ്ക്കേണ്ടതുമാണ്. വീടും പരിസര പ്രദേശങ്ങളും അടിച്ചു വാരുന്ന ചപ്പുചവറുകൾ, ഉണക്കയിലകൾ, മറ്റു ജൈവാവ ശിഷ്ടങ്ങൾ എന്നിവ കത്തിച്ചുകളയാതെ കൃഷിയിടങ്ങളിൽ പുതയിടേണ്ടതാണ്. ഇപ്രകാരം ചെയ്യുമ്പോൾ മണ്ണിൽ കിനിഞ്ഞിറങ്ങുന്ന വെള്ളം കിണറുകളും, തോടുകളും വറ്റാതെ സഹായിക്കുകയും, ബാഷ്പീകരണം മൂലം ഭൂമിയുടെ ഉപരിതലത്തിൽ നിന്നും നഷ്ടപ്പെടുന്ന ജലത്തിന്റെ അളവ് കുറയുകയും ചെയ്യുന്നു. ഇതിലുപരി ഈർപ്പം നിലനിർത്തുന്നതുകൊണ്ട് ജലസേചനാവശ്യം കുറയുകയും ചെയ്യും.

6. കുന്നിൻ മുകളിൽ നിന്ന് താഴോട്ട് ഒഴുകുന്ന ചാലുകൾ അതാതിടങ്ങളിൽ ലഭ്യമായ കല്ലുകൾ, തടികൾ എന്നിവ കൊണ്ട് തടസ്സങ്ങൾ കെട്ടി ജലവാഹത്തിന്റെ വേഗത കുറയ്ക്കേണ്ടതാണ്.

മനുഷ്യസമ്പത്ത്

1991 ലെ കനേഷുമാരിയനുസരിച്ച് അലയമൺ പഞ്ചായത്തിലെ ജനസംഖ്യ 18538 ആണ്. ഇതിൽ 9109 പുരുഷന്മാരും 9429 സ്ത്രീകളും ആണ്. 3903 കുടുംബങ്ങളായി അധിവസിക്കുന്ന ഇവരിൽ 2535 പേർ പട്ടികജാതിക്കാരും, 31 പേർ പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ടവരുമാണ്. (പട്ടിക 3.13 ചിത്രം 3.14). 516 ആളുകൾ / ചതുരശ്ര കിലോമീറ്റർ ആണ് ഇവിടത്തെ ജനസാന്ദ്രത. ഇത് സംസ്ഥാന ജലസാന്ദ്രതയേക്കാളും (749 ആളുകൾ / ച.കി.), കൊല്ലം ജില്ലയിലെ ജനസാന്ദ്രതയേക്കാളും (967 ആളുകൾ / ച.കി.) വളരെ കുറവാണ്. സ്ത്രീപുരുഷ അനുപാതം കണക്കാക്കുമ്പോൾ കൊല്ലം ജില്ലയിലെ സ്ത്രീപുരുഷ അനുപാതവുമായി യോജിച്ചുപോകുന്നു. (1000 പുരുഷന്മാർക്ക് 1035 സ്ത്രീകൾ), സംസ്ഥാനത്ത് ഇത് 1000ന് 1036 ആകുന്നു. 6 വയസ്സിനു താഴെയുള്ള കുട്ടികളുടെ ആൺകുട്ടി; പെൺകുട്ടി അനുപാതം പരിശോധിക്കുമ്പോൾ ഇതിൽനിന്നും വളരെ വ്യത്യസ്തമായൊരു ചിത്രം നമുക്ക് കാണാൻ കഴിയും. 6 വയസ്സിനു താഴെയുള്ള കുട്ടികളിൽ 1000 ആൺകുട്ടികൾക്ക് 930 പെൺകുട്ടികൾ മാത്രമേയുള്ളൂ എന്ന കാര്യം ശ്രദ്ധേയമാണ് (പട്ടിക 3.15). ഇത് പഞ്ചായത്തിൽ ഇന്ന് നിലവിലുള്ള സ്ത്രീ പുരുഷ അനുപാതവുമായി തട്ടിച്ചുനോക്കുമ്പോൾ 6 വയസ്സിനു താഴെയുള്ള കുട്ടികളിൽ സ്ത്രീപുരുഷ അനുപാതം 1000 ന് 105 (പെൺകുട്ടികൾ) എന്ന തോതിൽ കുറവ് വന്നിട്ടുള്ളതായി കാണാം. ഇത് ഭാവിയിൽ ഈ പ്രദേശങ്ങളിൽ ഉണ്ടാകാൻ പോകുന്ന സാമൂഹ്യ മാറ്റങ്ങളിലേയ്ക്ക് വിരൽ ചൂണ്ടുന്നു.

വിദ്യാഭ്യാസം

നിലവിലുള്ള സാഹചര്യത്തിനുള്ളിൽ നിന്നുകൊണ്ടു തന്നെ വിദ്യാഭ്യാസ പരമായി മുന്നേറാൻ ഇവിടത്തെ ജനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടെങ്കിൽ കൂടി ജില്ലയിലെ മൊത്തം ജനങ്ങളുടെ വിദ്യാഭ്യാസ നിലവാരവുമായി തട്ടിച്ചു നോക്കുമ്പോൾ അൽപം പുറകിലാണെന്നു പറയാതെ വയ്യ. 1991 ലെ കനേഷുമാരി കണക്കുകൾ പ്രകാരം പഞ്ചായത്തിലെ ആകെ ജനസംഖ്യയിൽ 80.66% പുരുഷന്മാരും (7347), 76.02% സ്ത്രീകളും (7168) സാക്ഷരരാണെന്നു കാണാം. ഇത് ജില്ലാ സാക്ഷരതാ ശതമാനത്തേക്കാൾ (പുരുഷന്മാർ 94.89%, സ്ത്രീകൾ 87.00%) കുറവാണെന്നു കാണാം (പട്ടിക 3.14). ഭൂമിശാസ്ത്രപരമായുള്ള ഈ പ്രദേശത്തിന്റെ സ്ഥാനത്തിനും, സാമൂഹ്യ, സാംസ്കാരിക, സാമ്പത്തിക പശ്ചാത്തലത്തിനും ഇവിടത്തെ ജനങ്ങളുടെ

(അലയമൺ പഞ്ചായത്തിലെ വാർഡ് തല ജനസംഖ്യ വിവരം)

പട്ടിക 3.13

വാർഡ് നമ്പർ	ആകെ കുടുംബങ്ങളുടെ എണ്ണം	ആകെ ജനസംഖ്യ	പുരുഷന്മാർ ആകെ	സ്ത്രീകൾ ആകെ	പട്ടികജാതി		പട്ടികവർഗ്ഗം		സ്ത്രീ-പുരുഷ അനുപാതം
					പുരുഷന്മാർ	സ്ത്രീകൾ	പുരുഷന്മാർ	സ്ത്രീകൾ	
I	427	1893	904	989	53	52	1	1	1094
II	415	1971	956	1015	118	112	-	-	1062
III	473	2150	1036	1114	119	121	-	-	1075
IV	465	2186	1079	1107	195	181	-	-	1025
V	476	2402	1185	1217	72	63	-	-	1027
VI	285	1458	707	751	120	122	-	-	1062
VII	434	1950	980	970	117	101	-	-	990
VIII	432	2096	1036	1060	215	226	7	3	1023
IX	496	2432	1226	1206	270	278	13	6	984
Total	3903	18538	9109	9429	1279	1256	21	10	1035

അവലംബം: സെൻസസ്സ് 1991

വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥയിൽ പലപ്പോഴുണ്ടെന്നു വേണം കരുതാൻ.

തൊഴിൽ


തികച്ചും ഒരു കാർഷികാധിഷ്ഠിത ഗ്രാമമായ ഈ പഞ്ചായത്തിലെ ജനങ്ങൾ വിവിധ തുറകളിലായി തൊഴിലെടുക്കുന്നുണ്ട്. പ്രധാനമായും കാർഷിക മേഖലയിലാണെങ്കിലും, മൃഗസംരക്ഷണം, കുടിൽവ്യവസായം, നിർമ്മാണപ്രവർത്തനം, വാണിജ്യം, വ്യാപാരം, വാർത്താവിനിമയം, ഗതാഗതം തുടങ്ങിയ മേഖലകളിലും ഇവിടത്തെ ജനങ്ങൾ ജോലിയെടുക്കുന്നു. 1991 ലെ കനേഷുമാരി കണക്കുകൾ അനുസരിച്ച് ആകെ ജനസംഖ്യയുടെ 30% പേർക്കു മാത്രമേ (5423) സ്ഥിരമായി തൊഴിലുള്ളൂ. ബാക്കി വരുന്ന 70% പേരും (13109) തൊഴിൽരഹിതരാണ്. പ്രധാന ജോലിക്കാരിൽ 22% പേർ (1198) കർഷകരും, 33% പേർ (1764) കർഷക തൊഴിലാളികളും, ബാക്കിവരുന്ന 45% പേർ (2461) മൃഗസംരക്ഷണം, ഖനനം, ഗതാഗതം, വാർത്താവിനിമയം, വ്യവസായം, വാണിജ്യം തുടങ്ങിയ മേഖലകളിൽ തൊഴിലെടുക്കുന്നു (പട്ടിക 3.16). ഇതിൽ കർഷക തൊഴിലാളികൾ മറ്റു വ്യവസായ മേഖലകൾ, മൃഗസംരക്ഷണം എന്നീ മേഖലകൾ ഒഴിച്ചുനിർത്തിയാൽ മറ്റെല്ലാ മേഖലയിലും തന്നെ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം തുലോം തുച്ഛമാണെന്നു കാണാം. കാർഷികാടിത്തറ ഉണ്ടായിട്ടുപോലും ഇവിടത്തെ ജനങ്ങൾക്ക് കാർഷികാധിഷ്ഠിത കുടിൽവ്യവസായത്തിലോ, മൃഗസംരക്ഷണം, ഡയറി തുടങ്ങിയ മേഖലകളിലോ കാര്യമായി മുന്നോട്ടു പോകാൻ കഴിഞ്ഞിട്ടില്ല.

തൊഴിലില്ലായ്മ

കേരള സംസ്ഥാനത്തിൽ മറ്റെല്ലാ പ്രദേശങ്ങളിൽ നിന്നും വ്യത്യസ്തമല്ലാത്ത രീതിയിൽ ഇവിടെയും തൊഴിലില്ലായ്മ രൂക്ഷമാണ്. പഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ (18538) 70% പേരും തൊഴിൽ രഹിതരാണ് (13109). ഇതിൽ 1.45% പേർക്ക് (188) നാമമാത്രമായി തൊഴിലുണ്ട്. തൊഴിൽ

DIA 3.14.

ALAYAMON PANCHAYAT POPULATION & UNEMPLOYMENT (WARDWISE)



SOURCE - CENSUS, 1991.

PROCESSED BY - PRM, CESS.

അലയമൺ പഞ്ചായത്തിലെ 6 വയസ്സിനു താഴെയുള്ള കുട്ടികളുടെ വാർഡ് തല വിവരം പട്ടിക 3.15

വാർഡ്	ആകെ കുട്ടികൾ 6 വയസ്സിനു താഴെ	ആൺകുട്ടികൾ	പെൺകുട്ടികൾ	പെൺ: ആൺ കുട്ടി അനുപാതം	നിലവിലുള്ള സ്ത്രീ-പുരുഷ അനുപാതവുമായുള്ള വ്യതിയാനം (6 വയസ്സിനു മുകളിലുള്ളവരുടെ)
I	245	132	113	1000ന്-956	-238
II	243	120	123	1000ന്-1025	-37
III	275	130	145	1000ന്-1115	+40
IV	278	144	134	1000ന്-930	-95
V	329	151	178	1000ന്-1179	+152
VI	200	111	89	1000ന്-802	-260
VII	237	140	97	1000ന്-693	-297
VIII	236	129	107	1000ന്-829	-194
IX	248	130	118	1000ന്-908	-76
Total	2291	1187	1104	1000ന്-930	-105

പട്ടിക 3.14

വാർഡ്	സാക്ഷരത		സാക്ഷരതാ ശതമാനം	
	പുരുഷൻ	സ്ത്രീ	പുരുഷൻ	സ്ത്രീ
I	756	816	83.63	82.50
II	801	805	83.79	74.31
III	856	859	82.63	77.11
IV	849	770	78.68	69.56
V	967	867	81.60	71.24
VI	528	567	74.68	75.50
VII	780	788	79.59	81.24
VIII	826	803	79.73	75.75
IX	984	893	80.26	74.05
Total	7347	7168	80.66	76.02

അവലംബം: സെൻസസ്സ് 1991

രഹിതരിൽ 36% (4703) പേർ പുരുഷന്മാരും 64% പേർ (8224) സ്ത്രീകളും ആണ് (ചിത്രം 3.14). തൊഴിലില്ലായ്മ എങ്ങനെ പരിഹരിക്കാം എന്നത് ഇവിടത്തെ ജനങ്ങളുടെ മനസ്സിൽ ഒരു ചോദ്യചിഹ്നമായി നിലനിൽക്കുന്നു. കാർഷിക മേഖലയിൽ ഉൽപാദനം വർദ്ധിപ്പിച്ചും, കാർഷികാധിഷ്ഠിതമായതും, അല്ലാത്തതുമായ കുടിൽ വ്യവസായങ്ങൾ ആരംഭിച്ചും ഇവിടത്തെ തൊഴിലില്ലായ്മയ്ക്ക് പരിഹാരം കാണേണ്ടതുണ്ട്. പരമ്പരാഗത തൊഴിൽമേഖല, മൃഗസംരക്ഷണം, കോഴിവളർത്തൽ തുടങ്ങിയ മേഖലകളിൽ സ്ത്രീകൾക്ക് സ്വയം തൊഴിൽ കണ്ടെത്താനാകും. പ്രധാന വിളയായ റബ്ബറിനെ അടിസ്ഥാനപ്പെടുത്തിയുള്ള ചെറുകിട വ്യവസായങ്ങളെ കുറിച്ചും ആലോചിക്കേണ്ടതുണ്ട്. കാർഷികാധിഷ്ഠിതവും, ചെറുകിട, കുടിൽ വ്യവസായങ്ങൾക്ക് ഊന്നൽ കൊടുത്തുകൊണ്ടുമുള്ള വികസന പ്രവർത്തനത്തിനേ ഈ പഞ്ചായത്തിലെ തൊഴിലില്ലായ്മ പരിഹരിക്കാൻ കഴിയുകയുള്ളൂ.

പട്ടിക 3.15

അലയമൺ പഞ്ചായത്തിലെ വിവിധതുറയിലുള്ള തൊഴിൽ പങ്കാളിത്തം വാർഡ് തലത്തിൽ കാണിക്കുന്ന പട്ടിക താഴെ കൊടുക്കുന്നു.

വാർഡ്	കൂലിവേല ചെയ്യുന്നവർ		കർഷകർ		കർഷക തൊഴിലാളികൾ		മൃഗസംരക്ഷണം, കോഴി, തോട്ടങ്ങൾ എന്നിവയും ഗാർഹിക സ്വയംതൊഴിൽ		വനം		കുടിൽ വ്യവസായം		മറ്റ് വ്യവസായങ്ങൾ		നിർമ്മാണ പ്രവർത്തനം		വാണിജ്യം / വ്യവസായം		ഗതാഗതം / വാർത്താവിനിമയം		മത്സ്യ ബന്ധനം		തയ്യൽ തുടങ്ങിയ സ്വയംതൊഴിൽ		തൊഴിൽ രഹിതർ	
	പു.	സ്ത്രീ	പു.	സ്ത്രീ	പു.	സ്ത്രീ	പു.	സ്ത്രീ	പു.	സ്ത്രീ	പു.	സ്ത്രീ	പു.	സ്ത്രീ	പു.	സ്ത്രീ	പു.	സ്ത്രീ	പു.	സ്ത്രീ	പു.	സ്ത്രീ	പു.	സ്ത്രീ	പു.	സ്ത്രീ
I	314	97	40	4	66	13	5	2	-	-	-	-	30	19	10	-	56	3	30	2	77	54	5	-	585	892
II	433	105	104	1	136	47	21	-	-	-	3	-	23	17	36	1	46	1	14	11	50	27	-	3	523	907
III	513	94	101	3	129	30	60	4	2	-	4	-	55	25	23	-	53	3	47	1	39	28	16	14	507	1006
IV	497	161	135	-	204	94	38	3	-	-	1	1	19	35	17	3	41	2	12	1	30	22	18	22	564	924
V	578	99	111	3	198	40	22	3	-	-	-	-	64	19	2	-	38	8	27	-	116	26	12	16	595	1102
VI	316	93	105	2	123	69	10	-	-	-	-	-	18	4	1	1	22	-	5	1	32	16	-	-	391	658
VII	495	129	195	9	151	36	96	40	-	-	-	-	4	7	1	-	15	1	4	-	29	36	2	8	483	833
VIII	502	148	159	14	228	94	40	3	9	3	-	1	13	9	1	-	24	5	10	2	18	17	20	46	514	866
IX	681	168	210	2	201	99	36	6	1	1	1	-	27	18	13	-	55	4	30	2	107	36	4	2	541	1036
Toatl	4329	1094	1160	38	1436	522	328	61	12	4	9	2	253	153	104	5	350	27	179	20	498	262	77	111	4703	8224

V വികസനത്തിന്റെ മേഖലകൾ

[1] കൃഷിയും ജലസേചനവും

[2] മൃഗസംരക്ഷണവും, മത്സ്യബന്ധനവും

[3] വിദ്യാഭ്യാസം

[4] കുടിവെള്ളവും, പൊതുജനാരോഗ്യവും

[5] വ്യവസായം

[6] ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

[7] പാർപ്പിടവും, സാമൂഹ്യക്ഷേമവും


[8] സംസ്ക്കാരം

[9] വനിത

[10] സഹകരണം

[11] പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

[12] വിഭവസമാഹരണം



കൃഷി – ജലസേചനം

പ്രധാനമായും കാർഷിക വിളകളെ മാത്രം ആടിസ്ഥാനമാക്കിയുള്ള ഒരു സമ്പദ്‌വ്യവസ്ഥയാണ് അലയമൺ പഞ്ചായത്തിന്റേത്. കാർഷികാഭിവൃദ്ധിക്ക് ഊന്നൽ നൽകിയാണ് നമ്മുടെ മിക്ക പഞ്ചവത്സരപദ്ധതികളും നടപ്പിലായതെങ്കിലും ഈ രംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. പദ്ധതി നടത്തിപ്പിലെ പാളിച്ചകളും, കൃഷിക്കാരുടെ പങ്കാളിത്തക്കുറവും ഉത്പന്നങ്ങളുടെ വിപണന മേഖലയിലെ പ്രശ്നങ്ങളും ഇതിന് കാരണമായിട്ടുണ്ട്. കർഷകത്തൊഴിലാളികളുടെ അഭാവം, അവരുടെ കൂലിയിൽ വന്നിട്ടുള്ള ഗണ്യമായ വർദ്ധനവ് വളത്തിന്റെയും കീടനാശിനിയുടെയും കാർഷികോല്പന്നങ്ങളുടെയും അനിയന്ത്രിതമായ വിലക്കയറ്റം തുടങ്ങിയവ മറ്റ് പ്രശ്നങ്ങളാണ്. പരമ്പരാഗത കൃഷി സമ്പ്രദായങ്ങളെമാത്രം അവംലബിച്ചുള്ള കൃഷിരീതിയാണ് ഇന്നും നിലനിൽക്കുന്നത്. കാർഷികവികസനരംഗത്തെ ഒരേപദ്ധതികൾ തന്നെ പല ഡിപ്പാർട്ട്മെന്റുകൾ വഴി നടപ്പിലാക്കുന്ന ഇന്നത്തെ സമ്പ്രദായം കർഷകനെ സംബന്ധിച്ച് വേണ്ടത്ര പ്രയോജനം ലഭിക്കുന്നില്ല.

ഭൂവിനിയോഗം

നമ്പർ	ഭൂവിനിയോഗം	വിസ്തീ: ഹെക്ട:	ശതമാനം	ഉത്പാദനം
1	നെല്ല്	191.48	5.33	2150 കി.ഗ്രാം/ഹെക്ട/വർഷം
2	റബ്ബർ	1990.84	55.44	760 കി.ഗ്രാം/ഹെക്ട/വർഷം
3	കശുമാവ്	8.67	0.24	850 കി.ഗ്രാം/ഹെക്ട/വർഷം
4	എണ്ണപ്പന	545.48	15.19	-
5	മിശ്രിതവിളകൾ	299.45	8.34	
	തെങ്ങ്			5200 തേങ്ങ/ഹെക്ട/വർഷം
	കവുങ്ങ്			-
	കുരുമുളക്			250 കി.ഗ്രാം/ഹോക്ട/വർഷം
	വാഴ			-
	മരച്ചീനി			18 മെ.ടൺ/ഹെക്ട/വർഷം
	ഇഞ്ചി			-
	പയർ വർഗ്ഗങ്ങൾ			150 കി.ഗ്രാം/ഹെക്ട/വർഷം
	പച്ചക്കറി			-
6	ഉപയുക്തമായ തരിശ് ഭൂമി		1.08	0.03
7	* നിക്ഷിപ്തവനങ്ങൾ	554.00	15.43	
	ആകെ	3591.00	100.00	
	* തിങ്ങിനിറഞ്ഞവനങ്ങൾ	537.26		
	യൂക്കാലി തോട്ടങ്ങൾ	14.47		NA-ലഭ്യമല്ലാത്തത്.

കാർഷിക വ്യവസ്ഥനേരിടുന്ന രൂക്ഷമായപ്രശ്നമാണ് ജലലഭ്യതയുടേത്. 3591 ഹെക്ടർവിസ്തൃതിയുള്ള ഈ പഞ്ചായത്തിൽ 575 ഹെക്ടർ നിക്ഷിപ്തവനഭൂമി കഴിഞ്ഞാൽ 3016 ഹെക്ടർ സ്ഥലവും കൃഷിയ്ക്കായി ഉപയോഗിക്കുന്നുണ്ട്. എന്നാൽ ഇവയിൽ ജല സേചന സൗകര്യമുള്ള പ്രദേശങ്ങൾ 1% പോലും വരുന്നില്ല. അതായത് കാലവർഷത്തെമാത്രം ആശ്രയിച്ചുള്ള കൃഷി സമ്പ്രദായമാണ് നിലവിലുള്ളത്. പഞ്ചായത്തിന് ആകെയുള്ള 3 കുളങ്ങളിൽ 2 എണ്ണം കൃഷിക്ക് ആവശ്യമായ ജലസേചന സൗകര്യങ്ങൾ നടപ്പിലാക്കിയവ ആയിരുന്നു. നിലവിൽ അതും ഇല്ലാത്ത അവസ്ഥയാണ്. ഈ പഞ്ചായത്തിൽ വറ്റാത്ത പുഴകളായി ഇത്തിക്കര ആറ്, ഇറയിൽ പുല്ലാഞ്ഞിയോട് തോട്, അലയമൺ തോട്, എന്നിവയാണ് ഉള്ളത്. ഈ തോടുകളുമായി ബന്ധപ്പെടുത്തിയാതൊരു വിധജലസേചന പദ്ധതികളും നാളിതുവരെ നടപ്പിലാക്കിയിട്ടില്ല. തത്ഫലമായി പഞ്ചായത്തിന്റെ പ്രാധാന കാർഷികവിളകളായ നെല്ല്, കുരുമുളക്, തെങ്ങ്, അടയ്ക്ക, കശുവണ്ടി, ഏത്തവാഴ, ഇഞ്ചി, മരച്ചീനി എന്നിവയുടെ ഉത്പാദനം സംസ്ഥാന ശരാശരിയിൽ നിന്നും വളരെയേറെ കുറഞ്ഞ് കൊണ്ടിരിക്കുന്നു. ഫലഭൂയിഷ്ടമായ മണ്ണ് ഉള്ള ഈ പ്രദേശത്ത് ജലസേചനസൗകര്യം ഏർപ്പെടുത്തുകയും കൃഷി സമ്പ്രദായം ആധുനിക വൽക്കരിക്കുകയും, വളപ്രയോഗരീതശാസ്ത്രിയമാക്കുകയും ചെയ്താൽ കാർഷിക മേഖലയിൽ വൻനേട്ടങ്ങൾ ഉണ്ടാക്കുവാൻ കഴിയുന്നതിലൂടെ പഞ്ചായത്തിന്റെ സമ്പദ്വ്യവസ്ഥതന്നെ സമഗ്രമായ പുരോഗതി കൈവരിക്കും.

ഭൂടമസ്ഥതയുടെ വിവരണം

1.	10 സെന്റ് വരെ ഭൂമിയുള്ളവർ	2342
2.	11 സെന്റ് മുതൽ 25 സെന്റ് വരെ	1214
3.	26 സെന്റ് മുതൽ 50 സെന്റ് വരെ	827
4.	51 സെന്റ് മുതൽ 1 ഏക്കർ വരെ	414
5.	1 ഏക്കർ മുതൽ 2 ഏക്കർ വരെ	196
6.	2 ഏക്കറിന് മേൽ 5 ഏക്കർ വരെ	85
7.	5 ഏക്കറിന് മേൽ	62
	ആകെ	5140

നെൽകൃഷിചെയ്യുന്ന ഏലകളുടെ വിവരം

ഏലകൾ ആകെ 7 എണ്ണം

1.	ഉത്താംപള്ളി - നിലമേൽ	25 ഹെക്ടർ
2.	കാരായിക്കോണം - പനയറവട്ടം	19 ഹെക്ടർ
3.	പുല്ലാഞ്ഞിയോട് - വലിയവയൽ	19 ഹെക്ടർ
4.	കട്ടിനാട് - കരുകോൺ	31 ഹെക്ടർ
5.	ഇളവൂർ - മടന്തക്കോണം	16 ഹെക്ടർ
6.	കോടാന്നൂർ - ആനക്കുളം	51 ഹെക്ടർ
7.	മീൻകുളം-മണക്കോട്	18 ഹെക്ടർ

നമ്പർ	വിള	ഉല്പാദനം സംസ്ഥാന ശരാശരി	പഞ്ചായത്ത് ശരാശരി	ഗ്യാപ്പ്
1	നെല്ല്	2193 Kg/He	2050 Kg/He	-143
2	കുരുമുളക്	270 Kg/He	280 Kg/He	+10
3	കശുവണ്ടി	820 Kg/He	770 Kg/He	-50
4	മരച്ചീനി	19.87 Kg/He	20 MT/He	+1.3
5	തെങ്ങ	5890 nut/He	5600 nuts/He	-290
6	റബ്ബർ	934 Kg/He	900 Kg/He	-34
7	ഏത്തപ്പഴം	7957 Kg/He	8200 Kg/He	+249
8	അടയ്ക്ക	213409 nuts/He	107500 nuts/He	-105909

1950 മുതൽ ആരംഭിച്ച റബ്ബർകൃഷി ഇന്ന് പഞ്ചായത്തിലെ കൃഷിവിഭങ്ങളിൽ പ്രഥമ സ്ഥാനം വഹിക്കുന്നു. വൻകിട റബ്ബർ കൃഷിക്കാരെ അപേക്ഷിച്ച് ചെറുകിട-നാമമാത്രകർഷകരാണുള്ളത്. റബ്ബറിന് അനുയോജ്യമായ കാലാവസ്ഥയും മണ്ണും ഉണ്ടായിട്ടും സംസ്ഥാന ശരാശരിയേക്കാൾ കുറവാണ് ഉത്പാദനം. റബ്ബറിന് അനുപേഷണീയമായ അത്യുത്പ്പാദനശേഷിയുള്ള തൈകളുടെ കുറവും ശരിയായ വളപ്രയോഗത്തിന്റെ അഭാവവും റബ്ബർ ഉത്പാദനത്തെ സാരമായി ബാധിക്കുന്നുണ്ട്.

1920 കൾ തൊട്ട് പഞ്ചായത്തിലെ പ്രധാനവിളയാ[illegible] നെല്ല് എന്നാൽ ഇന്ന് നെല്ല് ഉത്പാദനം ഓരോവർഷം കഴിയുന്തോറും സംസ്ഥാന ശരാശരിയേക്കാൾ കുറഞ്ഞ് വരികയാണ്. ഉള്ള നിലങ്ങൾ ചുരുങ്ങിവരുന്നതും, ജൈവവളപ്രയോഗത്തിന്റെ അഭാവവും, കൃഷിചെയ്യുന്നതിനുണ്ടായ വർദ്ധിച്ചചിലവും, ജലസേചന സൗകര്യമില്ലായ്മയും ഈ കൃഷിയെ അനുദിനം ക്ഷീണിപ്പിക്കുന്നു. നെല്ലിനുണ്ടാകുന്ന വിവിധതരം രോഗങ്ങളെ ഫലപ്രദമായി തടയുന്നതിനുള്ള മാർഗ്ഗങ്ങൾ ഇല്ലായ്മയും മറ്റൊരു കാരണമാണ്. ഉല്പാദനചിലവിലുണ്ടായ ഗണ്യമായ വർദ്ധനവും ഉത്പ്പാദന കുറവും നെൽകൃഷിക്കാരെ ഇതരകൃഷികളിലേക്ക് തിരിയുവാൻ പ്രേരിപ്പിക്കുന്നു.

ഏറെ വിപണസാധ്യതയുള്ള ഒരു കൃഷിയാണ് ഇഞ്ചി. ഈ കൃഷി അഭിവൃദ്ധിപ്പെടുത്തുവാനുള്ള ബോധപൂർവ്വമായ യാതൊരു ശ്രമവും ഒരു ഭാഗത്ത് നിന്നും ഉണ്ടായിട്ടില്ല. ഇഞ്ചികൃഷിക്ക് അനുയോജ്യമായ പശിമയുള്ള മണ്ണ് ഈ പഞ്ചായത്തിന്റെ എല്ലാ ഭാഗത്തുമുണ്ട്. എന്നിരുന്നാൽ തന്നെ ഈ കൃഷി ചെയ്യുന്ന കർഷകരുടെ എണ്ണം വളരെകുറവാണ്.

കുരുമുളക് പ്രധാന വരുമാന മാർഗ്ഗമായി കണ്ട് കൃഷിചെയ്യുന്ന കർഷകരുടെ എണ്ണം ഈപഞ്ചായത്തിൽ കുറവാണ്. മിക്ക കൃഷിക്കാരും ഒരു ഉപവിളയായി മാത്രമേ കുരുമുളകിനെ എടുത്തിട്ടുള്ളു എന്നിട്ടും സംസ്ഥാന ശരാശരിയേക്കാൾ കുരുമുളക് ഉത്പാതനം ഈപഞ്ചായത്തിൽ കൂടുതലാണ്. കുരുമുളകിനെയും തോട്ടവിളയായി കണക്കാക്കി കൃഷിചെയ്യുന്നതിന് പ്രോൽസാഹിപ്പിക്കുകയും ആവശ്യമായ സഹായങ്ങൾ നൽകുകയും ചെയ്താൽ ഏറെ സാധ്യതയുള്ള മേഖലയാണ് കുരുമുളക് ഉത്പാതന മേഖല.

ലോക കമ്പോളത്തിൽ ഏറ്റവും ഡിമാന്റുള്ള കശുവണ്ടി ഈപഞ്ചായത്തിൽ നാമ മാത്രമായി മാത്രമേ ഉത്പാദിപ്പിക്കുന്നുള്ളു. കശുവണ്ടിയെ അടിസ്ഥാന മാക്കിയുള്ള 4 വ്യസായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന ഈപഞ്ചായത്തിൽ ഈവ്യസായസ്ഥാപനങ്ങൾക്ക് ആവശ്യമായ കശുവണ്ടിയുടെ 1% പോലും ഉത്പാദിപ്പിക്കുന്നില്ല. ഇതിന്റെയും പ്രധാന കാരണം കശുവണ്ടിയെ തോട്ടവിളയായി കണക്കാക്കാതെ ഉപവിളയായിമാത്രം കൃഷിചെയ്യുന്ന രീതിയാണുള്ളത്. വളരെ ചുരുങ്ങിയ അധ്വാനവും ചിലവും വേണ്ടിവരുന്ന ഈകൃഷി കാര്യമായ പ്രോൽസാഹനം അർഹിക്കുന്നു.

നെൽ കൃഷി ലാഭം അല്ലാത്തതിനാൽ പാടങ്ങൾ നികത്തി ആരംഭിച്ച ഏത്തവാഴ കൃഷി ഇന്ന് പഞ്ചായത്തിന്റെ കാർകമേഖലയിലെ പ്രധാനപ്പട്ട ഒരിനമാണ്. സംസ്ഥാന ശരാശരിയെക്കാൾ കൂടുതൽ ഉത്പാതന ക്ഷമതകാണിക്കുന്നുണ്ടെങ്കിലും ഉത്പാദനചിലവുമായി തട്ടിച്ച്നോക്കിയാൽ ആദായം അത്രകണ്ട് മെച്ചമല്ല. വാഴകൃഷിയിൽ നേരിട്ട് കൊണ്ടിരിക്കുന്ന ഗുരുതരമായരോഗങ്ങൾക്ക് സത്വരപരിഹാരം കണ്ട് ഈകൃഷിയെ ലാഭകരമാക്കേണ്ടിയിരിക്കുന്നു.

ഏറെ സാധ്യതകൾ ഉള്ളതും എന്നാൽ വേണ്ടത്ര ശ്രദ്ധ ലഭിക്കാത്തതുമായ കൃഷിയാണ് പച്ചക്കറി. സംസ്ഥാനത്ത് ഇന്ന് ആവശ്യമായി വരുന്ന പച്ചക്കറിയുടെ ¾ ഭാഗവും അന്യസംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്നതാണ്. യഥാർത്ഥത്തിൽ ആവശ്യമുള്ള മുഴുവൻ പച്ചക്കറിയും ഇവിടെ തന്നെ ഉത്പാദിപ്പിക്കുവാനുള്ള ഭൗതീകസാഹചര്യം നിലവിലുണ്ട്. പാടങ്ങളിൽ രണ്ടാം വിളകഴിഞ്ഞ് ഇടവിളയായി പയർവർഗ്ഗങ്ങളും ഇതര പച്ചകറികളും കൃഷിചെയ്യാവുന്നതാണ്. ജലസേചന സൗകര്യം ഉണ്ടെങ്കിൽ തെങ്ങിൻതോപ്പുകളിൽ ആദായകരമായി കൃഷിചെയ്യാവുന്നതാണ് പച്ചക്കറി കൃഷി. എന്നാൽ ഈ സാദ്ധ്യതകൾ ഒന്നും തന്നെ ഈ പഞ്ചായത്തിൽ പ്രയോജനപ്പെടുത്തുന്നില്ല.

സംസ്ഥാന ശരാശരിയേക്കാൾ വളരെ പിന്നിലാണ് ഇവിടുത്തെ നാളികേര ഉത്പാദനം. ശാസ്ത്രീയമായ കൃഷിരീതി അവലംബിക്കാത്തതും തെങ്ങുകൾക്ക് ഉണ്ടാകുന്ന കാറ്റ് വീഴ്ച, ഓലചീയൽ തുടങ്ങിയ രോഗങ്ങളും ജലസേചന സൗകര്യമില്ലായ്മയും ഈ കൃഷിയെ പ്രതികൂലമായി ബാധിച്ച് കൊണ്ടിരിക്കുന്നു. ശാസ്ത്രീ കൃഷിരീ

തിയും ജലസേചനസൗകര്യവും യഥാസമയം രോഗപ്രതിരോധ നടപടികളും സ്വീകരിച്ചാൽ സംസ്ഥാനശരാശരിയേക്കാൾ മെച്ചമായ രൂപത്തിൽ നാളികേര ഉത്പാദനം വർദ്ധിപ്പിക്കുവാൻ കഴിയും.

തീരെ അവഗണിക്കപ്പെട്ട് കിടക്കുന്ന മേഖലയാണ് അടയ്ക്കകൃഷി ഇതും ഉപവിളയായിമാത്രം കൃഷിചെയ്യുന്ന സമ്പ്രദായമാണ് നിലവിലുള്ളത്. മറ്റ് വിളകൾക്ക് നൽകുന്ന ശ്രദ്ധയും പ്രാധാന്യവും ഈ കൃഷിക്ക് പൊതുവിൽ നൽകുന്നില്ല. അതിനാൽ തന്നെ ഉത്പാദനത്തിൽ ബഹുദൂരം പിന്നിലുമാണ് അടയ്ക്കാകൃഷി.

പരമ്പരാഗത കൃഷികളിൽ ഒന്നായ മരച്ചീനി കൃഷി ഇന്ന് നികത്തിയ പാടങ്ങളിൽ മാത്രമായി ഒതുങ്ങുന്നു. സംസ്ഥാന ശരാശരിയേക്കാൾ അല്പം മുന്നിലാണ് ഉത്പാദനനിലവാരമെങ്കിലും അഭ്യന്തരഉപയോഗത്തിന് വേണ്ട മരച്ചീനിപോലും ഇവിടെ ഉത്പാദിപ്പിക്കുന്നില്ല. കിഴങ്ങ് വർഗ്ഗവിളകളിൽ പ്രധാനമായ മരച്ചീനി കൃഷിനേരിടുന്ന വലിയ പ്രതിസന്ധിയാണ് കാട്ട് മൃഗങ്ങളുടെ ശല്യം ഇത് പ്രധാനമായും വനത്തോട് ചേർന്നുകിടക്കുന്ന കിഴക്കൻ മേഖലകളിലാണ്.

ജലസേചനം

കൃഷിയ്ക്ക് ആവശ്യമുള്ള പ്രധാനവിഭവം ജലമാണ്. ഈ പഞ്ചായത്തിലെ ഉപരിതല ജലസ്രോതസ്സുകൾ വളരെക്കുറവാണ്. പഞ്ചായത്തിന്റെ പ്രത്യേക ഭൂമിശാസ്ത്രപരമായ കിടപ്പുമൂലം വൻകിട ജലസേചനപദ്ധതികൾ അപ്രായോഗികമാണ്. നിലവിലുള്ള കുളങ്ങളെ ജലസംഭരണികളും ജലസോതസുകളുമാക്കി മാറ്റുകയും പുതുതായി കുളങ്ങൾ നിർമ്മിക്കുകയും ചെയ്ത് ജലസേചന പ്രശ്നം ഒരു അളവോളം പരിഹരിക്കുവാൻ കഴിയും കൂടാതെ കല്ലട ഇറിഗേഷൻ പദ്ധതിയുടെ ഒരു ചെറുകനാലെങ്കിലും ഈ പഞ്ചായത്ത് പ്രദേശത്ത് കൂടികടത്തി വിടേണ്ടതാണ് ഇതോടൊപ്പം ഭൂഗർഭ ജലത്തെ പരമാവധി ഉപയോഗിക്കുവാൻ കഴിയുന്ന കുഴൽകിണറുകൾ, ഡ്രിപ്പ് ഇറിഗേഷൻ പ്രോജക്ട് എന്നിവ ഏർപ്പെടുത്തിയാൽ ജലസേചന ദൗർലഭ്യം പരിഹരിക്കുവാൻ കഴിയും.

പ്രശ്നങ്ങൾ

1. അത്യുല്പാദനശേഷിയുള്ള വിത്തുകളും, തൈകളും, ആവശ്യാനുസരണം യഥാസമയം ലഭിക്കുന്നില്ല.

2. വളം, ആധുനികരീതിയിലുള്ള കൃഷിയന്ത്രങ്ങൾ, കീടകുമിൾനാശിനികൾ എന്നിവ സബ്സിഡി റേറ്റിൽ ലഭിക്കുന്നില്ല.

3. ജൈവവളങ്ങളുടെ അഭാവം

4. മണ്ണുസംരക്ഷണ നടപടികളുടെ അപര്യാപ്തത

5. മണ്ണ് പരിശോധനയും തുടർവർഷങ്ങളിൽ വളപ്രയോഗവും നടക്കുന്നില്ല

6. രൂക്ഷമായ വരൾച്ച

7. മരുന്ന് തളിക്കുന്നതിന് ആവശ്യമായ പമ്പ്സെറ്റുകളുടെ കുറവ്

8. 4,7,8,9 എന്നീ വാർഡുകളിലെ കാട്ട് മൃഗങ്ങൾ മൂലമുള്ള വിളനാശീകരണം.

9. കൃഷിഭവനിൽ നിന്ന് ലഭിക്കുന്ന ആനുകൂല്യങ്ങൾ യഥാർത്ഥ ഗുണഭോക്താക്കൾക്ക് ലഭിക്കുന്നില്ല. കൃഷിഭവനിൽ നിന്ന് വിതരണം ചെയ്യുന്ന ആനുകൂല്യങ്ങൾ എങ്ങനെ വിനിയോഗിക്കുന്നു എന്നും അതുമൂലം ഉത്പാദനക്ഷമതയിലും ഉത്പാദനത്തിലും ഉണ്ടായ വാർദ്ധനവ് എന്ത് എന്നതിനെ സംബന്ധിച്ചും മൂല്യനിർണ്ണയം നടത്തുന്നില്ല. യഥാർത്ഥ കർഷകരും കൃഷിഭവനും തമ്മിലുള്ള 'Gap' വലുതാണ്. വിതരണം ചെയ്യുന്ന ആനുകൂല്യങ്ങൾ ആവശ്യവുമായി തട്ടിച്ച് നോക്കുമ്പോൾ തീരെ അപര്യാപ്തമാണ്.

10. കശുമാവ് കൃഷിവികസന പരിപാടി വേണ്ടത്ര നടക്കുന്നില്ല. 4 കശുവണ്ടി ഫാക്ടറികളും 1000ത്തോളം തൊഴിലാളികളും ഉള്ള ഈ പഞ്ചായത്തിൽ വെറും 85 ഹെക്ടറിൽ മാത്രമേ കശുമാവ് കൃഷിയുള്ളൂ.

11. റബ്ബർ ഉത്പാദകർക്ക് ന്യായവില ലഭിക്കുന്നില്ല.

12. മലഞ്ചരക്കുകളുടെ വിപണന സൗകര്യകുറവ്

13. പുഷ്പ ഔഷധകൃഷിപ്രോത്സാഹിപ്പിക്കുന്നില്ല.

14. നിലങ്ങളിൽ മുന്നാവിളകൃഷി പ്രോത്സാഹിപ്പിക്കുന്നില്ല.

15. കാർഷികവിപണനം മെച്ചപ്പെടുത്തുന്നതിന്

ആവശ്യമായ ഗതാഗത സൗകര്യമില്ല.

16. കൃഷിഭവന് സ്വന്തമായി കെട്ടിടമില്ല.

പരിഹാരമാർഗ്ഗങ്ങൾ

1. അത്യുല്പാദനശേഷിയുള്ള വിത്തുകളും, തൈകളും ലഭ്യമാക്കുക.

2. വളം, ആധുനികരീതിയിലുള്ള കൃഷിയന്ത്രങ്ങൾ, കീട-കുമിൾ നാശിനികൾ എന്നിവ സബ്സിഡി റേറ്റിൽ നൽകുക.

3. ജൈവവളം, ജീവാണുവളം, ജൈവകീടനാശിനി എന്നിവ കൂടുതലായി ഉപയോഗിച്ച് കൊണ്ടുള്ള കൃഷിപ്രോത്സാഹിപ്പിക്കുക.

4. മണ്ണ് സംരക്ഷണ നടപടികൾ നടപ്പിലാക്കുക. ഇതിലേയ്ക്കായി മണ്ണ് പരിശോധനയും ബോധവൽക്കരണ പരിപാടികളും തുടങ്ങുക.

5. ശരിയായ ജലസേചന പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ആവശ്യാനുസരണം കുളങ്ങൾ കുഴിച്ച് പമ്പ്സെറ്റുകൾ സ്ഥാപിക്കുക.

6. നാമമാത്ര ചെറുകിട കർഷകർക്ക് ആവശ്യമായ സൗജന്യ ധനസഹായം നൽകുക.

7. നെല്ല്, തെങ്ങ്, കമുക്, റബ്ബർ, കുരുമുളക് എന്നിവയ്ക്ക് മരുന്ന് തളിക്കുന്നതിന് അനുയോജ്യമായ പമ്പ്സെറ്റുകൾ സബ്സിഡി റേറ്റിൽ വിതരണം ചെയ്യുക.

8. കാട്ട് മൃഗങ്ങൾ മൂലമുള്ള കൃഷിനശീകരണം തടയുന്നതിന് വിള ഇൻഷ്വറൻസ് ഉൾപ്പെടെയുള്ള നടപടികൾ സർക്കാർ തലത്തിൽ സ്വീകരിക്കണം.

9. കൃഷിയിടങ്ങളിലെ മടവീഴ്ച തടയുന്നതിന് നിലങ്ങളുടെ സൈഡിലുള്ള തോട്ട് വരമ്പുകൾ കല്ലുകെട്ടി ബലപ്പെടുത്തണം.

10. കൃഷിഭവനിൽ നിന്നും കാലാകാലങ്ങളിൽ നൽകുന്ന ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുകയും അവ യഥാർത്ഥ കർഷകർക്ക് കിട്ടുന്നുണ്ടെന്ന് ഉറപ്പ് വരുത്തുകയും ചെയ്യുക. യഥാർത്ഥ കൃഷിക്കാരും കൃഷിഭവനും തമ്മിലുള്ള പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുക. അനുവദിക്കുന്ന തുക നിർദ്ദിഷ്ട ആവശ്യത്തിന് വിനിയോഗിക്കുന്നുണ്ടോ എന്നും എങ്കിൽ ഉത്പാദനക്ഷമതയും ഉത്പാദനവും എത്രമാത്രം വർദ്ധിച്ചിട്ടുണ്ട് എന്നുമുള്ള പരിശോധന കൃഷിഭവനിൽ നിന്നും നടത്തുക.

11. വീടുകൾതോറും കമ്പോസ്റ്റ് വളങ്ങൾ നിർമ്മിക്കുന്നതിന് വേണ്ട പ്രോത്സാഹനവും ഗ്രാന്റും നൽകുക.

12. സമഗ്രനാളികേരവികസന പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഉത്പാദനക്ഷമതയില്ലാത്ത തെങ്ങുകൾ വെട്ടിമാറ്റുന്നതിനും നല്ലയിനം തെങ്ങിൻ തൈകളും വളവും സൗജന്യമായി നൽകുകയും ചെയ്യുക.

13. സമ്മിശ്രകൃഷി പ്രോത്സാഹിപ്പിക്കുക.

14. മുൻപ് ഉണ്ടായിരുന്ന പഞ്ചായത്ത് തലമാർക്കറ്റിംഗ് സൊസൈറ്റി പുനഃസ്ഥാപിക്കുകയും, കാർഷികോൽപന്നങ്ങൾ ഗ്രേഡ് അടിസ്ഥാനത്തിൽ സംഭരിക്കുന്നതിനും വിപണനം നടത്തുന്നതിനും സംവിധാനം ഉണ്ടാക്കുക.

15. ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ ഒരു യൂണിറ്റ് ഈ പഞ്ചായത്തിൽ സ്ഥാപിക്കുക.

16. വാർഡ് അടിസ്ഥാനത്തിൽ കാർഷിക വികസന സമിതികൾ രൂപീകരിക്കുക. ഗ്രൂപ്പ് ഫാമിങ്ങിൻറെ ഫലപ്രദമായ പ്രവർത്തനത്തിന് ആനക്കുളം- കോടാന്നൂർ എലരണ്ടാക്കുക.

17. നിലങ്ങളിൽ മൂന്നാംവിളയായി പയർവർഗ്ഗകൃഷികളും, തെങ്ങുകൾക്ക് ഇടവിളയായി പച്ചക്കറി കൃഷിയും കൃഷിഭവനിലൂടെ നടപ്പിലാക്കുക.

18. പാലോട് ബൊട്ടാണിക്കൽ ഗാർഡനിൽ നിന്നും പുഷ്പ-ഔഷധ സസ്യവിത്തുകൾ പഞ്ചായത്തിൽ ലഭ്യമാക്കുകയും അവരുടെ വിദഗ്ധ സേവനം ലഭ്യമാക്കുകയും ചെയ്യുക.

19. അലയമൺ പഞ്ചായത്തിലെ കൃഷിഭവന് സ്വന്തമായി ഒരു കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കുക.

ജലസേചന പ്രശ്നങ്ങൾ

1. നിലവിൽ പഞ്ചായത്തിൽ ഒരിടത്തും ജലസേചന സൗകര്യമില്ല.

2. തോട്കളിൽ നിന്നുള്ള അനധികൃത മണൽ വാരൽ നിരവധി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്.

3. പഞ്ചായത്തിലെ ഭൂഗർഭജല സമ്പത്ത് ഉപയോഗ പ്പെടുത്തുന്നില്ല.

4. നിലവിലുള്ള കുളങ്ങളെ ജലസേചനത്തിനായി ഉപയോഗക്കുന്നില്ല.

5. പ്രധാനപ്പെട്ട തോടുകളിൽ നിർമ്മിച്ചിരുന്ന ചീപ്പുകൾ എല്ലാം തന്നെ നശിച്ചുപോയി.

6. തോടുകൾക്ക് സംരക്ഷണഭിത്തികൾ കെട്ടാത്ത തുമൂലം കാർഷിക വിളകൾ നശിക്കുന്നു.

സാധ്യതകൾ

1. പഞ്ചായത്തിലെല്ലായിടുത്തും ജലസേചന സൗകര്യം പൊതുജന പങ്കാളിത്തത്തോടെ നടപ്പിലാക്കുക.

2. കല്ലട ഇറിഗേഷൻ പദ്ധതിയുടെ ഒരു കനാലെ കിലും പഞ്ചായത്തിലേക്ക് അനുവദിക്കേണ്ടതാണ്.

3. തോടുകളിൽ നിന്നുള്ള അനധികൃത മണൽ വാരൽ ജനപങ്കാളിത്തത്തോടെ തടയണം.


4. പഞ്ചായത്തിലെ തോടുകളിലേയും ആറുകളി ലേയും ജലസമ്പത്ത് സംരക്ഷിച്ച് ഉപയോഗിക്കുന്നതിനാവ ശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

5. നിലവിലുള്ള കുളങ്ങൾ ആഴംകൂട്ടി വൃത്തിയാക്കി ജലസേചനത്തിനുപയ്ക്തമാക്കുകയും പുതിയ കുളങ്ങൾ നിർമ്മിച്ച് ജലസേചനസൗകര്യം വർദ്ധിപ്പിക്കുകയും ചെയ്യേണ്ടതാണ്.

6. കുഴൽ കിണറുകൾ, ഡ്രിപ് ഇറിഗേഷൻ പദ്ധതി എന്നിവ നടപ്പിലാക്കുക.

7. തോടുകൾക്ക് സംരക്ഷണ ഭിത്തികൾ കെട്ടുകയും തോടുകളിൽ ആവശ്യമായ ചീപ്പുകൾ നിർമ്മിക്കുകയും ചെയ്യുക.

8. ഉയർന്ന പ്രദേശങ്ങളിലും മറ്റും സഹകരണാടി സ്ഥാനത്തിൽ ജലസേചന പദ്ധതികൾ നടപ്പിലാക്കുക.



മൃഗസംരക്ഷണവും മത്സ്യകൃഷിയും

കഴിഞ്ഞ മൂന്ന് ദശാബ്ദകാലയളവിൽ നമ്മുടെ സ്ഥാനത്തുണ്ടായ സാമൂഹിക സാമ്പത്തിക വളർച്ചയ്ക്ക് മത്സ്യവും മൃഗസംരക്ഷണവും തനതായ സംഭാവനകൾ നൽകിയിട്ടുണ്ട്. ആളോഹരി കൃഷിഭൂമിയിൽ വന്ന കുറവും വ്യവസായ സംരംഭങ്ങളുടെ മുരടിപ്പും മൂലമുണ്ടായ തൊഴിലില്ലായ്മയും മത്സ്യമൃഗ സംരക്ഷണമേഖലയിലേയ്ക്ക് ജനശ്രദ്ധ ആകർഷിക്കാൻ കാരണമായി. കുറച്ചുകാലം കൊണ്ട് ചുരുങ്ങിയ മുതൽ മുടക്കിൽ കൂടുതൽ സമ്പാദ്യം വളർത്താൻ ഉതകുന്ന മേഖലയാണിത്.

കേരളത്തിലെ കന്നുകാലികളുടെ 94% വും നമ്മുടേത് പോലുള്ള കൊച്ചുഗ്രാമങ്ങളിലാണ് കേന്ദ്രീകരിച്ചിരിക്കുന്നത്. നമ്മുടെ പഞ്ചായത്തിൽ മൃഗസംരക്ഷണ വകുപ്പിന്റെ സ്ഥാപനങ്ങളായി ചണ്ണപ്പേട്ടയിൽ പ്രവർത്തിക്കുന്ന മൃഗാശുപത്രിയും കണ്ണംകോട് പ്രവർത്തിക്കുന്ന ബീജസങ്കലന ഉപകേന്ദ്രവുമാണ്. 1962 ൽ സ്ഥാപിതമായ മൃഗാശുപത്രി ഇന്നും അതൊരു വെറ്റിനറി ഡിസ്പെൻസറിയായി തന്നെ തുടരുന്നു.

മൃഗസംരക്ഷണ മേഖല നേരിടുന്ന പ്രശ്നങ്ങൾ

1. പാൽ ശേഖരണ കേന്ദ്രങ്ങളുടെ അസൗകര്യങ്ങൾ.

2. തീറ്റ പുൽകൃഷിയുടെ അഭാവം.

3. മൃഗസംരക്ഷണത്തിന് ബാങ്കിൽ നിന്ന് വായ്പ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട്.

4. I.C.D.P. സബ് സെന്ററുകളുടെ കുറവ്.

5. കാലിത്തീറ്റയുടെ വിലവർദ്ധനവ്.

6. നല്ല രീതിയിൽ പ്രവർത്തിക്കുന്ന ഒരു മൃഗാശുപത്രിയുടെ അഭാവം.

7. കന്നുകാലികൾക്കുണ്ടാകുന്ന രോഗങ്ങൾ.

സാദ്ധ്യതകൾ

1. ചണ്ണപ്പേട്ട സർക്കാർ വക സ്ഥലത്ത് ആധുനിക രീതിയിൽ ഒരു മൃഗാശുപത്രി നിർമ്മിക്കുക.

2. അലയമൺ L.P.S. ജംഗ്ഷൻ, ആനക്കുളം എന്നിവിടങ്ങളിൽ പാൽ സംഭരണ ഉപകേന്ദ്രങ്ങൾ സ്ഥാപിക്കുക.

3. കന്നുകാലി കർഷകർക്ക് സൗജന്യനിരക്കിൽ കന്നുകുട്ടി, ആട്, കോഴി മുതലായവ നൽകുക.

4. സൗജന്യനിരക്കിൽ കാലിത്തീറ്റ നൽകുക. തീറ്റപ്പുൽകൃഷിയ്ക്ക് സാമ്പത്തിക സഹായം നൽകുക.

5. ICDP സബ് സെന്ററുകൾ അനുവദിക്കുക.

6. പഞ്ചായത്ത് കേന്ദ്രീകരിച്ച് കാലിത്തീറ്റ നിർമ്മാണ യൂണിറ്റ് ആരംഭിക്കുക.

7. ടോചാർ ഗ്യാസ് പ്ലാന്റ് ആരംഭിക്കുന്നതിന് വേണ്ടത്ര പരിശീലനം നൽകുക. ഗ്യാസ് പ്ലാന്റിനു വേണ്ട സാമ്പത്തിക സഹായം സബ്സിഡി റേറ്റിൽ സർക്കാരിൽ നിന്ന് ലഭ്യമാക്കുക.

8. പഞ്ചായത്ത് തലത്തിൽ പക്ഷിമൃഗാദികൾക്ക് മാസ്റ്റർ പോളിസി വഴി ഇൻഷൂറൻസ് പരിരക്ഷ ഉറപ്പുവരുത്തുക.

9. Egger Nursery Unit ആരംഭിക്കുക.

ഒരുദിവസം പ്രായമുള്ള കോഴിക്കുഞ്ഞുങ്ങളെ 60 ദിവസംവരെ ശാസ്ത്രീയമായി വളർത്തി ഒരു വീടിന് 3/5

അലയമൺ ഗ്രാമപഞ്ചായത്ത് വളർത്തുമൃഗങ്ങളുടെ എണ്ണം.

Ward No.	1	2	3	4	5	6	7	8	9	Total
പശു	110	133	153	117	116	127	148	111	143	1158
ആട്	38	63	115	100	161	95	40	103	119	834
കോഴി	188	291	405	260	401	248	265	183	344	2588
Total	336	487	673	677	678	470	453	400	606	4580

എന്ന കണക്കിൽ സബ്സിഡി നിരക്കിൽ [illegible] ചെയ്യുക.

10. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് ആടുവളർത്തൽ, ഇറച്ചിക്കോഴി വളർത്തൽ കേന്ദ്രങ്ങൾ തുടങ്ങാൻ സബ്സിഡി റേറ്റിൽ സാമ്പത്തിക സഹായം നൽകുക.

11. പ്രാദേശികതലത്തിൽ പ്രായോഗികമായി വിജയിപ്പിക്കാവുന്ന പദ്ധതികൾക്ക് രൂപംനൽകുന്നതിനു വേണ്ടി ഒരു ആസൂത്രണ സെൽ രൂപീകരിക്കുക.

12. സമഗ്ര പേവിഷ നിയന്ത്രണനയം ഉണ്ടാക്കുകയും പഞ്ചായത്തിലെ എല്ലാ വളർത്തു നായ്ക്കൾക്കും പ്രതിരോധ കുത്തിവയ്പ് നൽകി ലൈസൻസ് നൽകുകയും ചെയ്യുക.

അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പി [illegible] ക്കുന്നതിനുള്ള സാങ്കേതികമാർഗ്ഗങ്ങൾ അവലംബിക്കുക.

മത്സ്യകൃഷി സംബന്ധിച്ച പ്രശ്നങ്ങൾ

1. മത്സ്യക്കുഞ്ഞുങ്ങളുടെ ലഭ്യതക്കുറവ്.
2. മത്സ്യരോഗം.
3. മത്സ്യകൃഷിയെക്കുറിച്ചുള്ള ജനങ്ങളുടെ അറിവില്ലായ്മ.

സാദ്ധ്യതകൾ

1. അലയമൺ ഒന്നാം വാർഡിലെ മൺകുഴി പാറകളിലും VIII -ാംമത്സ്യകൃഷി നടത്തുക.
2. മത്സ്യകർഷകർക്ക് സബ്സിഡി ഇനത്തിൽ വായ്പ ലഭ്യമാക്കുക.
3. മത്സ്യകൃഷിയെ സംബന്ധിച്ച ബോധവത്ക്കരണം സംഘടിപ്പിക്കുക.



വിദ്യാഭ്യാസം

കേരളത്തിലെ മറ്റേതൊരു പ്രദേശത്തേയും പോലെ ഇവിടെയും നിലത്തെഴുത്തിലൂടെ അക്ഷരാഭ്യാസനം നേടിയിരുന്ന ചരിത്രമാണ് ഈ പഞ്ചായത്തിനുമുള്ളത്. കാലഗതിക്കനുസൃതമായ മാറ്റങ്ങൾ ഇവിടെയും പ്രതിഫലിച്ചിട്ടുണ്ട്. ഏകദേശം ഒരു നൂറ്റാണ്ടിനപ്പുറം കരുകോണിലാരംഭിച്ച പ്രൈമറി സ്കൂളിലൂടെയാണ് ഔപചാരികവിദ്യാഭ്യാസം ഇവിടാരംഭിച്ചത്. തുടർന്നിങ്ങോട്ട് ക്രിസ്ത്യൻ മിഷനറിമാരും അവരുടെ ഉത്സാഹത്തിലാരംഭിച്ച സ്കൂളുകളും നവോത്ഥാന പ്രസ്ഥാനത്തിന്റെയും ദേശീയ പ്രസ്ഥാനത്തിന്റെയും അലയടികൾക്കനുസൃതമായി ജനങ്ങളുടെ ബോധനിലവാരത്തിനുണ്ടായ വമ്പിച്ച പരിവർത്തനവും കൂട്ടിച്ചേർന്ന് നവീന വിദ്യാഭ്യാസ സമ്പ്രദായത്തിനിവിടെ ബീജാവാപം നൽകി. തൽഫലമയുണ്ടായതാണ്, ചണ്ണപ്പേട്ട എം.റ്റി.എച്ച്.എസ്, മൂങ്ങോട്ട് എം.റ്റി.എസ്., എസ്,എൽ.പി.എസ്., അലയമൺ ഗവ: ന്യൂ എൽ.പി.എസ്. തുടങ്ങിയവ. സ്വാതന്ത്ര്യപൂർവകാലത്തുണ്ടായ ഈ മാറ്റത്തിന്റെ ഗുണപരമായ വളർച്ച സ്വാതന്ത്ര്യാനന്തര കാലത്തുണ്ടായി എന്നു പറയുക സാധ്യമല്ല. ആധുനിക ശാസ്ത്ര-സാങ്കേതിക രംഗത്തുണ്ടായ അനുഭൂതപൂർവ്വമായ വളർച്ചയുമായി താരതമ്യപ്പെടുത്തിയാൽ ഈ പഞ്ചായത്തിന്റെ വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥ ഏവർക്കും ബോധ്യപ്പെടും.

ഈ പഞ്ചായത്തിൽ മൂന്ന് ഹൈസ്കൂളുകളും അഞ്ച് യു.പി. സ്കൂളുകളും ഒരു അൺ എയിഡഡ് ഉൾപ്പെടെ ആറ് എൽ.പി. സ്കൂളുകളും നിലവിലുണ്ട്. (ചാർട്ട 1,2,3)

തൊഴിലധിഷ്ഠിത കോഴ്സുകൾ നടത്തുന്ന ഒരു മാനേജ്മെന്റ് ഐ.റ്റി.ഐ യും ഒരു നഴ്സിംഗ് സ്കൂളും മൂന്ന് റ്റൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടും മൂന്ന് കമ്പ്യൂട്ടർ സെന്ററുകളും പ്രവർത്തിച്ചുവരുന്നു. ചെറുതും വലുതുമായ 12 പാരലൽ കോളേജുകൾ നിലവിലുണ്ട്. എന്നാൽ സെക്കന്ററി തലത്തിന് ശേഷം വിദ്യാർത്ഥികളുടെ അഭിരുചിക്കനുസൃതമായും തൊഴിൽ ലഭ്യതയുള്ളതുമായ പഠനകേന്ദ്രങ്ങൾ സ്വകാര്യമേഖലയിലോ, പൊതുമേഖലയിലോ ഇല്ല.

അംഗീകൃത അംഗൻവാടികൾ ഈ പഞ്ചായത്തിൽ നിലവിലില്ല, ആകെയുള്ളത് പഞ്ചായത്തിന്റെ നാമമാത്രമായ

HIGH SCHOOL-I

സ്കൂളിന്റെ പേര്	ആകെ വിദ്യാർത്ഥികൾ	ആൺ	പെൺ	SC/ST
M.T.H.S., Channapettah	502	256	246	128
Govt. H.S., Karukone	223	120	103	20
All Saints H.S., (Puthayam)	266	137	129	27
Total	991	513	474	184

LPS-II

പേര്	ആകെ വിദ്യാർത്ഥികൾ	ആൺ	പെൺ	SC/ST
Govt H.S., Karukuone	308	153	155	57
St. Marry UPS	356	185	171	82
Govt. Welfare UPS, Anakulam	62	28	34	27
New LPS, Alayemon	369	187	182	90
M.T.S.S. LPS, Moongode	125	68	57	38
Lourd Matha E.M. School	76	37	39	-
Total	1296	658	638	294

UPS-III

പേര്	ആകെ വിദ്യാർത്ഥികൾ	ആൺ	പെൺ	SC/ST
Govt. Welfare UPS, Anakulam	55	30	25	25
M.T.H.S. Channapettah	163	85	78	54
M.T.U.P.S., Kannankode	183	90	93	26
St. Marry UPS, Pothenpara	282	140	142	75
Govt. H.S. Kaukone	276	137	139	33
Total	959	482	477	213


ധനസഹായത്താൽ നടക്കുന്ന 1-ാം വാർഡിലെ ശിശുവിഹാറും, ബ്ലോക്ക് അധീനതയിൽ ഉള്ള രണ്ട് മാതൃശിശു ആരോഗ്യകേന്ദ്രങ്ങളും ആണ്. കൂടാതെ അഞ്ച് ആശാൻ പള്ളിക്കൂടങ്ങളും ഉണ്ട്. ഇവയിലെല്ലാം കൂടി 200 ൽതാഴെ ശിശുക്കൾ മാത്രമേയുള്ളൂ. എന്നാൽ പഞ്ചായത്തിലെ LP സ്കൂളുകളിലെ 1-ാം ക്ലാസിൽ വർഷാവർഷം 350 ഓളം കുട്ടികൾ ചേരുന്നുണ്ട്. ശേഷിക്കുന്ന 150 ൽപരം കുട്ടികൾക്ക് നിലവിൽ യാതൊരു വിധപ്രീ പ്രൈമറി വിദ്യാഭ്യാസ സൗകര്യങ്ങളും ഇല്ല. ഉള്ളവതന്നെ ശരിയായ പ്രീ പ്രൈമറി ബോധന സമ്പ്രദായം നടപ്പിലാക്കുന്നവയുമല്ല. ചുരുക്കത്തിൽ ഭാവിയുടെ കുരുന്നുകൾക്ക് നേരായ വിദ്യാഭ്യാസം നൽകുന്നതിന് ആവശ്യമായ മാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടതാണ്.

1990-91 മുതൽ ആരംഭിച്ച സാക്ഷരതാ പ്രവർത്തനത്തിൽ ഈ പഞ്ചായത്തിൽ ശ്രദ്ധേയമായ നേട്ടം കൈവരിച്ചിട്ടുണ്ട്. എന്നാൽ തന്നെയും ഇപ്പോഴും നാമമാത്രമായി

S S L C പരീക്ഷാഫലം

	സ്കൂളിന്റെ പേര്	91-92	92-93	93-94	94-95	95-96
1	All Saints HS, Puthayam	51	54	69	92	
2	M.T.H.S. Channapettah	53	40	49	43	
3	Govt. High School, Karukone	38	47	50	40	

പട്ടിക
91-92 മുതൽ 95-96 വരെ പഞ്ചായത്തിലെ ഹൈസ്കൂളിലെ വിജയശതമാനം ശരാശരിയിൽ



ഇടയ്ക്ക് പഠനം അവസാനിപ്പിച്ച് പോയവർ

	B	G	T
LP വിഭാഗം	5	6	11
UP വിഭാഗം	1	3	4
HS വിഭാഗം	6	3	9

നിരക്ഷരരുണ്ട്. നാവസാക്ഷരരായ ആളുകൾക്ക് തുടർ വിദ്യാഭ്യാസം നൽകുന്നതിലുണ്ടായ പാളിച്ചകളും, സാക്ഷരതാപ്രവർത്തനങ്ങളിലേർപ്പെട്ടിരുന്ന സന്നദ്ധപ്രവർത്തകർക്ക് നൽകിയിരുന്ന വാഗ്ദാനങ്ങൾ പാലിക്കപ്പെടാൻ കഴിയാതെ പോയതും ഈ രംഗത്ത് സാക്ഷരതാപ്രവർത്തനം മന്ദീഭവിക്കുന്നതിന് കാരണമായി.

പ്രശ്നങ്ങൾ

1. അംഗൻവാടികൾ നിലവിലില്ല.

2. സ്വകാര്യ മേഖലയിലുള്ള പ്രീ പ്രൈമറി വിദ്യാഭ്യാസ പ്രവർത്തനം തൃപ്തികരമല്ല.

3. വിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണം കുറഞ്ഞു വരുന്നു.

4. പ്രീ, പ്രൈമറി വിദ്യാലയങ്ങളിൽ കുട്ടികളുടെ മാനസിക ഉല്ലാസത്തിനുപകരിക്കുന്ന പഠനോപാധികളുടെ അഭാവം.

5. ഈ പ്രദേശത്തുനിന്നും പ്രൈമറി തലത്തിൽ 35% ഓളം വിദ്യാർത്ഥികൾ പുറത്തുള്ള ഇംഗ്ലീഷ്-മലയാളം മീഡിയം സ്കൂളുകളിലേക്ക് ഒഴുകുന്നു.

6. പ്രൈമറി തലത്തിലെ അക്ഷരാഭ്യസന രീതി ശാസ്ത്രീയമല്ലാത്തിനാൽ അക്ഷരം അറിയാത്ത കുട്ടികൾ ഏറെയുണ്ട്.

7. പൊതു മേഖലാ സ്കൂളുകളിൽ ആവശ്യത്തിന് അദ്ധ്യാപകരില്ല.

8. പഞ്ചായത്തിലെ മുഴുവൻ സ്കൂളുകളിലും ലൈബ്രറി, ലബോറട്ടറി, മറ്റ് പഠനോപാധികൾ എന്നിവയുടെ അപര്യാപ്തത.

9. കലാ-കായിക വിദ്യാഭ്യാസത്തിനുള്ള സൗകര്യക്കുറവ്.

10. ഭൗതിക സൗകര്യങ്ങളുടെ അപര്യാപ്തത.

11. അദ്ധ്യാപകരുടെ പ്രതിബദ്ധതക്കുറവ്

12. അദ്ധ്യാപക-രക്ഷകർത്തൃ സമിതിയുടെ പ്രവർത്തനം കാര്യക്ഷമമല്ല.

13. കുട്ടികളുടെ കൊഴിഞ്ഞുപോകൽ

14. രക്ഷകർത്താക്കളുടെ ശ്രദ്ധക്കുറവ്

15. താങ്ങാനാവാത്ത സിലബസ്

16. അക്കാദമിക് നിലവാരത്തകർച്ച

17. ഒരു മാതൃകാ സ്കൂളിന്റെ അഭാവം

18. പൊതുമേഖലയിലെ സാങ്കേതിക സ്ഥാപനങ്ങളുടെ അഭാവം

19. അദ്ധ്യാപക വിദ്യാർത്ഥി അനുപാതത്തിലെ പാളിച്ചകൾ

20. പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾ 80% സെക്കന്ററി വിദ്യാഭ്യാസം പൂർത്തീകരിക്കുന്നില്ല.

21. ഉപരിപഠന സൗകര്യം ഇല്ല

22. വിദ്യാർത്ഥികളിൽ സാമൂഹ്യബോധത്തിന്റെ അഭാവം

23. വിദ്യാലയങ്ങളിൽ പ്രാഥമിക സൗകര്യം, വൈദ്യുതി, കുടിവെള്ളം എന്നിവയുടെ അഭാവം

24. മാതൃസംഗമം കാര്യക്ഷമമല്ല

25. അനൗപചാരിക വിദ്യാഭ്യാസത്തിന് ആസൂത്രിത പരിപാടികളും, ജനപങ്കാളിത്തവും ഇല്ല.

സാദ്ധ്യതകൾ

1. അനുവദിക്കപ്പെട്ട 15 അംഗൻവാടികളുടേയും പ്രവർത്തനം ഉടൻ ആരംഭിക്കുക. നിലവിലുള്ള മാതൃശിശു സംരക്ഷണ കേന്ദ്രങ്ങളിൽ കളിക്കോപ്പുകളും, ഇതരബോധന സാമഗ്രികളും മറ്റ് സൗകര്യങ്ങളും ലഭ്യമാക്കുക.

2. സ്വകാര്യ മേഖലയിലുള്ള പ്രീ-പ്രൈമറികളുടെ പരിപൂർണ്ണ നിയന്ത്രണം ഗ്രാമപഞ്ചായത്ത് സമിതികൾക്ക് നൽകുക.

3. 14 വയസ്സ് വരെയുള്ള കുട്ടികളെ സ്കൂളിൽ അയക്കുന്നത് സംബന്ധിച്ച് മാതാപിതാക്കളിൽ ബോധവൽക്കരണവും, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് സാമ്പത്തിക ആനുകൂല്യങ്ങളും പഠനോപകരണങ്ങളും സൗജന്യമായി ലഭ്യമാക്കുക.

4. പൊതുമേഖലയിൽ നിലവിലുള്ള സ്കൂളുകളിൽ പ്രീ-പ്രൈമറി അനുവദിക്കുകയും, നിലവിലുള്ള സ്വകാര്യ പ്രീ-പ്രൈമറി സ്കൂളുകൾക്ക് അംഗീകാരം നൽകുകയും ചെയ്യുക.

5. പ്രൈമറി തലത്തിൽ അക്ഷരാഭ്യസനത്തിന് ശാസ്ത്രീയ രീതികൾ അവലംബിക്കുക.

6. പൊതുമേഖലയിൽ ഒഴിവ് വരുന്നതിനനുസരിച്ച് അദ്ധ്യാപകരേയും, അദ്ധ്യാപകേതര ജീവനക്കാരെയും യഥാസമയം നിയമിക്കുക.

7. വിദ്യാർത്ഥികൾക്കാവശ്യമുള്ള ലൈബ്രററി, ലബോറട്ടറി, മറ്റ് പഠനോപകരണങ്ങൾ എന്നിവ സ്കൂളുകളിൽ ഉണ്ടോയെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ യഥാസമയം ഉറപ്പ് വരുത്തുകയും അത് ലഭ്യമാക്കുവാൻ സ്വകാര്യ സ്കൂൾ മാനേജ്മെന്റിനോട് ആവശ്യപ്പെടുകയും പൊതുമേഖലാ സ്കൂളുകളിൽ അതിന്റെ അഭാവം ബന്ധപ്പെട്ട തലങ്ങളിൽ അറിയിച്ച് പരിഹാരം കാണുക. ഇവയുടെ കാര്യക്ഷമമായ പ്രവർത്തനം വിലയിരുത്തുവാനുള്ള അവകാശം രക്ഷാകർത്തൃസമിതിക്ക് നൽകുക.

8. സ്കൂളുകളിൽ കായിക-കലാ അദ്ധ്യാകരെ നിയമിക്കുകയും, കളിസ്ഥലം ആഡിറ്റോറിയം, മറ്റ് ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കുകയും ചെയ്യുക.

9. അലയമൺ ന്യൂ LPS ന് സ്ഥിരമായ കെട്ടിടം നിർമ്മിക്കുകയും പഠനോപകരണങ്ങൾ സൂക്ഷിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുകയും ചുറ്റുമതിൽ കെട്ടി സ്കൂളിന്റെ സുരക്ഷിതത്വം ഉറപ്പുവരുത്തുകയും ചെയ്യുക. ആനക്കുളം ഗവ: വെൽഫയർ സ്കൂളിൽ ആഫീസും, ആഫീസുപകരണങ്ങളും ലഭ്യമാക്കുക. സ്കൂളിന്റെ കളിസ്ഥലം ഉപയോഗപ്രദമാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുക. മറ്റ് സ്വകാര്യ സ്കൂളുകളിൽ ആവശ്യമുള്ള ഭൗതിക സൗകര്യങ്ങൾ ഉറപ്പുവരുത്തുക.

10. വിദ്യാർത്ഥികളുടെ ഭാവി ലക്ഷ്യമാക്കി അദ്ധ്യാപകർ അവരുടെ ജോലി കൂടുതൽ ചുമതലാ ബോധത്തോടും അർപ്പണ മനോഭാവത്തോടും നിറവേറ്റുക. അദ്ധ്യാപകർക്കുള്ള പരിശീലനക്ലാസുകൾ വെക്കേഷൻ കാലയളവിൽ മാത്രം നടത്തേണ്ടതാണ്.

11. അദ്ധ്യാപകര രക്ഷാകർത്തൃ സമിതിയും, മാതൃസംഗമവും, കാര്യക്ഷമമാക്കുക. അദ്ധ്യാപകരക്ഷാകർത്തൃ

മാതൃസംഗമം മാസത്തിൽ ഒരിക്കലെങ്കിലും നിർബന്ധമാക്കുക.

12. കൊഴിഞ്ഞുപോകുന്ന കുട്ടികളെ ജനകീയ പങ്കാളിത്തത്തോടെ കണ്ടെത്തി മാതാപിതാക്കളിലും കുട്ടികളിലും ആവശ്യമായ അവബോധം സൃഷ്ടിച്ച് കുട്ടികളെ സ്കൂളുകളിൽ പുനഃപ്രവേശനം നടത്തുകയും തുടർവിദ്യാഭ്യാസത്തിന് അദ്ധ്യാപകർകൂടുതൽ ശ്രദ്ധ ചെലുത്തുകയും വേണം. രണ്ടാഴ്ചയിൽ കൂടുതൽ ദിവസങ്ങളിൽ സ്കൂളിൽ ഹാജരാകാത്ത കുട്ടികളുടെ വിവരം വാർഡ് മെമ്പറെ അറിയിച്ച് ഉചിതമായ പരിഹാരമാർഗ്ഗം സ്വീകരിക്കണം.

13. 14 വയസിന് താഴെയുള്ള കുട്ടികളെകൊണ്ട് പണിഎടുപ്പിക്കുന്ന സമ്പ്രദായം ജനപങ്കാളിത്തത്തോടെ അവസാനിപ്പിക്കേണ്ടതാണ്.

14. ഭാരിച്ച സിലബസ് ലഘൂകരിച്ച് വിദ്യാഭ്യാസ രംഗത്തെ നിലവാരത്തകർച്ച ഒഴിവാക്കേണ്ടതാണ്.

15. ഈ പഞ്ചായത്തിന്റെ മദ്ധ്യ ഭാഗത്തു സ്ഥിതിചെയ്യുന്നതും ഏറെ പഴക്കമുള്ളതുമായ കരുകോൺ ഗവൺമെന്റ് ഹൈസ്കൂൾ ഒരു മാതൃകാ സ്കൂളാക്കി ഉയർത്തുക.

16. പൊതുമേഖലയിൽ തൊഴിലധിഷ്ടിത കോഴ്സ നടത്തുന്നതിന് സ്കൂളുകളിൽ ഹയർ സെക്കണ്ടറിയോ, പോളിടെക്നിക്കുകളോ അനുവദിക്കുക. സ്കൂളുകളിൽ കമ്പ്യൂട്ടർ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുക.

17. നിലവിലുള്ള അദ്ധ്യാപക വിദ്യാർത്ഥി അനുപാതം പുനപരിശോധിക്കുക.


18. പത്താംക്ലാസിൽ പരാജപ്പെടുന്ന പട്ടിക ജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് തുടർന്ന് പഠിക്കുന്നതിന് സർക്കാർ സഹായം നൽകുകയോ, അല്ലെങ്കിൽ തുടർന്ന അതാത് സ്കൂളുകളിൽ തന്നെ പഠിക്കുന്നതിന് സൗകര്യം ഏർപ്പെടുത്തുകയോ ചെയ്യുക.

19. പഞ്ചായത്തിലെ ഹൈസ്കൂളുകളിൽ പ്ലസ് ടു അനുവദിക്കുകയോ അല്ലെങ്കിൽ ജൂനിയർ കോളേജ് അനുവദിക്കുകയോ ചെയ്യുക.

20. കുട്ടികളിൽ ദേശീയോദ്ഗ്രഥനം വളർത്തുന്നതിന് പാഠ്യപദ്ധതിയിൽ മാറ്റം വരുത്തുകയും സ്വാതന്ത്ര്യദിനം കേരള പിറവി, റിപ്പബ്ലിക് ദിനം, ഗാന്ധിജയന്തി, ശിശുജനം, അദ്ധ്യാപകദിനം രക്തസാക്ഷിദിനം എന്നിവയ്ക്ക് പ്രാധാന്യം നൽകികൊണ്ടുള്ള ചർച്ചാക്ലാസുകളും സെമിനാറുകളും കലാപരിപാടികളോടുകൂടി സംഘടിപ്പിക്കുക.

21. അലയമൺ ന്യൂ LPS, ആനക്കുളം വെൽഫെയർ UPS, MTSSLPS മുങ്ങോട് എന്നിവ വൈദ്യുതീകരിക്കുകയും, കുടിവെള്ളം ഇല്ലാത്ത സ്കൂളുകളിൽ പമ്പുസെറ്റുകൾ സ്ഥാപിച്ച് കുടിവെള്ളം ലഭ്യമാക്കുകയും മറ്റ് പ്രാഥമിക സൗകര്യങ്ങളില്ലാത്ത സ്കൂളുകളിൽ അവ ലഭ്യമാക്കുകയും ചെയ്യുക.

22. പഞ്ചായത്ത് കമ്മിറ്റിയുടെ പരിപൂർണ്ണ നിയന്ത്രണത്തിൽ തുടർ സാക്ഷരതാ പരിപാടികൾ ജനപങ്കാളിത്താടിസ്ഥാനത്തിൽ വരുത്തികൊണ്ട് നടപ്പിലാക്കുകയും അതിൽ പ്രവർത്തിക്കുന്നവർക്ക് ഓണറേറിയം നൽകേണ്ടതുമാണ്.



കുടിവെള്ളവും, പൊതുജനാരോഗ്യവും

അലയമൺ ഗ്രാമപഞ്ചായത്ത് പ്രധാനമായും ആശ്രയിക്കുന്നത് കിണറുകളെയാണ് പഞ്ചായത്തിന്റെ അധീനതയിൽ 15 കിണറുകളും, 25 കുഴൽകിണറുകളും നിലവിൽ ഉണ്ടെങ്കിലും കുഴൽ കിണർ ഒന്നുംതന്നെ ഉപയോഗപ്രദമല്ല. മാത്രമല്ല കുഴൽ കിണറിൽ നിന്നും ഉള്ള ജലം കുടിവെള്ളം ആയി ഉപയോഗിക്കാൻ കഴിയുന്നില്ല. ആരോഗ്യം ഉള്ള സമൂഹത്തിന് ശുദ്ധജലം അനിവാര്യമാണ്. വളരെ ഏറെ ചൂട് അനുഭവപ്പെടുന്ന ഈ പഞ്ചായത്തിൽ കുടിവെള്ള ക്ഷാമം രൂക്ഷമാണ്. ഇത് പരിഹരിക്കുന്നതിനു വേണ്ടി സ്ഥാപിച്ച രണ്ട് മിനി ശുദ്ധജല പദ്ധതികളും പൂർണ്ണമായി ഉപയോഗപ്രദമല്ല. ഇത്തിക്കര ആറിൽ നിന്നുള്ള ചണ്ണപ്പേട്ട ശുദ്ധജല പദ്ധതി VI VII VIII എന്നീ വാർഡുകളിൽ ദാഗീകമായി ശുദ്ധജലം എത്തിക്കുമ്പോൾ പുത്തയം ശുദ്ധജല സംഭരണിയിൽ നിന്നും I, II, II, എന്നീ വാർഡുകളിൽ ശുദ്ധജലം എത്തിക്കുന്നു. എന്നാൽ കൂടുതൽ സമയങ്ങളിലും ഇതിൽ നിന്നും ജലം ലഭിക്കാറില്ല. പ്രത്യേകിച്ച് ജനുവരി മുതൽ ജൂൺവരെ പഞ്ചായത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളും രൂക്ഷമായ കുടിവെള്ള പ്രശ്നം നേരിടുന്നു.

പ്രശ്നങ്ങൾ

1. കുഴൽകിണർ ഒന്നും ഉപയോഗപ്രദമല്ല. ജലം, ഉപയോഗക്ഷമമല്ല

2. പൊതുകിണറുകൾ ശുദ്ധമല്ല

3. ശുദ്ധജല പദ്ധതികളിൽ നിന്നും എല്ലാ സമയത്തും ജലം ലഭിക്കാറില്ല.

4. പഞ്ചായത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളിലും ശുദ്ധ ജലസംവിധാനമില്ല.

5. ജല സമ്പത്ത് പൂർണ്ണമായും വിനിയോഗിക്കുന്നില്ല.

6. പൈപ്പ് ജലം ദുരുപയോഗപ്പെടുത്തുന്നു.

7. ചെറുകിട ജലസേചന പദ്ധതികൾ പരിമിതമാണ്.

8. ജലസംഭരണികൾ വളരെ ചെറുതാണ്.

9. പൊതു ജനങ്ങൾക്ക് കിണർ കുഴിക്കുന്നതിന് സാമ്പത്തിക പ്രശ്നം നേരിടുന്നു.

10. ജലം തടഞ്ഞ് ഈർപ്പം നിലനിർത്തുന്നതിനുള്ള സംവിധാനം ഇല്ല.

സാദ്ധ്യതകൾ

1. നിലവിലുള്ള കുഴൽകിണറുകൾ ഉപയോഗപ്രദമാക്കി സ്ഥാപിച്ചിരിക്കുന്ന ഇരുമ്പു പൈപ്പുകൾ മാറ്റി P.V.C. പൈപ്പുകൾ സ്ഥാപിക്കുക.

2. വാർഷാവർഷം പൊതു കിണറുകൾ ശുദ്ധീകരിച്ച് സംരക്ഷിക്കുക.

3. ശുദ്ധജല പദ്ധതികളിൽ നിന്നും ജലം എപ്പോഴും ലഭ്യമാക്കുക. പ്രധാനപ്പെട്ട മുഴുവൻ പഞ്ചായത്ത് റോഡുകളിലൂടെയും പൈപ്പ് ലൈൻ സ്ഥാപിച്ച് ശുദ്ധജലം ഉറപ്പുവരുത്തുക.

4. വളരെയധികം ഭൂഗർഭ സമ്പത്തുള്ള ഈ പഞ്ചായത്ത് അത് ചൂഷണം ചെയ്യുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുക.

5. പൈപ്പ് ജലം ദുർവിനിയോഗം ചെയ്യുന്നതു തടയുന്നതിന് ജനങ്ങളെ ബോധവൽക്കരിക്കുക.

6. പ്രധാന നീർമറി പ്രദേശത്തുനിന്നും ജലം ശേഖരിച്ച് സംഭരിക്കുന്നതിനുള്ള സംഭരണികൾ സ്ഥാപിക്കുക.

7. നിലവിൽ ഉള്ള ജലസംഭരണികളുടെ വലിപ്പം വർദ്ധിപ്പിക്കുക.

8. പൊതു ജനങ്ങൾക്ക് കിണർ കുഴിക്കുന്നതിനുള്ള സാമ്പത്തിക സഹായം അനുവദിക്കുക.

9. മണ്ണിൽ ഈർപ്പം നിലനിർത്തുന്നതിന് പ്രധാന തോടുകളിൽ ചിപ്പുകൾ പണിയുക.

പൊതുജനാരോഗ്യം

ആരോഗ്യമുള്ള ജനത ഒരു നാടിന്റെ സമ്പത്താണ്. ജനങ്ങളുടെ ആരോഗ്യം സംരക്ഷിക്കുന്നതിൽ ആരോഗ്യ കേന്ദ്രങ്ങൾക്ക് സുപ്രധാന സ്ഥാനമുണ്ട്. ഈ പഞ്ചായത്തിൽ ഒരു പ്രാഥമികാരോഗ്യകേന്ദ്രവും നാല് ഉപകേന്ദ്രങ്ങളുമാണ് ഗവൺമെന്റ് തലത്തിലുള്ള ആരോഗ്യകേന്ദ്രങ്ങൾ. സ്വകാര്യ മേഖലയിൽ മൂന്ന് ആശുപത്രികൾ നിലവിലുണ്ടെങ്കിലും എല്ലാ വിധ സൗകര്യങ്ങളോടും കൂടിയ ഒരു സ്ഥാപനവും ഇപ്പോഴില്ല. അവികസിത പ്രദേശങ്ങളും ഹരിജൻ കോളനികളും, ലക്ഷംവീടുകളും, കൂലിവേലക്കാരും ഒട്ടനവധിയുള്ള ഇവിടെ ചികിത്സാ രംഗം വളരെ പിന്നിലാണ്. ശരിയായ രീതിയിൽ പ്രവർത്തിക്കുന്ന മാതൃശിശു ആരോഗ്യകേന്ദ്രങ്ങളോ, അംഗൻവാടികളോ ഈ പഞ്ചായത്തിലില്ല. പോഷകാഹാരക്കുറവുമൂലം വിളർച്ച രോഗമുൾപ്പെടെ നിരവധി രോഗങ്ങൾ കുട്ടികളിലും ഗർഭിണികളിലും കാണപ്പെടുന്നു. ആസ്തമ, ക്ഷയം, പൊങ്ങൻ, ഹെർട്ടി, അതിസാരം, ചെങ്കണ്ണ് തുടങ്ങിയ രോഗങ്ങൾ സാധാരണ ജനങ്ങളിൽ വ്യാപകമാണ്.

പഞ്ചായത്തിലെ ഏക പ്രാഥമികാരോഗ്യകേന്ദ്രം നിലനിൽക്കുന്നത് കരുകോണിലാണ്. നാല് ഉപകേന്ദ്രങ്ങൾ കൂടിയുള്ള ഇവിടെ ഒരു ഡോക്ടറുൾപ്പെടെ ആകെ പതിനാറ് ജീവനക്കാരാണുള്ളത്. PHC ഉണ്ടായ നാൾ മുതൽ ഇന്നോളം പൂർണമായി ഒരു ഡോക്ടർ ഇവിടെ ഉണ്ടായിട്ടില്ല. വർഷത്തിൽ പകുതിയിലേറെക്കാലം ഡോക്ടറില്ലാത്ത അവസ്ഥയാണ്. മരുന്നിന്റെ ലഭ്യത വളരെക്കുറവാണ്. രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുള്ള യാതൊരു സൗകര്യവുമില്ല. പേരിലുള്ള പ്രഥാമികാരോഗ്യ കേന്ദ്രമല്ലാതെ ജനങ്ങളുടെ പ്രാഥമികാരോഗ്യത്തിന് യാതൊരു സേവനവും ചെയ്യാൻ കഴിയാത്ത സ്ഥാപനമാണ് കരുകോൺ PHC. കൂടാതെ ഇതര ജീവനക്കാരുടെ സേവനം ഒട്ടും തൃപ്തികരമല്ല. കാലാകാലങ്ങളിൽ സർക്കാർ ആവിഷ്ക്കരിക്കുന്ന ബോധവൽക്കരണം ഉൾപ്പെടെയുള്ള പരിപാടികൾ ഇവിടെ നടപ്പിലാക്കാതെ ഇരിക്കുകയോ, അല്ലെങ്കിൽ നടപ്പിലാക്കി എന്ന് വരുത്തി തീർക്കുകയോ ആണ് പതിവ്.

ആയുർവേദ രംഗത്തും, ഹോമിയോ രംഗത്തും സർക്കാർ സ്ഥാപനങ്ങളൊന്നും ഇവിടില്ല. സ്വകാര്യ സ്ഥാപനങ്ങളെയാണ് ജനങ്ങൾ ഈ രംഗത്ത് ആശ്രയിക്കുന്നത്. അപൂർവ്വം ചില ആയുർവേദ സ്ഥാപനങ്ങളിലെങ്കിലും ലഹരി എറിയ ചിലതരം അരിഷ്ടങ്ങൾ നിർമ്മിക്കുകയോ വിൽക്കുകയോ ചെയ്യുന്നുണ്ട്. ജനങ്ങളുടെ ഒട്ടേറെ ആരോഗ്യ പ്രശ്നങ്ങൾ പാർശ്വഫലങ്ങളില്ലാതെ പരിഹരിക്കാൻ കഴിയുന്ന ആയുർവേദ-ഹോമിയോ ചികിത്സാരംഗത്തുണ്ടാകേണ്ട അനുപേക്ഷണീയമായ പുരോഗതി കാണുന്നില്ല.

4500-ഓളം കുടുംബങ്ങളിലായി ഉദ്ദേശം ഇരുപതിനായിരം പേർ ഇവിടെ താമസിക്കുന്നുണ്ട്. ഇതിൽ കരുകോൺ PHC യിൽ 92-93 എത്തുന്ന രോഗികളുടെ വിവരം താഴെചേർക്കുന്നു.

ഈ ചാർട്ടിൽ നിന്നും മനസ്സിലാക്കുന്നത് കരുകോൺ PHC യിൽ എത്തുന്ന രോഗികളുടെ എണ്ണം കാലകാലമായി കുറഞ്ഞുവരുന്നു എന്നതാണ്. സ്വകാര്യാശുപത്രികൾ അഞ്ചൽ പട്ടണത്തോട് ചേർന്നു കിടക്കുന്നതിനാൽ അവിടെത്തുന്ന രോഗികളുടെ സ്ഥിതിവിവരകണക്ക് പഞ്ചായത്തിടിസ്ഥാനത്തിൽ ലഭ്യമല്ല.

പ്രശ്നങ്ങൾ

1. കരുകോൺ PHC യുടെ പ്രവൃർത്തനം തൃപ്തികരമല്ല.

(a) കിടത്തി ചികിത്സയ്ക്കുള്ള സൗകര്യമില്ലായ്മ

(b) വേണ്ടത്ര മരുന്നുകളുടെ ലഭ്യതക്കുറവ്

വർഷം	ഇൻ പേഷ്യന്റ്	ഔട്ട് പേഷ്യന്റ്	ത്വക് രോഗം	വാത രോഗം	പകർച്ച വ്യാതി	വിഷ ചികിത്സ	മറ്റ് രോഗങ്ങൾ	ആകെ
1992-93	-	12163	217	4856	68	-	7022	12163
1993-94	-	10584	305	5002	53	-	5224	10584
1994-95	-	8507	312	5349	52	-	2794	8507
1995-96	-	9278	157	2678	88	-	6355	9278

(c) സ്ഥിരമായി ഡോക്ടർ ഇല്ലാത്ത അവസ്ഥ

2. പൊതുമേഖലയിൽ ആയുർവേദ-ഹോമിയോ ചികിത്സാ സൗകര്യമില്ല

(a) സ്വകാര്യ മേഖലയിലുള്ളവ കാര്യക്ഷമമായി പ്രവർത്തിക്കുന്നവയല്ല.

3. ജനസംഖ്യാനുപാതികമായി PH സബ്സെന്ററുകൾ ഇല്ല.

4. ദുർബല ജനവിഭാഗങ്ങൾക്ക് സ്വകാര്യാശുപത്രികളിൽ ചികിത്സ നേടാനുള്ള സാമ്പത്തിക ശേഷിയില്ല.

5. പരിസര ശുചീകരണത്തിനാവശ്യമായ ബോധവത്ക്കരണം നടക്കുന്നില്ല.

6. ഹരിജനങ്ങൾക്കും ഇതര സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കും കക്കൂസുകളുടെ അവശ്യകത.

7. പോഷകാഹാരക്കുറവ്

8. ഗർഭിണികൾക്കും കുട്ടികൾക്കും ആവശ്യമായ പരിരക്ഷയുടെ കുറവ്

9. അശാസ്ത്രീയമായ കശാപ്പുസമ്പ്രദായവും മത്സ്യവിപണനവും സൃഷ്ടിക്കുന്ന ആരോഗ്യപ്രശ്നങ്ങൾ

10. വേനൽക്കാലത്ത് അനുഭവപ്പെടുന്ന ശുദ്ധജല ക്ഷാമം

11. എയ്ഡ്സ് ഉൾപ്പെടെയുള്ള മാരകരോഗങ്ങൾക്കെതിരെ ആവശ്യമായ ബോധവത്ക്കരണം നടക്കുന്നില്ല.

സാധ്യതകൾ

1. കരുകോൺ PHC യിൽ കിടത്തി ചികിത്സായ്ക്കുള്ള സംവിധാനം അടിയന്തിരമായി നടപ്പിലാക്കുക.

(a) സ്ഥിരമായി ഡോകടറുടെ സേവനം ലഭ്യമാക്കുക.

(b) വേണ്ടത്ര മരുന്നുകൾ, മറ്റ് ചികിത്സാ സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തുക.

2. സർക്കാർ മേഖലയിൽ ആയുർവേദ-ഹോമിയോ ആശുപത്രി സ്ഥാപിക്കുക.

3. സ്വാകാര്യാശുപത്രികളിലെ അമിതമായ ചാർജ് ഒഴിവാക്കുന്നതിന് പഞ്ചായത്തിന് നിയന്ത്രണാധികാരങ്ങൾ നൽകുക.

4. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും PH സബസെന്ററുകൾസ്ഥാപിക്കുക.


5. പരിസര ശുചീകരണത്തിനാവശ്യമായ ബോധവൽക്കരണവും സാമ്പത്തികശേഷിയില്ലാത്ത മുഴുവൻ കുടുംബങ്ങൾക്കും കക്കൂസുകൾ നിർമ്മിക്കുക.

6. ഗർഭിണികൾക്കും, കുട്ടികൾക്കും മതിയായ പോഷകാഹാരവും പരിരക്ഷയും ഉറപ്പാക്കുക.

7. കശാപ്പുശാലപ്രവർത്തനം ഉടനാരംഭിക്കുകയും മത്സ്യവിപണനത്തിന് കർശന നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക.

8. ശുദ്ധജല വിതരണം പഞ്ചായത്തിലെല്ലാസ്ഥലത്തും വ്യാപകമാക്കുക.

9. മാനവരാശി നേരിടുന്ന മഹാരോഗങ്ങൾക്കെതിരേ മുൻവിയില്ലും യുക്തമായ ബോധവത്ക്കരണവും നടത്തുക.



വ്യവസായം

അലയമൺ ഗ്രാമപഞ്ചായത്ത് വ്യാവസായികമായി വളരെ പിന്നിലാണ്. പഞ്ചായത്തിന്റെ ഭൂപ്രകൃതിയും വിഭവങ്ങളും കണക്കിലെടുക്കുമ്പോൾ സമീപഭാവിയിൽ ഏതെങ്കിലും വൻകിട വ്യവസായങ്ങൾക്ക് സാദ്ധ്യതയില്ല. പരമ്പരാഗത വ്യവസായങ്ങൾ പുനരുദ്ധരിക്കുകയും, ചെറുകിട വ്യവസായങ്ങൾ കഴിയുന്നത്ര ആരംഭിക്കുകയും ചെയ്ത ഓരോ വീടും ഒരു ചെറുകിട വ്യവസായ യൂണിറ്റുകളായി മാറ്റിയെടുക്കുക എന്നതാണ് പഞ്ചായത്തിന്റെ ലക്ഷ്യം.

നിലവിലുള്ള ചെറുകിട പരമ്പരാഗത വ്യവസായങ്ങൾ പീഡിത വ്യവസായങ്ങളാണ് കശുവണ്ടി മേഖലയിൽ കരുകോൺ, ചണ്ണപ്പേട്ട, മീൻകുളം, ചോറാട്ടുകുഴി എന്നിവിടങ്ങളിലായി 4 കശുവണ്ടി ഫാക്ടറികൾ പ്രവർത്തിച്ചുവരുന്നു. ഇവയിലെല്ലാം കൂടി 850 തൊഴിലാളികൾ പണിയെടുക്കുന്നു. 798 സ്ത്രീകളും 52 പുരുഷന്മാരും ജോലിയെടുക്കുന്ന ഈ മേഖലയിൽ ഒരു തൊഴിലാളിയ്ക്ക് വർഷത്തിൽ ശരാശരി 100 ദിവസത്തിൽ താഴെ മാത്രമേ ജോലി ലഭിക്കുന്നുള്ളൂ. സ്ത്രീകൾക്ക് ശരാശരി വേതനം 40 രൂപാ മാത്രമേ ലഭിക്കുന്നുള്ളൂ. പ്രദേശത്തെ താഴ്ന്ന വരുമാനക്കാരായ സ്ത്രീകളുടെ തൊഴിലില്ലായ്മ വളരെയധികം പരിഹരിക്കുന്നതിന് സാദ്ധ്യതയുള്ള ഒരു വ്യവസായമാണെങ്കിലും കശുവണ്ടിയുടെ ദൗർലഭ്യം ഈ വ്യവസായത്തെ പീഡിതവ്യവസായമാക്കി മാറ്റുന്നു.

പഞ്ചായത്തിലെ എല്ലാ വാർഡുകളിലുമായി 25 ഓളം നാടൻ പുഷ്ടിക നിർമ്മാണ യൂണിറ്റുകൾ പ്രവർത്തിക്കുന്നു. ലഭിച്ചു വരുന്ന കെട്ടിടങ്ങളുടെ അളവനുസരിച്ച് ഇഷ്ടിക വ്യവസായം പുഷ്ടിപ്പെട്ടിട്ടില്ല. അസംസ്കൃത വസ്തുവായ പശിമയാർന്ന മണ്ണ് പഞ്ചായത്തിലെ പല സ്ഥലത്തും ഉണ്ടെങ്കിലും പ്രധാനമായും ഒരുപ്പു നിലങ്ങളെയാണ് ഇതിനായി ഉപയോഗിക്കുന്നത്. നിലങ്ങളെ കൃഷിയാവശ്യത്തിനല്ലാതെ ഉപയോഗിക്കാൻ പാടില്ല എന്നുള്ള സർക്കാർ വ്യവസ്ഥ ഈ വ്യവസായത്തെ ഏറെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. കൂടുതൽ മുതൽ മുടക്കില്ലാതെ ധാരാളം വിപണന സാദ്ധ്യതയുള്ള ഇഷ്ടിക നിർമ്മാണ വ്യവസായത്തെ കാര്യക്ഷമമായി അഭിവൃത്തിപ്പെടുത്തിയാൽ ഈ മേഖലയിൽ അനവധി തൊഴിൽ സാദ്ധ്യത വർദ്ധിക്കും. ഇപ്പോൾ തന്നെ 25 ഓളം തൊഴിലാളികൾ ഈ മേഖലയുമായി ബന്ധപ്പെട്ട് ജീവിച്ചുവരുന്നു.

മലയോരഗ്രാമപ്രദേശമായ അലയമൺ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന മറ്റൊരു വ്യവസായ യൂണിറ്റാണ് തടി മില്ല് I, V, VI, VIII വാർഡുകൾ ഒഴികെയുള്ള II, III, IV, VII, IX വാർഡുകളിലായി ആറ് യൂണിറ്റുകൾ പ്രവർത്തിക്കുന്നു. ഈ മേഖലയിൽ ഏകദേശം 22 പേർ പ്രത്യക്ഷമായും 50 ൽ അധികം ആളുകൾ പരോക്ഷമായും തൊഴിൽ തേടി വരുന്നു. ഈ പ്രദേശത്തു വളരെ വേഗം വികസിക്കാവുന്ന ഒരു മേഖലയാണിത്.

എൻജിനിയറിംഗ് രംഗത്ത് 7 യൂണിറ്റുകൾ നിലവിൽ പ്രവർത്തിക്കുന്നു. സ്വകാര്യ മേഖലയിൽ ഉള്ള ഇവയിൽ 20 ൽ അധികം ആളുകൾ ജോലി ചെയ്യുന്നു. കാർഷിക ഉപകരണങ്ങൾ അനിവാര്യമായ ഈ മേഖലയിൽ ഈ വ്യവസായ മേഖല പുരോഗമിക്കേണ്ടതായിട്ടുണ്ട്.

കൂടിൽ വ്യവസായ രംഗത്ത് ഫർണീച്ചർ മേഖലയിൽ ആറ് യൂണിറ്റുകളിലായി 33 പേർ ജോലി ചെയ്യുന്നു. ചൂരലധിഷ്ഠിത വ്യവസായത്തിൽ V-ാം വാർഡിൽ ഒരു യൂണിറ്റ് പ്രവർത്തിക്കുന്നു. തയ്യൽ രംഗത്ത് വികേന്ദ്രീകൃതമായി ഒട്ടനവധി യൂണിറ്റുകൾ ഉണ്ടെങ്കിലും റെഡിമെയ്ഡ്

വസ്ത്ര നിർമ്മാണരംഗത്ത് ഒരു യൂണിറ്റ് മാത്രമേ ഉള്ളൂ. വളരെ ലാഭകരമായി നടത്താൻ കഴിയുന്ന ഈ യൂണിറ്റുകൾ ഈ പ്രദേശത്ത് കൂടുതൽ വ്യാപകമാക്കിയാൽ അത് തൊഴിലില്ലായ്മ കുറയ്ക്കുന്നതിനും അതിലൂടെ ജീവിത നിലവാരം ഉയർത്തുന്നതിനും സഹായിക്കും.

തഴപ്പായ് നിർമ്മാണം, ഈറ നെയ്ത്, മൺപാത്ര നിർമ്മാണം എന്നിവയും അസംഘടിത മേഖലയിലുണ്ട്. ഇവർക്ക് ആവശ്യമായ ധനസഹായം നൽകിയാൽ ഇത് വളരെയേറെ പുരോഗതി പ്രാപിക്കും.

ചെറുകിട വ്യവസായരംഗത്ത് ഈ പഞ്ചായത്തിൽ പ്രവർത്തിച്ച് വരുന്ന രണ്ട് യൂണിറ്റുകളാണ് N.Lae Paints ഉം അശ്വതി ഇൻഡസ്ട്രീസും. പ്രൈമർ നിർമ്മാണത്തിൽ Nerolac പുരോഗതി പ്രാപിച്ചുവരുന്നു. കറിപൗഡർ നിർമ്മാണത്തിലും ധാന്യപ്പൊടി നിർമ്മണ രംഗത്തും പ്രവർത്തിച്ചു വരുന്ന അശ്വതി ഇൻഡസ്ട്രീസ് 50-ൽ അധികം ആളുകൾക്ക് തൊഴിൽ നൽകുന്ന നല്ല നിലയിൽ പ്രവർത്തിക്കുന്ന ഒരു യൂണിറ്റാണ്.

പ്രധാനമായും കാർഷിക ഗ്രമമായ അലയമണ്ണിൽ കാർഷിക വിളകളെ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾ ആരംഭിക്കുന്നതിന് സാദ്ധ്യത വളരെ കൂടുതലാണ്. ഈ മേഖലയിൽ ഇന്ന് നേരിടുന്ന പ്രശ്നങ്ങൾ താഴെ പറയുന്നു.

പ്രശ്നങ്ങൾ

1. ചെറുകിട വ്യവസായങ്ങൾ ഉണ്ടെങ്കിലും, അതു വികസിപ്പിക്കുവാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശം ലഭിക്കുന്നില്ല.

2. കാർഷിക വിളകളെ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങളുടെ അപര്യാപ്ത

3. പരമ്പരാഗത മേഖലയിലെ തൊഴിലാളികൾ അസംഘടിതരാണ്.

4. വനിതാ വ്യവസായ യൂണിറ്റുകളുടെ കുറവ്

5. വൈദ്യുതിയുടെ സഹായങ്ങളുടെ കുറവ്

6. സാങ്കേതിക അപര്യാപ്തത.

7. സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ളത് നേരിടുന്ന കാലതാമസം

8. സഹകരണ സ്ഥാപനങ്ങളുടെ ശ്രദ്ധക്കുറവ്

9. സാങ്കേതിക പരിശീലനം നേടുന്നതിനുള്ള സ്ഥാപനങ്ങളുടെ അഭാവം

10. കുടിൽ വ്യവസായങ്ങളെ പുനരുദ്ധരിക്കുന്നതിനും സംരക്ഷിക്കുന്നതിനും ഉള്ള നടപടികൾ ഇല്ല.

11. അലസമായിട്ടുള്ള ധനമിച്ചത്തെ ഉല്പാദന മേഖലയിലേക്ക് കടത്തിവിടുവാനുള്ള പരിശ്രമില്ലായ്മ

12. കശുവണ്ടിയുടെ അപര്യാപ്ത

13. ഗതാഗത പ്രശ്നങ്ങൾ

14. വിപണന സൗകര്യങ്ങളുടെ അപര്യാപ്ത

സാദ്ധ്യതകൾ

1. ചെറുകിട, കുടിൽ വ്യവസായങ്ങളെ പരിപോഷിപ്പിക്കുന്നതിന് ഇൻഡസ്ട്രീയൽ എസ്റ്റേറ്റ് സ്ഥാപിക്കുക.

2. ഇവിടെ ഉല്പാദിപ്പിക്കുന്ന കാർഷിക വിളകളെ അടിസ്ഥാനമാക്കിയുള്ള വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിന് ജനങ്ങളെ ബോധവൽക്കരിക്കുകയും, വിദേശ ഇന്ത്യാക്കാരുടെ നിക്ഷേപം ഇതിന് പ്രയോജനപ്പെടുത്തുക.

3. പരമ്പരാഗത വ്യവസായ മേഖലയിലെ തൊഴിലാളികളെ ഒരു യൂണിറ്റായി കണക്കാക്കി അവർക്ക് ആവശ്യമുള്ള സഹായങ്ങൾ പഞ്ചായത്തിന്റെ മേൽ നോട്ടത്തിൽ ചെയ്തു കൊടുക്കുക.

4. വനിതകൾക്കുവേണ്ടിയുള്ള ചെറിയ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിന് പ്രചോദനം നൽകുക.

5. സാങ്കേതിക വിദഗ്ധരെ ഉൾപ്പെടുത്തി വ്യവസായ സഹകരണസംഘം സ്ഥാപിക്കുക.

6. പഞ്ചായത്തിൽ ലഭ്യമായ വിഭവങ്ങളെപ്പറ്റി സർവ്വേ നടത്തി അവയുടെ അളവും സാദ്ധ്യതയും മനസ്സിലാക്കുന്നതിന് ജനകീയ കമ്മിറ്റി രൂപീകരിക്കുക.

7. വ്യവസായവുമായി ബന്ധപ്പെട്ട് അറിയിപ്പുകൾ പഞ്ചായത്ത് മുഖേന പൊതുജനങ്ങൾക്ക് നൽകുക.

8. സഹകരണ സംഘങ്ങൾ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിന് പ്രോത്സാഹനം നൽകുക.

9. ക്ഷീരോല്പാദന സഹകരണ സംഘങ്ങൾ ശേഖരിക്കുന്ന പാൽ ഉപയോഗിച്ച് തദ്ദേശീയമായി പാലുത്പന്നങ്ങൾ നിർമ്മിക്കുന്നതിന് മിൽമയുടെ സഹകരണത്തോടെയുള്ള പദ്ധതികൾ ആവിഷ്കരിക്കുക.

10. സാങ്കേതിക പരിശീലനം ലഭിക്കുന്നതിന് സാങ്കേതിക സ്ഥാപനങ്ങൾ ആരംഭിക്കുക.

11. അനുവദിക്കുന്ന സാമ്പത്തിക സഹായങ്ങൾ കാലവിളംബരം കൂടാതെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

12. കശുവണ്ടി വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിന് പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ സഹകരണ സ്ഥാപനങ്ങൾ വഴി കർഷകന് ന്യായവില ഉറപ്പ് വരുത്തി ശേഖരിച്ച് കശുവണ്ടി ഫാക്ടറികൾക്ക് നൽകുക.

13. IDBI യുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.

14. സ്വയം തൊഴിൽ സംരഭകരെ കണ്ടെത്തുന്നതിന് സർവ്വേ നടത്തി അർഹതപ്പെട്ടവർക്ക് സാമ്പത്തിക സഹായം ദേശസാത്കൃത ബാങ്കുകൾ വഴി നൽകുക.

(ആരംഭിക്കാൻ കഴിയുന്ന വ്യവസായ യൂണിറ്റുകൾ)

1. റബ്ബർ അധിഷ്ഠിത വ്യവസായം(Crump/Creep) ഫാക്ടറി

2. റബ്ബർ തടി സംസ്കരണവും, ഫർണീച്ചർ നിർമ്മാണവും

3. നാളികേര സംസ്കരണയൂണിറ്റ്

4. സോഡാ നിർമ്മാണം

5. ഭവനനിർമ്മാണ വസ്തു ഉല്പാദന യൂണിറ്റ്

6. ശീതള പാനീയ നിർമ്മാണം

7. അച്ചാർ നിർമ്മാണയൂണിറ്റ്

8. ജാം നിർമ്മാണം

9. തടി ഫർണീച്ചർ നിർമ്മാണം

10. ഓജോവള നിർമ്മാണം

11. കറിപൗഡർ നിർമ്മാണം/ ധാന്യപ്പൊടി നിർമ്മാണം

12. ബോക്കറി


13. റോളിംഗ് ഷട്ടർ/കാർഷിക ഉപകരണ നിർമ്മാണം

പൊതുമേഖല

1. ആനക്കുളം "കുടുക്കത്ത് പാറ" വിനോദസഞ്ചാര കേന്ദ്രമായി പ്രഖ്യാപിച്ച് വികസിപ്പിക്കുക.

2. Oil Palm ഫാക്ടറി സ്ഥാപിക്കുക

3. കശുവണ്ടി വികസന കോർപ്പറേഷന്റെ ഒരു ഫാക്ടറി സ്ഥാപിക്കുക.



ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

അലയമൺ ഗ്രാമപഞ്ചായത്തിന്റെ പ്രധാന ഗതാഗത മാർഗ്ഗം റോഡാണ്. പുരാതനകാലം വനപ്രദേശങ്ങളായിരുന്ന ഈ പഞ്ചായത്തിന്റെ ഭൂരിഭാഗം മേഖലകളിലും റോഡുകൾ ആയതു 1920 നുശേഷമാണ്. ഗതാഗതം ആരംഭിച്ചതു 1954 സ്വകാര്യബസ് സർവ്വീസ് ആരംഭിച്ചത് 1959ലുമാണ്. ഇന്നു സ്വകാര്യ ബസ് സർവ്വിസിനെയാണ് യാത്രക്കായി ജനങ്ങൾ പ്രധാനമായും ആശ്രയിക്കുന്നത്.

കുന്നുകളും താഴ്വരകളും നിറഞ്ഞ അലയമൺ ഗ്രാമപഞ്ചായത്തിലെ റോഡുകളുടെ നിലവളരെ ശോചനിയമാണ് വെള്ള പൊക്കവും, നീർവാഴ്ചയും റോഡ് വളരെ വേഗം നശീക്കുന്നതിന് കാരണമാകുന്നു. ഉള്ള റോഡിൽ വളരെ കുറച്ചു മാത്രമേ ടാറിട്ടിട്ടുള്ളൂ. പ്രത്യേക ഭൂപ്രകൃതിക്കു അനുയോജ്യമായി മുഴുവൻ റോഡുകളും ടാർ ചെയ്യേണ്ടതു വളരെ ആവശ്യമാണ്.

ഇപ്പോൾ അലയമൺ പഞ്ചായത്തിൽ 21.5 km PWD ടാർ റോഡും 4.6 km പഞ്ചായത്ത് ടാർ റോഡും 73.84 km കച്ചറോഡുമാണ് നിലവിലുള്ളത്. ഇനിയും ഗതാഗത സൗകര്യമില്ലാത്ത ഒട്ടനവധി മേഖലകൾ പഞ്ചായത്തിലുണ്ട്. നിലവിലുള്ള ഒന്നും തന്നെ ഗതാഗത യോഗ്യമല്ല.

ബസ്റ്റാൻഡ്, ജീപ്പ്/കാർ സ്റ്റാൻഡ്, ഓട്ടോ റിക്ഷാ സ്റ്റാൻഡ് എന്നിവ ഈ പഞ്ചായത്തിലില്ല. പ്രധാനപ്പെട്ട കേന്ദ്രങ്ങളായ ചണ്ണപ്പേട്ട കരുകോൺ എന്നീ സ്ഥലങ്ങളിൽ 150-ൽ അധികം ജീപ്പുകളും, കാറുകളും ഉണ്ട്. അവിടെ സ്റ്റാൻഡില്ല. വെയിറ്റിംങ് ഷെഡുകൾ പരിമിതമാണ്. പാർക്കിംഗ് സൗകര്യം ഒരിടത്തുമില്ല.

പ്രധാനപ്പെട്ട കാർഷിക മേഖലയായ അലയമണ്ണിലെ റോഡുഗതാഗ മേഖലകൾ സ്ഥാപിക്കേണ്ടതു പഞ്ചായത്തിന്റെ സാമൂഹ്യ സാംസ്ക്കാരിക സാമ്പത്തിക പുരോഗതിക്ക് അനിവാര്യമാണ്.

പ്രശ്നങ്ങൾ

1. റോഡുകൾ വളരെ കുറവാണ്

2. നിലവിലുള്ളവ ഗതാഗത യോഗ്യമല്ല

3. യഥാസമയം അറ്റകുറ്റപ്പണികൾ നടക്കുന്നില്ല.

4. റോഡുകൾക്ക് ഓട കലുങ്ക് എന്നിവയില്ല.

5. റോഡുകളുടെ വശങ്ങൾ സംരക്ഷിക്കാനുള്ള നടപടികളില്ല.

6. നിലവിലുള്ള പ്രധാന പാലങ്ങളായ കടവറാ/മുക്കുട്, പുല്ലാത്തിയോട് പാലങ്ങൾ അപകട ഭീഷണിയിലാണ്.

7. ബസ്റ്റാൻഡോ/പാർക്കിംങ് സ്ഥലമോ നിലവിലില്ല.

8. റോഡുകൾ കയ്യേറുന്നു.

9. ചെറുപാലങ്ങളുടെ ആവശ്യകത

10. കൂടുതൽ പഞ്ചായത്ത് റോഡുകളും താഴ്വരകളിലൂടെയാണ് അവയുടെ വശങ്ങൾ കെട്ടേണ്ടതു റോഡിനു കാർഷിക മേഖലയുടെ നിലനില്പിനും ആവശ്യമാണ്.

11. ബസ് സർവ്വീസുകളുടെ അപര്യാപ്തതയും അശാസ്ത്രീയമായ സമയക്രമവും.

12. പഞ്ചായത്ത് റോഡുകൾ ടാർ ചെയ്യേണ്ടതിന്റെ ആവശ്യം.

13. റോഡുകളുടെ നിർമ്മാണത്തിലും സംരക്ഷണത്തിലും നിലനിൽക്കുന്ന അശാസ്ത്രീയത

14. സംസ്ഥാനത്തിലെ പ്രധാന കേന്ദ്രങ്ങളുമായി പ്രത്യേകിച്ചു തിരുവനന്തപുരവുമായി ബന്ധപ്പെടാനുള്ള ബസ്സില്ല.

15. റെയിൽവേ ഗതാഗതമില്ല.

16. PWD റോഡുകൾക്ക് വീതി വളരെ കുറവായതിനാൽ അപകട സാദ്ധ്യതകൂടുന്നു.

സാധ്യതകൾ

1. പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ ജനപങ്കാളിത്തത്തോടെ അടിയന്തരമായുള്ള [illegible] നിർമ്മിക്കുന്നതിനുള്ള നടപടികൾ മുൻഗണനാക്രമത്തിൽ നടപ്പിലാക്കേണ്ടതാണ്.

2. നിലവിലുള്ള മുഴുവൻ കച്ച റോഡുകളും ഭൂമിശാസ്ത്ര പ്രത്യേകതക്കനുസരിച്ച് ടാറിട്ടോ/കോൺക്രീറ്റ് ചെയ്തോ സംരക്ഷിക്കേണ്ടതിനുള്ള സമീപനം സ്വീകരിക്കുക.

3. റോഡുകളുടെ സംരക്ഷണത്തിന് ജനങ്ങളുടെ സഹകരണത്തോടെ അറ്റകുറ്റപ്പണികൾ വർഷംതോറും നടപ്പിലാക്കുക.

4. റോഡുകൾക്ക് ഇരുവശവും ഓടകൾ നിർമ്മിച്ച് ആവശ്യമുള്ള സ്ഥലങ്ങളിൽ കലുങ്കുകൾ പണിതു അവ വൃത്തിയാക്കി സംരക്ഷിക്കേണ്ടതാണ്.

5. നിർച്ചാലുകളുള്ള പ്രദേശങ്ങളിലും മഴവെള്ളത്തിന്റെ കുത്തൊഴുക്കുള്ള പ്രദേശങ്ങളിലും വശങ്ങൾ കെട്ടി സംരക്ഷിക്കുക.

6. അപകട ഭീഷണി നേരിടുന്ന മൂക്കുട്/കടവറാ, പൂല്ലാത്തിയോട് പാലങ്ങൾ അടിയന്തരമായി പുനരുദ്ധരിക്കുക.

7. പഞ്ചായത്തിൽ ചണ്ണപ്പേട്ട/കരുകോൺ എന്നിവിടങ്ങളിൽ ബസ്സ്റ്റാൻഡും, ടാക്സി സ്റ്റാൻഡും അടിയന്തിരമായി നിർമ്മിക്കുക.

8. ജനപങ്കാളിത്തത്തോടെ റോഡുകൾ കയ്യേറുന്നതു തടയുക.

9. വിവിധ വാർഡുകളിൽ ആവശ്യമുള്ള ചെറുപാലങ്ങൾ നിർമ്മിക്കുക.

10. റയലിന്റെ വശങ്ങളിലൂടെ കടന്നുപോകുന്ന പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ ഉള്ള മുഴുവൻ റോഡുകളും കരിങ്കൽ ഭിത്തികെട്ടി സംരക്ഷിക്കണം.

11. ബസ് സർവ്വീസുകളുടെ സമയം ശാസ്ത്രീയമായി പുനർക്രമീകരിക്കുകയും, ബസ്സുകളുടെ എണ്ണം വർദ്ധിപ്പിക്കുകയും വേണം.

12. റോഡുകൾ സംരക്ഷിക്കുന്നതിന് ടാർ ചെയ്യുന്നതിനും നിലനിർക്കുന്ന പരിധി എടുത്തുമാറ്റി മുഴുവൻ റോഡുകളും സംരക്ഷിക്കുന്നതിനാവശ്യമായ നിയമ ഭേദഗതി വരുത്തുക.

13. പഞ്ചായത്തിലൂടെ തിരുവനന്തപുരം പത്തനംതിട്ട, കുളത്തൂപ്പുഴ, ചെങ്കോട്ട എന്നിവിടങ്ങളിലേക്ക് ബസ് സർവ്വിസ് ആരംഭിക്കുകയും, കൊല്ലം, കടയ്ക്കൽ പുനലൂർ എന്നിവിടങ്ങളിലേക്കു കൂടുതൽ സർവ്വിസ് നടത്തുകയും ചെയ്യുക.

14. നിർദ്ദിഷ്ട പുനലൂർ/തിരുവനന്തപുരം ശബരി റയിൽവേ പഞ്ചായത്തിന്റെ മധ്യഭാഗത്തുകൂടി കടന്നുപോയാൽ അതു ദൂരം കുറയുകയും പഞ്ചായത്തിന്റെ വികസനത്തിന് ഗുണകരവുമായിരിക്കും.

15. പ്രധാന പഞ്ചായത്തു റോഡുകളിലൂടെ ബസ് സർവ്വിസ് ആരംഭിക്കുക.

16. വളരെയേറെ വളവുകളും, തിരിവുകളും ഉള്ള പഞ്ചായത്തിലെ PWD റോഡുകൾ ഉൾപ്പെടെയുള്ള റോഡുകൾക്ക് [illegible]

17. തലയമണ്‍ പഞ്ചായത്തിനെയും തൊട്ടിവ പഞ്ചായത്തിനെയും [illegible] കുമ്മണ്ണൂർ കടവിൽ പാലം പണിയുക.

ഉപസംഹാരം

തലയമണ്‍ ഗ്രാമപഞ്ചായത്തിൽ മുഖ്യമായും ഉപയോഗിക്കുന്ന ഊർജ്ജദ്രവ്യങ്ങൾ ജലവൈദ്യുതി, മണ്ണെണ്ണ, വിറക് എന്നിവയാണ്. നാമമാത്രമായി LPG ഗ്യാസും, ബയോ ഗ്യാസും ഉപയോഗിക്കുന്നു. ഇതിലേറ്റവും കൂടുതൽ ജല വൈദ്യുതിയാണുപയോഗിക്കുന്നത്. പാചകം, വെളിച്ചം, മറ്റ് ഗാർഹികാവശ്യങ്ങൾ എന്നിവക്കെല്ലാം ജനങ്ങൾ ഏറ്റവും കൂടുതൽ ആശ്രയിക്കുന്നത് ജല

വൈദ്യുതിയെ ആണ്. വ്യാവസായികമേഖലകളിൽ തടിമില്ലുകൾ, ഫ്ളവർമില്ലുകൾ, സിനിമാശാലകൾ ഇതര ഇൻജിനീയറിംഗ് യൂണിറ്റുകൾ എന്നിവയെല്ലാം ജല വൈദ്യുതിമാത്രം ഉപയോഗിക്കുന്നവയാണ്. കാർഷിക മേഖലയിൽ ജലവൈദ്യുതി നാമമാത്രമായി മാത്രമേ ഉപയോഗിക്കുന്നുള്ളൂ. താഴെ ചേർക്കുന്ന പട്ടികയിൽ നിന്നും ജല വൈദ്യുതിയുടെ വിവിധ തരത്തിലുള്ള ഉപയോഗം മനസ്സിലാക്കാവുന്നതാണ്.

നിലവിലുള്ള വൈദ്യുതി ഉപഭോക്താക്കൾ

ഗാർഹികം	-	3858
വ്യാപാരം	-	350
വ്യാവസായികം	-	32
കാർഷികം	-	15

ആയൂർ 66 KV സബ്സ്റ്റേഷനിൽ നിന്നാണ് നമുക്ക് വൈദ്യുതി ലഭിക്കുന്നത്. ഇതിൽ നിന്നും നമ്മുടെ പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ള 15 ലോ ടെൻഷൻ ട്രാൻസ്ഫോർമർ വഴി പഞ്ചായത്തിന്റെ ഭൂരിഭാഗം മേഖലകളിലും വൈദ്യുതി എത്തുന്നുണ്ട്. 73 ശതമാനത്തോളം വീടുകൾ വൈദ്യുതികരിച്ചിട്ടുണ്ടെങ്കിലും മറ്റ് നിരവധി മേഖലകളിൽ വൈദ്യുതി കടന്നുവന്നിട്ടില്ല. വൈദ്യുതി എത്തിയിട്ടുള്ള മേഖലകളിൽ വോൾട്ടേജ് ക്ഷാമം വളരെ രൂക്ഷമാണ്. ആയതിനാൽ വൈദ്യുതി എത്താത്ത മേഖലകളിൽ പുതിയ ലൈനുകൾ സ്ഥാപിക്കേണ്ടതും വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി ആവശ്യമുള്ള ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കേണ്ടതുമാണ്. ഈ പഞ്ചായത്തിൽ ജലവൈദ്യുതിനിർമ്മാണത്തിനാവശ്യമായ ജലസമ്പത്ത് ലഭ്യമല്ലാത്തതിനാൽ മറ്റ് ഊർജ്ജസ്രോതസ്സുകളുടെ യുക്തിസഹമായ വിനിയോഗം പരിഗണിക്കേണ്ടതാണ്. വൈദ്യുതി രംഗത്ത് പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളുടെ കണ്ടെത്തലിലും അവയുടെ ഉപയോഗത്തിലും കൂടിമാത്രമേ ഇവിടുത്തെ വൈദ്യുതി ക്ഷാമം പൂർണ്ണമായും പരിഹരിക്കാൻ കഴിയുകയുള്ളൂ.

തെരുവുവിളക്കുകൾ പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും എത്തിയിട്ടില്ല. ആകെ 99.9 കിലോ മീറ്റർ റോഡുകളുള്ളതിൽ വെറും 42 കിലോമീറ്ററിൽ മാത്രമേ തെരുവ് വിളക്കുകൾ സ്ഥാപിച്ചിട്ടുള്ളൂ. ഇതിനർത്ഥം ഭൂരിഭാഗം റോഡുകളും ഇനിയും വൈദ്യുതികരിക്കേണ്ടതായുണ്ട്. നിലവിലുളളതെരുവ് വിളക്കുകൾ 90 ശതമാനത്തോളം ഉപയോഗപ്രദമല്ല. കാലാകാലങ്ങളിൽ തെരുവിളക്കുകൾ കത്തുന്നുണ്ടോ എന്ന പരിശോധനയോ, ഫ്യൂസായ ബൾബുകൾ മാറ്റിയിടുന്നതിനോ, യഥാസമയം അവ കത്തിക്കുന്നതിനോ ബന്ധപ്പെട്ട അധികൃതർ യാതൊരു താത്പര്യവും കാട്ടാറില്ല. പല പ്രാവശ്യം പരാതികളുന്നയിച്ചാലും അവ ബധിരകർണ്ണങ്ങളിലാണ് പതിക്കാറുള്ളത്. തെരുവ് വിളക്കുകളുടെ വൈദ്യുതിചാർജ്ജിനത്തിൽ മാത്രം പ്രതിമാസം പഞ്ചായത്തിൽ നിന്നും 7429/- രൂപ അടക്കുന്നുണ്ട്.

നിലവിലുള്ള തെരുവ് വിളക്കുകളുടെ എണ്ണം

40.W	-	ബൾബ്	-	422
60W	-	ബൾബ്	-	67
ട്യൂബ് ലൈറ്റ്	-	33		
മെർക്കുറി വേപർലാമ്പ്	-	5		

കാർഷിക മേഖലകളിൽ വൈദ്യുതിയുടെ ഉപയോഗം ഈ പഞ്ചായത്തിൽ വളരെ കുറവാണ്. കർഷകർക്ക് കുറഞ്ഞനിരക്കിൽ വൈദ്യുതിലഭിക്കാത്തതു കൊണ്ടാണ് ഈ മേഖലയിൽ ഉപഭോക്താക്കളുടെ എണ്ണം കുറവാകാൻ കാരണം. പ്രധാനമായും കാർഷിക സമ്പദ് വ്യവസ്ഥയുള്ള ഈ പഞ്ചായത്തിൽ ഈ മേഖലയ്ക്ക് കൂടുതൽ വൈദ്യുതി ലഭ്യമാക്കിയാൽ അത് പഞ്ചായത്തിന്റെ മൊത്തത്തിലുള്ള പുരോഗതിയെ ത്വരിതപ്പെടുത്തും.

ഈ പഞ്ചായത്തിലെ ഗാർഹികമേഖലയിലെ പാചകത്തിനായി ജനങ്ങളിൽ 90% വും വിറകിനെയാണ് ആശ്രയിക്കുന്നത്. കാലാകാലങ്ങളിൽ വിറകിന്റെ ലഭ്യത കുറഞ്ഞുവരുന്നു. ഇതൊരു ഗാർഹിക പ്രതിസന്ധിയിലേക്ക് നയിക്കാനിടയുണ്ട്. ഇവിടെയാണ് പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളുടെ പ്രസക്തി. വിറകിന്റെ ക്ഷാമം പാചകവാതകം മുഖേന ഒരു പരിധിവരെ പരിഹരിക്കാം എന്നേയുള്ളൂ. പാചകവാതകം തന്നെ ഇപ്പോൾ പഞ്ചായത്ത് അതൃത്തിയായ അഞ്ചൽ മേഖലയിൽ മാത്രമേ ലഭിക്കുന്നുള്ളൂ. പഞ്ചായത്തിന്റെ ഇതര മേഖലകളിൽ ഇതിന്റെ ഉപയോഗം തുലോം വിരളമാണ്. ലഭ്യമായിരുന്നാൽ പോലും സാധാരണ ജനങ്ങൾക്ക് നിലവിലുള്ള സാഹചര്യത്തിൽ ഇതുപയോഗിക്കുക പ്രായോഗികമല്ല. വിറകിന്റെ ക്ഷാമവും പാചകവാതകത്തിന്റെ അപര്യാപ്തതയും അപ്രായോഗികതയും വിരൽചൂണ്ടുന്നത് ഇതര ഊർജ്ജസ്രോതസ്സുകളിലേക്കാണ്.

ഈ സ്ഥാനത്തേക്ക് കടന്നുവന്ന ബയോഗ്യാസ് പ്ലാന്റുകൾ അവയുടെ നിർമാണത്തിലും, സാങ്കേതികത്വത്തിലും വന്ന പിഴവുകൾമൂലം പരാജയപ്പെടുകയാണുണ്ടായത്.

പഞ്ചായത്തിൽ വൈദ്യുതി എത്തിച്ചേരാത്ത സ്ഥലങ്ങൾ.

വാർഡ് പ്രദേശം

I (a) കളീലഴികം - വക്കംമുക്ക് - കൈതാടി - ഇരുവേലിക്കൽ

II (a) കണ്ണങ്കോട് മനോരമ ജംഗ്ഷൻമുതൽ ഒരുപാറക്കോണംവരെ

(b) ഇലന്തിവിളമുതൽ കൈതാടിവരെ.

III (a) കടവറം മുതൽ മേവറം വരെയും

(b) പുഞ്ചക്കോണം മുതലാറ്റ് ഭാഗവും.

IV (a) ഇരുവേലിക്കൽ ഭാഗത്തും.

(b) കുട്ടിനാട് പേക്കാവ് ഭാഗത്തും മറ്റ് ഉൾപ്രദേശങ്ങളിലും.

V (a) വേങ്കുഴി - വലിയവയൽ - ചൊവ്വള്ളൂർ - മുളപ്പമൺ തടത്തിൽ ഭാഗം.

(b) റീത്തുപള്ളി മുതൽ വലിയവയൽവരെ.

VI (a) റീത്തുപള്ളിമുതൽ ചേറാട്ടുകുഴിവരെ

(b) മുക്കുട്പാലം മുതൽ - ലൂർദ് മാതാസ്കൂൾ വരെ.

കൂടാതെ വാർഡിന്റെ ഉൾഭാഗങ്ങളിലും.

VII (a) കുപ്പുറോഡ് - ചില്ലിക്കാട് ചതുപ്പ്

(b) കൊല്ലം ചിറ ഭാഗം

(c) കോടാന്നൂർ കിഴക്ക് മുർത്തിക്കാവ് ഭാഗം

(d) കോടാന്നൂരിനും ഉണക്കത്തോട് ഏലയ്ക്കും മധ്യേയുള്ള ഭാഗം

VIII (a) ഉള്ളാട്ടിക്കുന്ന് - വട്ടമൺ പണഭാഗം

(b) ആനക്കുളം - കോണത്ത് ഭാഗം

IX (a) തെക്കിൻകാടു മുതൽ മുങ്ങോട്ടു പണയിൽ വരെ.

(b) കമ്പകപ്പണപ്രദേശം

(c) ചേറ്റാടി, കല്യാണി, പണ്ടാരക്കരിക്കം ചതുപ്പ് പ്രദേശങ്ങൾ.

പ്രശ്നങ്ങൾ

1. പഞ്ചായത്തിൽ വൈദ്യുതി എത്താത്ത പ്രദേശങ്ങൾ നിരവധിയുണ്ട്.

2. പഞ്ചായത്തിലെ ഭൂരിഭാഗം റോഡുകളിലും തെരുവ് വിളക്കുകൾ സ്ഥാപിച്ചിട്ടില്ല.

3. തെരുവുവിളക്കുകൾ കത്തുന്നില്ല.

4. പഞ്ചായത്തിന്റെ എല്ലാ ഭാഗത്തും ഉള്ള രൂക്ഷമായ വോൾട്ടേജ് ക്ഷാമം

5. വൈദ്യുതി കണക്ഷനുള്ള കാലതാമസം

6. അപ്രഖ്യാപിത കറണ്ട്കട്ട്

7. ജീവനക്കാരുടെ പ്രതിബദ്ധതക്കുറവ്

8. ഗുണനിലവാരമില്ലാത്ത വൈദ്യുതോപകരണങ്ങളുടെ ഉപയോഗം

9. വൈദ്യുതിയുടെ അനാവശ്യമായ ഉപയോഗം

10. വിറകിന്റെ ദൗർലഭ്യം

11. മണ്ണെണ്ണയുടെ ലഭ്യതക്കുറവ്

12. പാചകവാതകത്തിന്റെ ദൗർലഭ്യം

13. പരാജപ്പെട്ട ബയോഗ്യാസ് പ്ലാന്റുകൾ

14. പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകൾ വികസിപ്പിക്കുന്നില്ല.

സാധ്യതകൾ

1. പഞ്ചായത്തിൽ വൈദ്യുതി എത്താത്തമുഴുവൻ പ്രദേശങ്ങളിലും വൈദ്യുതീകരണത്തിനുള്ള നടപടികൾ സ്വീകരിക്കുക.

2. പഞ്ചായത്തിലെ എല്ലാ റോഡുകളിലും തെരുവു വിളക്കുകൾ സ്ഥാപിക്കുക.

3. തെരുവ് വിളക്കുകൾ യഥാസമയം കത്തിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുക.

4. വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് ആവശ്യമായ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.

5. കാലതാസം ഒഴിവാക്കി വൈദ്യുതികണക്ഷൻ നൽകുകയും അപ്രഖ്യാപിത കറണ്ട്കട്ട് ഒഴിവാക്കുകയും ചെയ്യുക. പരീക്ഷാസമയങ്ങളിൽ രാത്രികാലത്തുള്ള പവർകട്ട് പൂർണ്ണമായും ഒഴിവാക്കുക.

6. വിദ്യുത്ച്ഛക്തി ജീവനക്കാരുടെ മേൽ തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾക്ക് പൂർണ്ണ നിയന്ത്രണാധികാരങ്ങൾ നൽകുക.

7. ഉന്നത ഗുണനിലവാരമുള്ള ഉപകരണങ്ങൾമാത്രം വിദ്യുത്ച്ഛക്തി മേഖലയിൽ ഉപയോഗിക്കുക.

8. ആർഭാട പൂർവ്വമായ വൈദ്യുതി ഉപയോഗത്തിന് നിയന്ത്രണവും ശിക്ഷണ നടപടികളും സ്വീകരിക്കുകന്നതോടൊപ്പം വൈദ്യുതോപയോഗം എല്ലാതലത്തിലും കുറയുന്നതിന് മതിയായ ബോധവത്ക്കരണവും നടത്തുക.

9. വിറികനാവശ്യമായ മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിന് പ്രോത്സാഹനം നൽകുക.

10. പൊതുവിതരണ ശൃംഗലകൾ വഴി ആവശ്യാനുസൃതം മണ്ണെണ്ണയുടെ ലഭ്യത ഉറപ്പാക്കുക.

11. പാചകവാതകം സാർവത്രികമാക്കുകയും ഇന്നുള്ള കാലതാമസം ഒഴിവാക്കുകയും ചെയ്യുക.

12. ബയോഗ്യാസ് പ്ലാന്റുകൾ ശാസ്ത്രീയമായി പുനഃക്രമീകരിച്ച് നടപ്പിലാക്കുന്നതിനാവശ്യമായ സാങ്കേതിക സാമ്പത്തിക സഹായം ലഭ്യമാക്കുക.

13. പഞ്ചായത്തിൽ പ്രായോഗികമായ സൗരോർജ്ജ പദ്ധതികൾ പ്രയോജന പ്രദംമാംവിധം നടപ്പിലാക്കുക.

മാർക്കറ്റ്

ഉത്പാദന വിപണന മേഖലകളെ തമ്മിൽ ബന്ധിപ്പിക്കുന്ന കണ്ണിയാണ് മാർക്കറ്റ്. ഈ പഞ്ചായത്തിൽ രണ്ട് മാർക്കറ്റുകളാണ് നിലവിൽ ഉള്ളത്. ചണ്ണപ്പേട്ട-കരുകോൺ വളരെ കാലത്തെ പഴക്കമുള്ള ചണ്ണപ്പേട്ട മാർക്കറ്റ് കിഴക്കൻ മേഖലയിലെ ഒരു പ്രധാന മലചരക്ക് കേന്ദ്രമാണ്. പരിമിതമായ സ്ഥലസൗകര്യവും ഗതാഗത പ്രശ്നവും ഇതിന്റെ വികസനത്തിന് ഒരു തടസ്സമായി നിൽക്കുന്നു. നിലവിലുള്ള മാർക്കറ്റുകൾ ശുചീകരിച്ച് വിസ്തൃതമാക്കി വികസിപ്പിക്കേണ്ടത് പഞ്ചായത്തിൻറെ മറ്റു പ്രധാന കേന്ദ്രങ്ങളിൽ പ്രത്യേകിച്ച് (ആനക്കുളം, പുത്തയം) ഗ്രാമ വാസികളുടെ പ്രധാന ആവശ്യങ്ങളാണ്.

പ്രശ്നങ്ങൾ

1. Slaughter house പ്രവർത്തനക്ഷമമല്ല

2. ചന്തക്കരം പിരിക്കുന്നത് അമിതമാണ്

3. നിലവിലുള്ള മാർക്കറ്റുകൾക്ക് സ്ഥലപരിമിതി ഉണ്ട്

4. ഗതാഗത സൗകര്യങ്ങളുടെ അപര്യാപ്തത

5. പൊതുജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാകുന്ന രീതിയിൽ വിദ്യാലയം, ആശുപത്രി, ദേവാലയം എന്നിവയുടെ മുൻപിൽ മത്സ്യവ്യാപാരം നടത്തുന്നു.

6. മാംസ സ്റ്റാളുകളിൽ മാംസ്യത്തിന് അമിതവില ഈടാക്കുന്നു.

7. ചന്തകളിൽ താത്ക്കാലികമോ സ്ഥിരമോ ആയ സ്റ്റാളുകളുടെ അഭാവം

8. മോശമായ അറവ് മാടുകളെ കശാപ്പ് ചെയ്യുന്നു.

9. ചന്തകളിൽതൊണ്ട് കൂട്ടി ഇടുന്നത് കൊതുക് വളരുന്നതിന് കാരണമാകുന്നു.

10. അറവ് മാടുകളുടെ അവശിഷ്ടങ്ങൾ തുറസ്സായസ്ഥലത്ത് നിക്ഷേപിക്കുന്നത് നായക്കളുടെ ശല്യം വർദ്ധിപ്പിക്കുന്നു.

11. മലചരക്ക് വ്യാപാരത്തിന് പ്രത്യേക സംവിധാനങ്ങൾ ഇല്ല.

12. ചന്ത നടത്തിപ്പിന്റെ അപര്യാപ്തത.

സാദ്ധ്യതകൾ

1. Slughter house-ന്റെ പണിപൂർത്തീകരിച്ച് അടിയന്തിരമായി തുറന്ന് കൊടുക്കുകയും അവശിഷ്ടങ്ങൾ നീക്കം ചെയ്യുന്നത് നിരീക്ഷിക്കുകയും ചെയ്യുക.

2. ചന്തക്കരം, പഞ്ചായത്ത് കമ്മിറ്റി തീരുമാനിക്കുകയും അത് പരസ്യപ്പെടുത്തുകയും, ലേലക്കാരൻ ആ നിരക്കാണൊ ഈടാക്കുകയും ചെയ്യുന്നതെന്ന നിരീക്ഷിക്കുകയും.

3. മാർക്കറ്റിനോട് (ചണ്ണപ്പേട്ട) അതുബന്ധച്ച് കിടക്കുന്ന സ്ഥലം ഉപയോഗ യോഗ്യമാക്കി മാർക്കറ്റ്

വിസ്തൃതമാക്കുകയും ഓരോ വിഭാഗത്തിനും പ്രത്യേക സ്ഥലങ്ങൾ തയ്യാറാക്കുകയും ചെയ്യുക.

4. വ്യാപാരികൾക്ക് മറ്റ് പ്രദേശങ്ങളിൽ നിന്ന് ഗതാഗത സൗകര്യം ഉറപ്പ് വരുത്തുക.

5. പൊതു വഴികളിൽ പ്രത്യേകിച്ച്, സ്കൂൾ, വിദ്യാലയം, ആശുപത്രി, ദേവാലയം എന്നിവയുടെ മുൻപിൽ മത്സ്യ മാംസാധികൾ വ്യാപാരം നടത്തുന്നത് തടയുകയും, തുടരുന്നപക്ഷം പഞ്ചായത്ത് രാജ് ആക്ടിൽ പറയുന്ന നിയമ നടപടികൾ കർശനമായി സ്വീകരിക്കുകയും ചെയ്യുക.

6. [illegible] ളിൽ വിൽക്കുന്ന മാംസത്തിന്റെ വില തുടരെ അമിതമായി വർദ്ധിപ്പിക്കുന്നത് തടയുന്നതിന് പഞ്ചായത്ത് കമ്മിറ്റി നടപടി സ്വീകരിക്കുക.

7. കശാപ്പിന് വേണ്ടി കൊണ്ടുവരുന്ന അറോവാടുകളെ അറക്കുന്നതിന് മുൻപ് ബന്ധപ്പെട്ട വെറ്റ്നറി ഡോക്ടറുടെ സർട്ടിഫിക്കറ്റ് വാങ്ങണം എന്ന നിയമം കർശനമാക്കുകയും അത് എത് ഒരാൾക്കും ബോധ്യപ്പെടുന്ന രീതിയിൽ പ്രദർശിപ്പിക്കണമെന്ന് കരാറ് കാരനോട് ആവശ്യപ്പെടുകയും ചെയ്യുക.

8. ആഴ്ചയിൽ എല്ലാ ദിവസവും മത്സ്യ വ്യാപാരം നടത്തുന്നതിന് ചന്തകളിൽ സ്ഥിര സംവിധാനം ഉണ്ടാക്കുക.


9. ചന്തകളിൽ തൊണ്ടി കൂട്ടി ഇടുന്നത്കൊണ്ടുള്ള ദൃഷ്യവശങ്ങൾ ജനങ്ങളെ ബോധ്യപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

10. അലഞ്ഞ് തിരിഞ്ഞ് നടക്കുന്ന നായ്ക്കളെ പിടിച്ച് കൊല്ലുന്നതിന് സ്ഥിരസംവിധാനം ഏർപ്പെടുത്തുക.

11. മലഞ്ചരക്കുകൾ (ഇഞ്ചി, ചുക്ക്, അടയ്ക്ക, കുരുമുളക്) എന്നിവ പഞ്ചായത്ത് തലത്തിൽ ശേഖരിക്കുന്നതിനുള്ള [illegible] ചർച്ചചെയ്ത് തീരുമാനിക്കുക. പഞ്ചായത്തിലെ ജനനിബിഡമായ പ്രദേശങ്ങളിൽ പൊതുമാർക്കറ്റുകളൊ അന്തി ചന്തകളോ ആരംഭിക്കുക.

12. കരുകോൺ മാർക്കറ്റ് നടക്കുന്ന ബുധൻ, ശനി ദിവസങ്ങൾ, തിങ്കൾ, വ്യാഴം ദിവസങ്ങളിലാക്കി അതു കൂടുതൽ ഗുണകരമായിരിക്കും.

13. ചണ്ണപ്പേട്ട, കരുകോൺ പൊതുമാർക്കറ്റുകളിൽ അടിയന്തിരമായി പ്രാഥമിക സൗകര്യങ്ങൾ കക്കൂസ്, ലാട്രിൻ, കുടിവെള്ളം എന്നിവ ഉറപ്പ് വരുത്തുകയും ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുകയും ചെയ്യുക.



പാർപ്പിടവും സാമൂഹ്യക്ഷേമവും

മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളിൽ ഒന്നാണ് പാർപ്പിടം. ചെറ്റപ്പുരകളിലും മൺഭിത്തിയുള്ള ഓലക്കെട്ടിടങ്ങളിലും സമ്പന്നവിഭാഗത്തിൽപ്പെട്ടവർ അറപ്പുരകളിലും കഴിഞ്ഞിരുന്ന ഒരു പൈതൃകമാണ് നമുക്കുള്ളത്. എന്നാൽ ഇന്ന് അത്യാധുനിക സൗകര്യങ്ങളുള്ള വൻ ബംഗ്ലാവുകൾ തന്നെ അപൂർവ്വമായി നമ്മുടെ പഞ്ചായത്തിലുമുണ്ട്. ബഹുഭൂരിപക്ഷം ആളുകൾക്കും വീടില്ലാത്തതിന്റെയോ ഉള്ള വീടുകൾക്കു തന്നെ അത്യാവശ്യം വേണ്ടുന്ന സൗകര്യങ്ങൾ ഇല്ലാത്തതിന്റെയോ പ്രശ്നങ്ങൾ നേരിടുന്നുണ്ട്. തീർത്തും ഭവനരഹിതരായവർക്ക് പാർപ്പിട സൗകര്യം ഉണ്ടാക്കിക്കൊടുക്കുക എന്നതാണ് പഞ്ചായത്തിന്റെ ലക്ഷ്യം.

പഞ്ചായത്തിലെ ലഭ്യമായ കണക്കനുസരിച്ച് 5700-ഓളം കെട്ടിടങ്ങളുണ്ട്. ഇതിൽ 2365 എണ്ണവും കുടിലുകളാണ്. അതായത് 42 ശതമാനത്തോളം ആളുകൾ പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുവാൻ സൗകര്യങ്ങളുള്ള പരിതസ്ഥിതിയിലല്ല വസിക്കുന്നത് എന്നർത്ഥം.

ഏകദേശം 35.91 ച.കി.മീ. വിസ്തീർണ്ണമുള്ള നമ്മുടെ പഞ്ചായത്തിൽ 6000 ത്തോളം കുടുംബങ്ങളുണ്ടെന്നാണ് കണക്ക്. കൃഷി മുഖ്യ ഉപജീവനമാർഗ്ഗമായി ഉള്ളവ

നിലവിലുള്ള കെട്ടിടങ്ങളുടെ സ്ഥിതിവിവര കണക്ക്

വാർഡ്	കെട്ടിടങ്ങളുടെ എണ്ണം	ഒന്നിൽ കൂടുതൽ നിലയുള്ളത്	കോൺക്രീറ്റ്	ഓട്	കുടിൽ
I	972	36	218	531	187
II	610	18	88	269	235
III	629	5	60	321	243
IV	644	8	58	259	319
V	610	7	45	276	272
VI	440	1	27	174	238
VII	690	3	55	390	242
VIII	550	7	25	256	262
IX	680	10	53	250	367
Total	5815	96	629	2726	2365

രാണ് ഭൂരിഭാഗവും. കൂലിപ്പണി, ഇഷ്ടികപ്പണി, റബ്ബർടാപ്പിംഗ്, പാറപ്പണി, കെട്ടിടപണി, പരമ്പരാഗത തൊഴിലായ കുട്ട, വട്ടി, പായ മുതലായ നെയ്ത്തുകൾ, കശുവണ്ടി വ്യവസായം തുടങ്ങിയ തൊഴിൽ മേഖലയിൽ പണിയെടുക്കുന്നവരുമുണ്ട്. ഗൾഫ് മേഖലയിൽ തൊഴിൽ എടുക്കുന്ന ഒരു വിഭാഗം ആളുകളും ഉണ്ട്. കഴിഞ്ഞ പത്ത് വർഷത്തെ പഞ്ചായത്തിലെ ബഹുനില കെട്ടിടത്തിന്റെ വർദ്ധനവ് ഇത് സൂചിപ്പിക്കുന്നു.

പഞ്ചായത്തിലെ ഭവനനിർമ്മാണ രംഗത്ത് ബാങ്കിംഗ് സ്ഥാപനങ്ങളുടെ പ്രവർത്തനം തൃപ്തികരമല്ല. അതിസങ്കീർണ്ണമായ നിയമവ്യവസ്ഥകളും, ഉയർന്ന പലിശ നിരക്കും, വായ്പ കൊടുക്കുന്നതിന് ബാങ്കുകളുടെ വിമുഖതയും ഇതിനു കാരണമായിട്ടുണ്ട്. ഭവനനിർമ്മാണ സാമഗ്രികളുടെ വർദ്ധിച്ച വിലക്കയറ്റവും, താങ്ങാനാവാത്ത കൂലിച്ചെലവും സാധാരണക്കാരന് വഹിക്കാൻ പറ്റാത്ത സ്ഥിതിയാണുള്ളത്. അതിനാൽ പല കുടുംബങ്ങളും ഒന്നിച്ചുകഴിയാൻ നിർബന്ധിക്കപ്പെടുന്നു.

നൂറോളം ലക്ഷംവീട് പഞ്ചായത്തിൽ നിലവിലുണ്ട്. ഇതിൽ ഭൂരിഭാഗവും കാലപ്പഴക്കം കൊണ്ട് വാസയോഗ്യമല്ലാത്തവയാണ്. ഇതിനുകാരണം കാലാകാലങ്ങളിൽ അറ്റകുറ്റപ്പണി നടത്താത്തതും. രണ്ടു കുടുംബങ്ങൾ ഒരു വീടിന്റെ രണ്ടു ഭാഗങ്ങളിലായി കഴിയുന്ന രീതിയിൽ നിർമ്മിച്ചിരിക്കുന്നതു കൊണ്ട് അറ്റകുറ്റപ്പണി നടത്തുന്നതിന് ബുദ്ധിമുട്ടുണ്ടാക്കുന്നു.

ഈ പഞ്ചായത്തിൽ സ്വന്തമായി ഭൂമിയില്ലാത്ത കുടുംബങ്ങൾ, റോഡു പുറമ്പോക്കുകളും, മറ്റു പുറമ്പോക്കും കയ്യേറി താമസിച്ചു വരുന്നു. ഇവരെ പുനരധിവസിപ്പിക്കുന്നതിന് അടിയന്തരമായി നടപടികൾ ചെയ്യേണ്ടതാണ്.

IRDP സർവ്വേ പ്രകാരം നമ്മുടെ പഞ്ചായത്തിൽ 1304 കുടുംബങ്ങൾക്ക് വീട് നൽകേണ്ടതായുണ്ട്. ഇവരിൽ പിന്നോക്കജാതിക്കാരും, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മുന്നോക്ക ജാതിക്കാരുമുണ്ട്. ഇവർ പുറമ്പോക്കുകൾ കയ്യേറി കുടിൽകെട്ടി താമസിച്ചുവരുന്നു. ഇവരുടെ പുനരധിവാസം അടിയന്തിര പ്രാധാന്യത്തോടുകൂടി ചെയ്യേണ്ടതാണ്.

സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ പ്രവർത്തനം ഈ പഞ്ചായത്തിൽ വളരെ കുറവാണ്. ഇതിനുള്ള പ്രധാന കാരണങ്ങൾ ബോർഡിന്റെ പല സ്കീമുകളെ പറ്റിയും സാധാരണജനതയ്ക്കുള്ള അജ്ഞതയും വായ്പ ലഭിക്കുന്നതിനുള്ള സങ്കീർണ്ണനിയമ നടപടികളുമാണ്. അതുപോലെ തന്നെ ബോർഡിന്റെ ഓഫീസ് പ്രവർത്തിക്കുന്നത് പഞ്ചായത്തിൽ നിന്ന് വളരെ അകലെയുള്ള പത്തനാപുരത്തുമാണ്. ഇതിനൊരു പരിഹാരമുള്ളത് ബോർഡിന്റെ ഭവനവായ്പ സംബന്ധിച്ച് എല്ലാ പ്രാഥമിക നടപടികളും പ്രചാരണവും പഞ്ചായത്ത് ഓഫീസ് വഴി നടത്തുകയും വായ്പയ്ക്കുള്ള സങ്കീർണ്ണത കുറയ്ക്കുകയും ബോർഡിന്റെ ഒരു ബ്രാഞ്ച് അഞ്ചലിൽ ആരംഭിക്കുക എന്നതുമാണ്.

കെട്ടിടനിർമ്മാണത്തിലെ വർദ്ധിച്ച ചെലവാണ് ഈ രംഗത്തെ മറ്റൊരു പ്രതിസന്ധി. കഴിഞ്ഞ ഒരു പദ്ധതി കാലത്ത് തന്നെ നിർമ്മാണ സാമഗ്രികളുടെ വില 100% വരെ വർദ്ധിച്ചിട്ടുണ്ട്. അതുപോലെതന്നെ തൊഴിലാളികളുടെ കൂലി വർദ്ധനവും തൊഴിലാളികളെ സമയത്തിന് ലഭിക്കുന്നില്ല എന്ന പരാതിയുമുണ്ട്.

കെട്ടിട നിർമ്മാണത്തിന്റെ ചിലവ് ക്രമാതീതമായി വർദ്ധിക്കുന്ന അവസരത്തിലും സർക്കാരിൽ നിന്ന് ലഭിക്കുന്ന സഹായം നിർമ്മാണ ചിലവിന്റെ 30% പോലും ആകുന്നില്ല. അതിനാൽ വീടുപണി പൂർത്തിയാകുമ്പോഴേയ്ക്കും പദ്ധതി

വാർഡ് നമ്പർ പഞ്ചായത്ത്	വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം	വിവിധ പദ്ധതികളിലായി അനുവദിച്ച വീടുകൾ	പൂർത്തീകരിച്ച വീടുകൾ	അനുവദിച്ചതിൽ പൂർത്തീകരിക്കാനുള്ള വീടുകൾ	ഇനിയും അനുവദിക്കേ വീടുകളുടെ എണ്ണം
	1555	251	251	-	1304

പ്രകാരം ലഭിച്ച വീട് വിറ്റ് കടം തീർക്കേണ്ടി വരികയും വീണ്ടും പുറമ്പോക്കിലേയ്ക്ക് പോകേണ്ടി വരുന്ന അവസ്ഥയും ഉണ്ടാകുന്നു. അതിനാൽ ഈ വിഭാഗങ്ങൾക്ക് കൊടുക്കുന്ന ഗ്രാന്റ് തുക യഥാർത്ഥ നിർമ്മാണ ചിലവു മായി ബന്ധപ്പെടുത്തി വർദ്ധിപ്പിച്ചാൽ മാത്രമേ പ്രശ്നം പരിഹരിക്കുകയുള്ളൂ.

പാർപ്പിട രംഗത്തെ പ്രധാന പ്രശ്നങ്ങൾ

1. കെട്ടിട നിർമ്മാണത്തിനാവശ്യമായ ഭൂമിയുടെ ലഭ്യത കുറവും ഉയർന്ന വിലയും.

2. കെട്ടിടനിർമ്മാണ സാമഗ്രികളുടെ വിലവർദ്ധനവ്.

3. നിർമ്മാണ തൊഴിലാളികളുടെ ദൗർലഭ്യവും കൂലി വർദ്ധനവും.

4. ദുർബല വിഭാഗങ്ങൾക്ക് ലഭിക്കുന്ന ഗ്രാന്റുകളുടെ അപര്യാപ്തത.

5. ഭവനനിർമ്മാണ ബോർഡ്, ഹൗസിംഗ് സൊസൈറ്റി, വാണിജ്യ ബാങ്കുകൾ ഇവയിൽ നിന്ന് വായ്പ ലഭിക്കുന്നതിനുള്ള അതി സങ്കീർണ്ണമായ നിയമങ്ങളും ഉയർന്ന പലിശനിരക്കും.

6. ലക്ഷംവീടുകളുടെ നിലവാരമില്ലായ്മ.

പരിഹാരങ്ങൾ

1. പഞ്ചായത്ത് തലത്തിൽ ഒരു മെറ്റീരിയൽ കം ലേബർ ബാങ്ക് രൂപീകരിക്കുക.

2. ഇപ്പോൾ വീട് നിർമ്മാണത്തിന് ലഭിക്കുന്ന ഗവൺമെന്റ് ഗ്രാന്റുകൾ നിർമ്മാണ ചെലവിന് അനുപാത മായി വർദ്ധിപ്പിക്കുക.

3. ഭവനനിർമ്മാണ ബോർഡ്, ബാങ്കിംഗ് സ്ഥാപന ങ്ങൾ എന്നിവയുടെ നടപടിക്രമങ്ങൾ ലഘൂകരിക്കുക.

4. ലക്ഷംവീടുകൾ സമയോചിതമായി മെയിന്റ നൻസ് നടത്തുക.

5. ലക്ഷത്തിന് മുകളിൽ നിർമ്മാണചിലവ് വരുന്ന വീടുകൾക്ക് നിശ്ചിത ശതമാനം സെസ്സ് ഏർപ്പെടുത്തുക. ഇങ്ങനെ ലഭിക്കുന്ന തുക പഞ്ചായത്ത് തലത്തിൽ തന്നെ ദുർബല വിഭാഗങ്ങളുടെ ഭവനനിർമ്മാണത്തിനായി ഉപയോഗിക്കുക.

6. വസ്തുവും വീടുമില്ലാത്തവർക്ക് പഞ്ചായത്ത് തലത്തിൽ ഭൂമിയും വീടും സൗജന്യമായി നൽകുക.

സാമൂഹ്യക്ഷേമം

സമൂഹത്തിലെ ദുർബല വിഭാഗങ്ങൾ അനുഭവി ക്കുന്ന ദുരിതങ്ങൾക്ക് ആശ്വാസം എത്തിക്കേണ്ട ചുമതല സമൂഹത്തിന്റേതാണ്. അന്ധത, ബധിരത, അംഗവൈകല്യം, വൈധവ്യം, വാർദ്ധക്യം എന്നിവ ബാധിക്കുന്നവർക്ക് വേണ്ടത്ര പരിഗണന നൽകുന്നില്ല എന്നത് ഒരു പോരായ്മ യാണ്.

IRDP ലിസ്റ്റിൻപ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 1551 കുടുംബങ്ങൾ ഈ പഞ്ചായത്തിലുണ്ട്. ഇവരിൽ 93 കുടുംബങ്ങൾക്ക് മാത്രമേ സഹായം ലഭിച്ചി ട്ടുള്ളൂ. ഇതിൽ പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട 57 കുടുംബങ്ങളും 36 മറ്റ് വിഭാഗങ്ങളിൽപ്പെട്ടവരുമാണ്. എന്നാൽ ഇതിൽ 4 കുടുംബങ്ങൾക്ക് മാത്രമേ ദാരിദ്ര്യരേ

സാമൂഹ്യക്ഷേമപദ്ധതി പ്രകാരം പഞ്ചായത്തിൽ ധനസഹായം ലഭിക്കുന്നവരുടെ കണക്ക്

ക്രമ നമ്പർ	ആനുകൂല്യത്തിന്റെ സ്വഭാവം	എണ്ണം
1	വിധവാ പെൻഷൻ	33
2	വികലാംഗപെൻഷൻ	28
3	വാർദ്ധക്യകാല പെൻഷൻ	11
4	ക്ഷയരോഗപെൻഷൻ	-
5	കുഷ്ഠരോഗ പെൻഷൻ	1
6	കാൻസർ രോഗ പെൻഷൻ	-
7	തൊഴിലില്ലായ്മ വേതനം	534
8	അവശകലാകാര പെൻഷൻ	2
9	കർഷക തൊഴിലാളി പെൻഷൻ	-

IRDP ലിസ്റ്റിൻപ്രകാരം ഈ പഞ്ചായത്തിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വിഭാഗങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

വാർഡ്	സർവ്വേപ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം	ഇതിൽ SC/ST കുടുംബങ്ങൾ	നാളിതുവരെ സഹായം ലഭിച്ചവരുടെ കുടുംബങ്ങൾ	ഇതിൽ SC/ST	സഹായം ലഭിച്ചതുവഴി ദാരിദ്രരേഖക്ക് മുകളിൽ എത്തിയവർ
I	119	12	11	6	Nil
II	115	36	7	3	Nil
III	175	24	7		2
IV	291	64	21	13	2
V	194	26	5	2	Nil
VI	105	4	11	7	Nil
VII	120	31	10	8	Nil
VIII	204	48	6	4	Nil
IX	232	73	15	10	Nil
Total	1555	359	93	57	4

നമ്മുടെ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത 96 ഓളം വികലാംഗർ ഉണ്ട്. അവരെപ്പറ്റിയുള്ള വിവരം താഴെ ചേർക്കുന്നു.

പഞ്ചായത്ത്	കാഴ്ച വൈകല്യം	ചലന വൈകല്യം	കേഴവി സംധാര വൈകല്യം	മദ്ധബുദ്ധി	മറ്റുള്ളവർ	ആകെ
അലയമൺ	11	63	5	8	9	96

നമ്മുടെ പഞ്ചായത്തിൽ ദുർബലവിഭാഗങ്ങൾക്ക് അനുവദിച്ച കക്കൂസുകളെപ്പറ്റിയുള്ള വിവരം

സാനിറ്ററി കക്കൂസുകൾ ഇല്ലാത്ത വീടുകളുടെ എണ്ണം (IRDP സർവ്വേ പ്രകാരം)	വിവിധ പദ്ധതികളായി ഇതുവരെ അനുവദിച്ച കക്കൂസുകളുടെ എണ്ണം	പൂർത്തീകരിച്ചവയുടെ എണ്ണം	കക്കൂസുകൾ ഇനി ലഭിക്കേണ്ട വീടുകൾ
1240	49	49	1191

TRYSEM (ട്രൈസം) പദ്ധതിപ്രകാരം തൊഴിൽ പരിശീലനം നേടിയവരുടെ വിവരം

വാർഡ്	പരിശീലന വിഷയത്തിന്റെ പേര്	പരിശീലനം ലഭിച്ചപദ്ധതിയുടെ എണ്ണം	സ്വയം തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം	ഇതര തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ
2	വാച്ചുറിപ്പയറിംഗ്	1	1	–
3	ഷീറ്റ് മെറ്റൽ	1	1	
4	പെയിന്റിംഗ്	1		1
5	വാച്ചു റിപ്പയറിംഗ്	1	1	
6	വാച്ചു റിപ്പയറിംഗ്	1		
7	കമ്പോസിംഗ് &			
	പ്രൂഫ് റീഡിംഗ്	1	1	1
8	പ്ലംബിംഗ്	3	1	3
9	ഷീറ്റി മെറ്റൽ			
	പെയിന്റിംഗ്	1		
	ആകെ	10	5	5

DWCRA (Development of Woman and Children in Rural Area) പദ്ധതി പ്രകാരം രൂപപ്പെട്ട തൊഴിൽ സംരംഭങ്ങളുടെ വിവരം

വാർഡ്	തൊഴിൽ സംരംഭത്തിന്റെ ഇനം	ആരംഭിച്ച വർഷം	പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം	പ്രവർത്തന ക്ഷമത സംബന്ധിച്ച കുറിപ്പ്
1				
2				
3				
4				
5				
6				
7				
8				
9	മെറ്റൽ ക്രഷിഗ് യൂണിറ്റ്	1995-96	9	തൃപ്തികരം

ഖയ്ക്ക് മുകളിൽ എത്താൻ കഴിഞ്ഞിട്ടുള്ളൂ.

RAP ഗ്രാമീണ കൈത്തൊഴിലുകാർക്ക് ആധുനിക

വാർഡ്	സഹായം ലഭിച്ചവരുടെ എണ്ണം
1	–
2	–
3	–
4	2
5	–
6	–
7	–
8	–
9	1

ഉപകരണങ്ങൾ നൽകുന്ന പരിപാടി

സാമൂഹ്യക്ഷേമ രംഗത്തെ നിലവിലുള്ള പ്രധാനപ്രശ്നങ്ങൾ

1. നിലവിലുള്ള IRDP ലിസ്റ്റ് അപൂർണ്ണമാണ്.

2. ധനസഹായം ലഭിച്ചവരും ദാരിദ്ര്യരേഖയ്ക്ക് മുകളിൽ എത്തുന്നില്ല.

3. വിവിധ പദ്ധതികൾ പ്രകാരമുള്ള പരിശീലനം വേണ്ടത്ര ലഭിക്കുന്നില്ല.

4. സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടത്ര സംരക്ഷണം ലഭിക്കുന്നില്ല.

5. സാമൂഹ്യബോധവത്കരണത്തിന്റെ കുറവ്.

6. കുട്ടികൾക്ക് പോഷകാഹാരക്കുറവ്.

7. വിവിധ പെൻഷനുകൾ ലഭിക്കുന്നതിനുള്ള സാങ്കേതിക നൂലാമാലകൾ.

8. പഞ്ചായത്തിൽ വൃദ്ധമന്ദിരം, അഗതിമന്ദിരം എന്നിവയുടെ അഭാവം.

പ്രശ്നപരിഹാരങ്ങൾ

1. ജനപങ്കാളിത്തത്തോടെ IRDP സർവ്വേ നടത്തുക.

2. നിലവിലുള്ള തൊഴിൽ പരിശീലനപദ്ധതികൾ വിലയിരുത്തി കൂടുതൽ പേർക്ക് പ്രയോജനപ്പെടുത്തുക.

3. വനിതാ ശിശുക്ഷേമ പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുക.

4. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് ലഭിക്കേണ്ട ധനസഹായത്തിനുള്ള നടപടിക്രമം ലഘൂകരിച്ച് കാലതാമസം ഒഴിവാക്കുക.

5. വിവിധ പെൻഷനുകൾ ലഭിക്കുന്നതിനുള്ള സാങ്കേതിക തടസ്സങ്ങൾ ഒഴിവാക്കുക.

6. ശിശുമന്ദിരം, അഗതിമന്ദിരം, വൃദ്ധമന്ദിരം എന്നിവ പഞ്ചായത്ത് തലത്തിൽ നിർമ്മിക്കുക.

7. വർഷംതോറും സാമൂഹ്യബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിക്കുക.



സംസ്ക്കാരം

ഒരു ദേശത്തെ ജനതതിയുടെ നാനാമുഖമായ ജീവിത ചര്യകളുടെ ആകെത്തുകയാണ് സംസ്കാരം. സമ്മിശ്രമായ ഒരു സാംസ്ക്കാരിക പാരമ്പര്യത്തിനുടമയായ ഈ മണ്ണിൽ ഹിന്ദുവും മുസൽമാനും ക്രിസ്ത്യാനിയും ആന്യാദൃശമായ ഒരുമയോടെ ജീവിച്ചുവരുന്നു. കലാപരവും കായികവപരവും ചിത്രരചന, വാസ്തുശില്പം, കൊത്തുവേലകൾ തുടങ്ങി സമുന്നതമായ ഒരു സാംസ്ക്കാരിക പൈതൃകത്തിനുടയാണ് മലയോര ഗ്രാമമായ അലയമൺ പഞ്ചായത്ത്. ഒരു കാലത്ത് നാടൻ കലാരൂപങ്ങളായ തെയ്യം, തിറ, പടയണി, കുത്തിയോട്ടം, കമ്പടികളി, കോൽക്കളി, വായപ്പാട്ട്, വില്ലടിച്ചാന്പാട്ട്, ഞാറ്റുവേലപ്പാട്ട്, ഓണപ്പാട്ട്, നാടോടിപ്പാട്ടുകൾ എന്നിവയാൽ സമൃദ്ധമായിരുന്ന ഈ ദേശത്ത് നവീന സംസ്ക്കാരത്തിന്റെ തള്ളിക്കയറ്റത്തിൽ അവയെല്ലാം അന്യമായിക്കൊണ്ടിരിക്കുന്നു. ആധുനിക ജീവിതത്തിന്റെ ഭാഗമായി മാറിയിരിക്കുന്ന ഉപഭോഗ സംസ്ക്കാരത്തിന്റെ ഗുണദോഷങ്ങൾ ഇവിടുത്തെ സാംസ്ക്കാരിക ജീവിതത്തിലും ഉൾചേർന്നിട്ടുണ്ട്.

സാംസ്ക്കാരികാഭിവൃദ്ധിയുടെ അവിഭാജ്യഘടകമായ വായനാശീലം പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഗ്രന്ഥശാലകൾ സ്വാതന്ത്ര്യപ്രാപ്തിക്കുശേഷമാണ് ഇവിടെ പ്രവർത്തിച്ചു തുടങ്ങിയത്. അവയിൽ പലതും ഇന്ന് നിലവിലില്ലെങ്കിലും അതന്റെ പൈതൃകം പേറി പ്രവർത്തിക്കുന്ന നിരവധി ലൈബ്രറികൾ ഈ പഞ്ചായത്തിലുണ്ട്. ഇതിലേറ്റവും പ്രധാനപ്പെട്ടവയാണ് പുത്തയം പബ്ലിക് ലൈബ്രറി, ദേശസേവിനി മഹിളാ സമാജം ലൈബ്രറി കരുകോൺ, കരുകോൺ മഹാത്മാഗാന്ധി ലൈബ്രറി, മീൻകുളം സനാതന ലൈബ്രറി, ആനക്കുളം ലൈബ്രറി, എന്നിവ പഞ്ചായത്തിലെ ജനസംഖ്യയുമായി തട്ടിച്ചു നോക്കുമ്പോൾ ഇവയുടെ എണ്ണവും അംഗത്വവും ഏറെ പരിമിതമാണ്. ഈ ലൈബ്രറികൾക്കു തന്നെ ആവശ്യമായ പുസ്തകങ്ങൾ വാങ്ങുന്നതിനുള്ള സാമ്പത്തിക സഹായമുൾപ്പെടെയുള്ള പ്രോത്സാഹനങ്ങൾ നിലവിൽ ലഭിക്കുന്നില്ല. ലൈബ്രറികളോട് അനുബന്ധിച്ചുള്ള റീഡിംഗ് റൂമുകൾ വളരെകുറവും ഇതിലുള്ള ജനങ്ങളുടെ താത്പര്യം കുറഞ്ഞുവരികയുമാണ്.

ആധുനിക വിനോദോപാധികളായ റേഡിയോ ടെലിവിഷൻ തുടങ്ങിയവ സാധാരണക്കാരായ ജനവിഭാഗങ്ങളിലേക്കിന്നും കടന്നുവന്നിട്ടില്ല. യുവജനങ്ങളുടെ കായികാഭിവൃദ്ധിക്ക് സഹായകമായി പഞ്ചായത്തടിസ്ഥാനത്തിൽ സ്ഥാപിച്ച യൂത്തുക്ലബ്ബുകളുടെ പ്രവർത്തനം നിർജ്ജീവമാണ്. എങ്കിലും ഇതര സന്നദ്ധ സംഘടനകളുടെ പ്രവർത്തനം ഈ രംഗത്ത് ആശാവഹമായ നേട്ടങ്ങൾ ഉളവാക്കുന്നുണ്ട്. വളർന്നു വരുന്ന യുതലമുറയുടെ കായിക കലാ സിദ്ധികളെ നേരാംവിധം പരിപോഷിപ്പിക്കുന്നതിന് ഇവ പര്യാപ്തമകുന്നില്ല. ഇതിന് യുവജനസംഘടനകളുടെയും ഇതര ജനവിഭാഗത്തിന്റെയും കൂട്ടായ പരിശ്രമം അനിവാര്യമാണ്.

പ്രശ്നങ്ങൾ

1. പ്രാചീന നാടൻ കലാരൂപങ്ങൾ അന്യംനിന്നുകൊണ്ടിരിക്കുന്നു.

2. ഗ്രന്ഥശാലകൾ വളരെ കുറവാണ്.

3. പുസ്തകങ്ങളുടെയും പുതിയ പ്രസിദ്ധീകരണങ്ങളുടെയും ലഭ്യത കുറവ്.

4. നിലവാരമില്ലാത്ത പ്രസിദ്ധീകരണങ്ങൾ

5. ആധുനിക ദൃശ്യ ശ്രാവ്യമാധ്യമങ്ങളുടെ കുറവ്

6. ഗ്രന്ഥശാലകൾക്കുള്ള ഗ്രാന്റ് ലഭിക്കുന്നതിനുള്ള കാലതാമസം

7. പഞ്ചായത്തടിസ്ഥാനത്തിൽ സാംസ്ക്കാരിക പ്രവർത്തനങ്ങൾക്ക് സംവിധാനമില്ല.

8. കായിക കലാ സമിതികൾ കുറവാണ്, ഉള്ളവർക്കു പ്രോത്സാഹനം ലഭിക്കുന്നില്ല.

9. കലാ സാംസ്ക്കാരിക് രംഗങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തക്കുറവ്.

10. പഞ്ചായത്തിന്റെ കളിസ്ഥലം കായിക പരിശീലനത്തിനു അനുയോജ്യമല്ല.

നിർദ്ദേശങ്ങൾ

1. പ്രാചീന കലാരൂപങ്ങളെ പുനരുദ്ധരിച്ച് സംരക്ഷിക്കുന്നതിനു ജനകീയ പങ്കാളിത്തത്തോടെ നടപടികൾ സ്വീകരിക്കണം.

2. നിലവിലുള്ള ഗ്രന്ഥശാലകൾക്കു ആവശ്യത്തിനു പുസ്തകങ്ങൾ ലഭ്യമാക്കുകയും, ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ ലഭ്യത ഉറപ്പാക്കുകയും ചെയ്യുക.

3. ഗ്രന്ഥ ശാലകൾക്കു പുസ്തകം ലഭ്യമാക്കുന്നതിനുള്ള സാംസ്ക്കാരിക പ്രബുദ്ധരുടെ കമ്മിറ്റി രൂപീകരിച്ച് നിലവാരമുള്ള പുസ്തകങ്ങൾ മാത്രം വാങ്ങുന്നതിനുള്ള നടപടിസ്വീകരിക്കുക.

4. എല്ലാ കലാസാംസ്ക്കാരിക സംഘടനകൾക്കും, ഗ്രന്ഥശാലകൾക്കും ആധുനിക ദൃശ്യ ശ്രാവ്യ മാധ്യമങ്ങൾ ഉറപ്പക്കുക.

5. പഞ്ചായത്തു കേന്ദ്രീകരിച്ച് ഒരു വായനാശാലയോ സാംസ്ക്കാരിക സംഘടനയോ രൂപീകരിക്കുക

6. എല്ലാ വാർഡുകളിലും വായനാ ശാലകൾ സ്ഥാപിക്കുക.

7. ചണ്ണപ്പേട്ടയിൽ ഒരു പ്രബ്ലിക് ലൈബ്രറിയും റീഡിംഗ് റൂമും സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.

8. കുടുതൽ ക്ലബ്ബുകൾ സ്ഥാപിക്കുകയും ഉള്ളവയക്കു പ്രോത്സാഹനം നൽകുകയും ചെയ്യുക.

9. മഹിളാ സമാജങ്ങളുടെ സഹകരണത്തോടെ കലാസാംസ്ക്കാരിക രംഗങ്ങളിൽ വനിതകളുടെ പങ്കാളിത്തം ഉറപ്പാക്കുകയും അവർക്കു പ്രോത്സാഹനം നൽകുകയും ചെയ്യുക.

10. പഞ്ചായത്തിനു കായിക പരിശീലനത്തിനായു യോജ്യമായ ഒരു വിശാല കളിസ്ഥലം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.



വനിത

വേദ കാലഘട്ടം മുതൽ ഇരുപതാം നൂറ്റാണ്ടിന്റെ ഉദ്ധരാർദ്ധം വരെ സമൂഹത്തിന്റെ മുഖ്യധാരയിൽ പങ്കാളിക ളാകാത്ത ഒരുസാഹചര്യമാണ് വനിതകൾക്ക് ഇന്ത്യയിൽ നിലനിന്നിരുന്നത്. ഇതിൽ നിന്നും ഒട്ടും വ്യത്യസ്ഥമായ ഒരു സ്ഥിതിയായിരുന്നില്ല കേരളത്തിലും ഉണ്ടായിരുന്നത്. കൊല്ലം ജില്ലയുടെ കിഴക്കെ അറ്റത്ത് സ്ഥിതിചെയ്യുന്ന അലയമൺ ഗ്രാമപഞ്ചായത്തിൽ കേരളത്തിന്റെ മറ്റ് ഭാഗങ്ങളിൽ നിന്ന് കുടിയേറി പാർത്തവരാണ് ജനവിഭാഗങ്ങളിലധികവും. സമ്മിശ്രമായ സംസ്കാരം നിലനിൽക്കുന്ന അലയമണ്ണിൽ വനിതകളുടെ കാര്യത്തിലും വൈവിധ്യം നിലനിൽക്കുന്നു.

അലയമൺ പഞ്ചായത്തിന്റെ ജനസംഖ്യയിൽ പുരുഷൻമാരെ അപേക്ഷിച്ച്- സ്ത്രീകൾ കൂടുതലാണ്. വാർഡുകളിലും സ്ഥിതി വ്യത്യസ്ഥമല്ല. വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ സ്കൂളുകളിൽ അംഗസംഖ്യ പെൺകുട്ടികളാണ് കൂടുതലെങ്കിലും വിജയശതമാനത്തിലും, സാക്ഷരതയിലും ഇവർ പിമ്പന്തിയിലാണ്. ആയുസിന്റെ കാര്യത്തിൽ സ്ത്രീകളാണ് മുമ്പിൽ.

സ്ത്രീ-പുരുഷ സമത്വം വാക്കുകളിൽ മാത്രം ഒതുക്കി നിർത്താതെ പ്രവർത്തി മണ്ഡലത്തിൽ കൊണ്ടു വരേണ്ടത് ആവശ്യമാണ്. വികസന പ്രക്രിയയിൽ മനുഷ്യ ശക്തി നിർണ്ണായക ഘടകമാകുമ്പോൾ അതിൽ സ്ത്രീകളുടെ പങ്ക് വളരെ വലുതാണ്. പഞ്ചായത്തിൽ മനുഷ്യശക്തി ഉപയോഗിക്കപ്പെടാതെ പോകുന്നത് സ്ത്രീശക്തിയാണ്. രാഷ്ട്രീയ സാമൂഹിക സാംസ്കാരിക മണ്ഡലങ്ങളിൽ വനിത കളുടെ സേവനം പരമാവധി ഉപയോഗപെടുത്താമെങ്കിലും വികസനത്തിന്റെ മുഖ്യധാര യിൽ അവർ പല കാരണങ്ങളാലും പുറകോട്ട് പോകുന്നു. ഗൃഹഭരണം, ശിശുപരിപാലനം വൃദ്ധമാതാപിതാക്കളുടെ സംരക്ഷണം തുടങ്ങിയ കാര്യങ്ങളിൽ മാത്രം സ്ത്രീകളുടെ സേവനം. ഒതുങ്ങി കൂടുന്നു. ബഹുജന സംഘടനകളിലും സ്ത്രീകളുടെ പങ്കാളിത്തം വളരെ പുറകിലാണ്.

പഞ്ചായത്തിലെ തൊഴിൽ മേഖലകളിൽ സ്ത്രീകളുടെ പങ്കാളിത്തം താരതമ്യേന കുറവല്ല. പഞ്ചായ ത്തിലെ നാല് കശുവണ്ടി ഫാക്റ്ററികളും, ഇഷ്ടിക നിർമ്മാണ വ്യവസായങ്ങളിലും സ്ത്രീകൾ തൊഴിൽ നേടുന്നുണ്ട്.

ഈപഞ്ചായത്തിലെ ഏകദേശം 12.5% കുടുംബ ങ്ങളും സ്ത്രീകളുടെ നേതൃത്വത്തിലാണ്. സ്ത്രീധന സംബന്ധമായ പീഠനം വളരെ ചുരുക്കമാണെങ്കിലും മദ്യപാൻമാരായ ഭർത്താക്കൻമാരുടെ പീഠനമുണ്ട്. ഈപഞ്ചാ യത്തിന്റെ കിഴക്കൻ മേഖലകളിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഒട്ടനവധി കുടുംബങ്ങളിൽ മദ്യപാനം മൂലം വനിതകൾ ഒട്ടനവധി ബുദ്ധിമുട്ട് അനുഭവി ക്കുന്നു. വനിതകളിൽ രോഗാതുരത കൂടുതലാണ്.

പഞ്ചായത്തിൽ തയ്യൽ രംഗത്തു വളരെ യധികം വനിതകൾ ജോലിചെയ്യുന്നുണ്ട്. അസംഘടിത മേഖലയി ലാണ് ഇതു കൂടാതെ മെറ്റൽ അടിക്കുന്ന ജോലിയിലും സ്ത്രീകൾ ഏർപ്പെടുന്നു. കുട്ടികളെ കൊണ്ട് ജോലിചെയ്യി പ്പിക്കുന്ന ഒരു പ്രവണതയും ഇവിടെ നിലനിൽക്കുന്നു പത്താം ക്ളാസിനു ശേഷം തുടർ വിദ്യാഭ്യാസം ചെയ്യുന്ന വർ തുച്ഛമാണ് സാമ്പത്തികമായും, സാമൂഹികമായും വിദ്യാഭ്യാസപരമായും വളരെയേറെ പിന്നോക്കം നിൽക്കുന്ന അലയമൺ ഗ്രാമപഞ്ചായത്തിലെ സ്ത്രീകളുടെ / പ്രത്യേകിച്ച് പട്ടികജാതി പട്ടികവർഗ്ഗ വനിതകളുടെ ഉന്നമ നത്തിന് സത്വരമായ നടപടികൾ സ്വീകരിക്കേണ്ടത് അനിവാ ര്യമാണ്.

പ്രശ്നങ്ങൾ :-

(1) വനിതകൾക്ക് തൊഴിലവസരങ്ങൾ കുറവാണ്.

(2) വനിതകൾക്ക് ഉപരി പഠനത്തിനുള്ള സൗകര്യങ്ങൾ വളരെ കുറവാണ്.

(3) ബഹുജന സംഘടനകളിൽ സ്ത്രീകളുടെ പങ്കാളിത്തം തുലോം തുച്ഛമാണ്.

(4) മഹിളാ സമാജങ്ങൾ സജീവമായി പ്രവർത്തിക്കുന്നില്ല.

(5) മദ്യപാനം മൂലമുള്ള പീഡനങ്ങൾക്ക് ഇരയാകുന്നത് കൂടുതലും വനിതകളാണ്.

(6) നേതൃത്വ പരിശീലനമോ, തൊഴിൽ പരിശീലനമോ സ്ത്രീകൾക്ക് ലഭിക്കുന്നില്ല.

(7) വനിതകളിൽ വായനാശീലം വളരെ കുറവാണ്.

(8) നിർദ്ധനരായ വനിതകൾക്കുള്ള ആനുകൂല്യങ്ങളെയും അവകാശങ്ങളെയും കുറിച്ചുള്ള അജ്ഞത ഇവിടെ പ്രകടമാണ്.

(9) കശുവണ്ടി മേഖലയിലുള്ള സ്ത്രീ തൊഴിലാളികളുടെ വേതനം വളരെ കുറവാണ്.

(10) തയ്യൽ തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല.

(11) കായികമായി ചെയ്യുന്ന ജോലിക്കു ലഭിക്കുന്ന വേതനത്തിലുള്ള അന്തരം.

(12) വനിത സഹകരണ സംഘമില്ല.

(13) സ്ത്രീകൾക്ക് മാത്രമുള്ള തൊഴിൽ യൂണിറ്റ് കുറവാണ്.

സാദ്ധ്യതകൾ

(1) വനിതകൾക്കു തൊഴിൽ ലഭിക്കുന്നതിനു അവർക്കു മാത്രമുള്ള തൊഴിൽ യൂണിറ്റുകൾ ആരംഭിക്കുക

(2) വനിതകൾക്കു ഉപരിപഠനത്തിന് പ്രത്യേകം സംവരണം ഏർപ്പെടുത്തുകയും, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വനിതകൾക്ക് പഠനത്തിന് സൗജന്യ സാമ്പത്തിക സഹായം അനുവദിക്കുകയും ചെയ്യുക.

(3) ബഹുജന സംഘടനകളിൽ സ്ത്രീകൾക്ക് കൂടുതൽ പങ്കാളിത്തം ഉറപ്പുവരുത്തുക.

(4) പഞ്ചായത്തിലെ എല്ലാവാർഡുകളിലും മഹിളാ സമാജങ്ങൾ ആരംഭിക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റി മുൻകൈ എടുക്കുക. നിലവിലുള്ളവയുടെ പ്രവർത്തനം ഊർജ്ജസ്വലമാക്കുക.

(5) സമ്പൂർണ്ണമായി മദ്യ നിരോധനം നടപ്പിലാക്കുക, വ്യാജവാറ്റുകൾ തടയുന്നതിന് ബഹുജനപങ്കാളിത്തത്തോടെ പഞ്ചായത്ത് കമ്മിറ്റിയുടെ നേതൃത്വത്തിൽ നടപടികൾ സ്വീകരിക്കുക.

(6) വനിതകൾക്ക് പ്രത്യേക തൊഴിൽ പരിശീലനവും നേതൃത്വ പരിശീലനം തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെയും മഹിളാസമാജങ്ങളുടെയും നേതൃത്വത്തിൽ നടപ്പിലാക്കുക.

(7) വായനാ ശീലം വളർത്തുന്നതിന് വേണ്ടി പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ വായനശാലകൾ ആരംഭിക്കുകയും, അവരെ ബോധവൽക്കരിക്കുകയും ചെയ്യുക.

(8) വിവിധ തലങ്ങളിൽ നിന്നും വനിതകൾക്ക് നൽകികൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ സ്വായത്തമാക്കുന്നതിനു വേണ്ടി പഞ്ചായത്ത്തലത്തിൽ ഇൻഫർമേഷൻ സെന്റർ സ്ഥാപിക്കുക.

(9) കശുവണ്ടി തൊഴിലാളികൾക്ക് വേതനം വർദ്ധിപ്പിക്കുന്നതോടപ്പം പശ്ചാത്തലസൗകര്യങ്ങളും നൽകുക.

(10) തയ്യൽതൊഴിലാളികൾക്ക് ജോലിയിൽ സംരക്ഷണം ഏർപ്പെടുത്തുകയും - സർക്കാർ സഹായം അനുവദിക്കുകയും ചെയ്യുക.

(11) ഒരേ ജോലിചെയ്യുന്ന പുരുഷൻമാർക്കും വനിതകൾക്കും ഒരേ ശമ്പളം ലഭ്യമാക്കുക.

(12) വനിതകൾക്ക് മാത്രമായി പഞ്ചായത്തടിസ്ഥാനത്തിൽ സഹകരണസംഘം ആരംഭിക്കുക.

(13) പ്രാദേശികമായി അസംസ്കൃത പദാർത്ഥങ്ങൾ (പാറ, ഈറ, തഴപ്പായി, മണ്ണ്) ലഭിക്കുന്ന വ്യവസായ യൂണിറ്റുകൾ വനിതകൾക്കു മാത്രമായി അനുവദിക്കുകയും അതിനാവശ്യമായ സാമ്പത്തിക സഹായം സഹകരണ ബങ്കുകളിൽ നിന്നും ഗവൺമെന്റിലുടെയും ലഭ്യമാക്കുകയും ചെയ്യുക.

പ്രശ്നങ്ങൾ

1. കർഷകർക്ക് ആവശ്യമായ തോതിൽ വായ്പ ലഭിക്കുന്നില്ല.

2. വായ്പകൾ യഥാസമയത്ത് തിരിച്ചടയ്ക്കുന്നതിൽ വൈമുഖ്യം കാണിക്കുന്നു.

3. ക്രഡിറ്റ് സഹകരണ സംഘങ്ങളും കൃഷിക്കാരുടെ ആവശ്യങ്ങൾക്ക് അനുസരിച്ച് ഉള്ള സ്കീമുകൾ തയ്യാറാക്കുന്നതിൽ വേണ്ടത്ര താല്പര്യം കാണിക്കുന്നില്ല.

4. പുതിയ പ്രവർത്തന മേഖലകളിലേക്ക് സംഘങ്ങൾ കടന്നു വരുന്നില്ല.

5. ക്ഷീരോത്പാദക രംഗത്തുള്ള പൂർണ്ണമായ ബാധ്യതകൾ വിനിയോഗിക്കുന്നില്ല.

6. പഞ്ചായത്തിന്റെ വികസനത്തിൽ സഹകരണ സ്ഥാപനങ്ങൾക്ക് പങ്കില്ല.

7. വായ്പ പ്രത്യേകിച്ച് കാർഷിക വായപയ്ക്ക് അമിതമായ പലിശ ഈടാക്കുന്നു.

8. നബാർഡിന്റെ വായ്പാ പദ്ധതി ലഭിക്കുന്നില്ല.

9. കൺസ്യൂമർ, മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ ഇല്ല.

10. പട്ടികജാതി, പട്ടികവർഗ്ഗ സംഘങ്ങൾ നിലവിലില്ല.

11. വനിതാ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നില്ല.

12. വായ്പ നടപടി ചട്ടങ്ങൾ വളരെ കർശനമാണ്.

13. സഹകാരികളും, സഹകരണ സ്ഥാപനങ്ങളും തമ്മിലുള്ള വിടവ്.

സാദ്ധ്യതകൾ

1. കർഷകർക്ക് 1സെന്റിന് 100 രൂപാ നിരക്കിൽ നൽകിവരുന്ന വായ്പാ നിരക്ക് വർദ്ധിപ്പിക്കുക. കൈവശ ഭൂമിയുടെ അളവ് കുറവും കാർഷിക ചിലവ് കൂടുതലും ആയതിനാൽ ഇത് വർദ്ധിപ്പിക്കേണ്ടത് അനിവാര്യമാണ്.

2. വായ്പകൾ യഥാസമയത്ത് തിരിച്ചടയക്കുന്നതിനും അതിന്റെ ഗുണവും സബ്സിഡിയും ജനങ്ങളെ ബോധവൽക്കരിക്കുക.

3. സഹകരണ സംഘങ്ങളും, ക്ഷീരോല്പാദക സഹകരണ സംഘങ്ങളും, കർഷകരുടെ ആവശ്യം അനുസരിച്ചുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള പരിപാടികൾ ആവിഷ്കരിക്കുക.

4. സംഘങ്ങൾ ജനങ്ങളുടെ പുരോഗതിക്കു വേണ്ടിയുള്ള പുതിയ പദ്ധതി ആവിഷ്കരിച്ച് പുതിയ പ്രവർത്തന മേഖലകളിലേക്ക് കടന്നുവരിക.

5. ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ കർഷകർക്ക് സബ്സിഡി നിരക്കിൽ കാലിത്തീറ്റ നൽകുന്നതിനും, തീറ്റ പുൽകൃഷി വികസിപ്പിക്കുന്നതിനും ഉള്ള നടപടി സ്വീകരിക്കുക.

6. പഞ്ചായത്തിന്റെ വികസനത്തിന് സഹകരണ സംഘങ്ങൾ സഹകരിക്കുക.

7. കാർഷിക വായ്പക്കുള്ള 14.5% പലിശയും, കാർഷികേതര വായ്പക്കുള്ള 20% പലിശയും കുറയ്ക്കുക.

8. നബാർഡിന്റെ വായ്പകൾ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

9. കൺസ്യൂമർ/മാർക്കറ്റിംഗ് സഹകരണ സ്ഥാപനങ്ങൾ പഞ്ചായത്തിൽ ആരംഭിക്കുക.

10. പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളും വനിതാ സഹകരണ സംഘങ്ങളും സ്ഥാപിക്കുക.

11. വായ്പാ നടപടി ചട്ടങ്ങൾ ലഘൂകരിക്കുകയും കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുക.

12. സഹകാരികളും, സ്ഥാപനവും തമ്മിലുള്ള ബന്ധം സുദൃഢമാക്കുന്നതിന് മൂന്ന മാസത്തിലൊരിക്കൽ സഹകാരികളുടെ യോഗം വിളിക്കാം. സെമിനാറുകൾ ബോധവത്ക്കരണ ക്ലാസ്സുകൾ എന്നിവയിലൂടെ സഹകരണ സ്ഥാപനങ്ങളുടെ നേട്ടങ്ങൾ ജനങ്ങളെ അറിയിക്കുകയും ചെയ്യാം.

ക്ഷീര സഹകരണ സംഘങ്ങൾ

അലയമൺ പഞ്ചായത്തിൽ മൂന്ന് ക്ഷീര സഹകരണ സംഘങ്ങളാണ് പ്രവർത്തിക്കുന്നത്. ചണ്ണപ്പേട്ട, കരു

ക്ഷീരോല്പാദക സഹകരണ സംഘം

	അംഗം	പ്രവർത്തനം ആരംഭിച്ചത്	പരിധി	മൂലധനം	ആകെ ശേഖരണം	ആഭ്യന്തര വില്പന	ഡയറിയാണ്
ചണ്ണപ്പേട്ട് ക്ഷീരോല് പാദന സഹകരണ സംഘം	503		6,7,8,9 വാർഡുകൾ		250	70	180
കരുകോൺ ക്ഷീരോ ല്പാദന സഹകരണ സംഘം			4, 5 വാർഡുകൾ		120	20	100
കണ്ണൻകോട്			1,2,3 വാർഡുകൾ		550	150	400

ക്ഷീരോല്പാദക സഹകരണ സംഘം

	അംഗം	പ്രവർത്തനം ആരംഭിച്ചത്	പരിധി	മൂലധനം	ആകെ ശേഖരണം	ആഭ്യന്തര വില്പന	ഡയറിയാണ്
ചണപ്പേട്ട് ക്ഷീരോല് പാദന സഹകരണ സംഘം	503		6,7,8,9 വാർഡുകൾ		104184.3	27271.3	76913
കരുകോൺ ക്ഷീരോ ല്പാദന സഹകരണ സംഘം			4, 5 വാർഡുകൾ		120	20	100
കണ്ണൻകോട്			1,2,3 വാർഡുകൾ		550	150	400


കോൺ, കണ്ണൻകോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ഈ സംഘങ്ങൾ കർഷകർക്ക് നിരവധി സഹായങ്ങൾ ചെയ്യുന്നുണ്ടെങ്കിലും ഈ മേഖല നിരവധി പ്രശ്നങ്ങൾ നേരിടുന്നു. കാലത്തീറ്റയുടെ വിലക്കയറ്റവും, തീറ്റപ്പുൽകൃഷിയുടെ അഭാവവും പ്രാധാന പ്രശ്നങ്ങളാണ്. കർഷകർക്ക് സംഘങ്ങളിൽ എത്തുന്നതിന് വളരെ ദൂരം സഞ്ചരിക്കേണ്ടതിനാൽ പ്രധാന മേഖലകളിൽ സബ്ഡിപ്പോകൾ ആരംഭിക്കേണ്ടതായിട്ടുണ്ട്. ഇവയുടെ പ്രവർത്തനം വിപുലപ്പെടുത്തി കർഷകരുടെ ഉന്നമനത്തിലൂടെ നാടിന്റെ പുരോഗതിയിൽ പങ്കാളികളാവുക.

ചണ്ണപ്പേട്ട സർവ്വീസ് സഹകരണ ബാങ്ക്

വർഷം	അംഗങ്ങൾ	മൂലധനം	നിക്ഷേപം	വായ്പ
1987	4264	463700	1122860	3022156
1988	4653	526416	1502220	4089618
1989	5195	630159	1903215	5451346
1990	4408	661128	2388734	5897380
1991	4646	734139	3001313	6218016
1992	4774	755824	4812885	6798565
1993	4941	808084	6040018	8483185
1994				
1995				
1996	5400	1142000	15677000	15238768

കാർഷിക വികസന ബാങ്കുകൾ ഈ പഞ്ചായത്തു പ്രദേശത്ത് ചെയ്ത വായ്പകളുടെ വിവരണം

എത്രപേർക്ക്	ഏതിനം വായ്പ	നൽകിയത്
1) പതിനാറു പേർക്ക് (16)	1. സാധാരണ വായ്പകൾ	
	1) ഭൂമി നിരപ്പാക്കൽ	
	2) തട്ടുകളായി തിരിക്കൽ	6.31 ലക്ഷം രൂപാ
	3) റീട്ടെയിനിംഗ് വാൾ	
	4) ബങ്കുകൾ	
2) എൺപത്തി ഒൻപത്	2. പദ്ധതി വായ്പകൾ	
പേർക്ക് (89)	1) കന്നുകാലി വളർത്തൽ	
	2) വെറ്റില കൊടി	
	3) റബ്ബർ	
	4) റബ്ബർ നഴ്സറി	
	5) തെങ്ങു കൃഷി	32.34 ലക്ഷം രൂപാ
	6) കുരുമുളകു കൃഷി	
	7) ഇറച്ചിക്കോഴി വളർത്തൽ തുങ്ങിയവ	
3) നാൽപ്പത്തി ഒന്ന് പേർക്ക്	3. വ്യവസായ വായ്പകൾ	
(41)	ചെറുകിട വ്യവസായം	24.56 ലക്ഷം രൂപാ
4) ഏഴുപേർക്ക് (7)	4. വാഹന വായ്പകൾ	15.67 ലക്ഷം രൂപാ
5) നൂറ്റി നാൽപത്തിരണ്ട്	5. ഭവനനിർമ്മാണ വായ്പകൾ	79.15 ലക്ഷം രൂപാ
പേർക്ക് (142)		



പട്ടികജാതി/പട്ടികവർഗ്ഗക്ഷേമം

കേരളത്തിന്റെ മൊത്തത്തിലുള്ള സാമൂഹ്യ സാമ്പത്തിക രാഷ്ട്രീയ സാംസ്കാരിക മേഖലയിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന ഒരു വിഭാഗമാണ് പട്ടികജാതി പട്ടിക വർഗ്ഗക്കാർ. ഇവരുടെ പുരോഗതിയിലൂടെ മാത്രമേ നാം ലക്ഷ്യമാക്കുന്ന സാമൂഹ്യ വ്യവസ്ഥിതി പൂർണ്ണമാകുകയുള്ളൂ. കേരളത്തിലെ മറ്റ് എല്ലാ പ്രദേശങ്ങളിലും എന്നപോലെ ഇവിടെയും പട്ടികജാതി പട്ടികവർഗ്ഗക്കാർ നേരിടുന്ന പ്രശ്നങ്ങൾക്ക് സമാനതയുണ്ട്.

അലയമൺ പഞ്ചായത്തിൽ 1991 -ലെ സെൻസസ് പ്രകാരം പട്ടികജാതി- പട്ടികവർഗ്ഗത്തിൽപ്പെട്ട 359 കുടുംബങ്ങൾ ഉണ്ട്. ഇതിൽ പട്ടികജാതിയിൽപ്പെട്ട കുറവർ, പറയർ, പുലയർ, വേടർ, പരവർ, മണ്ണാൻ, പാണൻ, തണ്ടാൻ, തച്ചൻ എന്നീ വിഭാഗങ്ങളും പട്ടികവർഗ്ഗത്തിൽപ്പെട്ട മലവേടൻ സമുദായവുമാണുള്ളത്. ഇതിൽ പുലയർ വിഭാഗക്കാർ വിദ്യാഭ്യാസത്തിൽ മുൻപന്തിയിൽ ആണെങ്കിലും മറ്റുള്ളവർ പിന്നോക്കാവസ്ഥയിൽ ആണ്.

ഈ പഞ്ചായത്തിൽ ഒരു IHDP കോളനി മാത്രമാണുള്ളത്.

പട്ടികജാതി-പട്ടികവർഗ്ഗക്കാർ നേരിടുന്ന പ്രശ്നങ്ങൾ

1. പാർപ്പിട പ്രശ്നം

2. പഞ്ചായത്തിലെ 8,9 വാർഡുകളിൽ കുടിൽ കെട്ടികഴിയുന്നവരുടെ പ്രശ്നങ്ങൾ

3. രൂക്ഷമായി തീർന്നിട്ടുള്ള തൊഴിലില്ലായ്മ

4. പോഷക ആഹാരകുറവ്-ആരോഗ്യരംഗത്ത് ഇവർ ധാരാളം പ്രശ്നങ്ങൾ നേരിടുന്നു.

5. ചികിത്സാ സൗകര്യങ്ങളുടെ അപര്യപ്തത

6. വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന അവസ്ഥ

7. പ്രാഥമിക ജീവിത സൗകര്യങ്ങളുടെ അഭാവം

8. വിവിധ പദ്ധതികൾ പ്രകാരം വിതരണം നടത്തുന്ന സൗജന്യസാമ്പത്തിക സഹായങ്ങളുടെ അപര്യാപ്തത.

9. പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ അവകാശങ്ങളേയും ആനുകൂല്യങ്ങളേപ്പറ്റിയുള്ള അവരുടെ അറിവില്ലായ്മ

10. കായിക കലാരംഗത്ത് ഉള്ള പ്രോത്സാഹനക്കുറവ്

11. പട്ടികജാതി/പട്ടികവർഗ്ഗ വികസനവകുപ്പിന്റെ പ്രവർത്തനത്തിലുള്ള പാളിച്ചകൾ

12. ഈ വിഭാഗക്കാർക്കുള്ള അപകർഷതാബോധം

13. ഈ വിഭാഗക്കാർ വച്ച് പുലർത്തുന്ന അനാചാരങ്ങളും അന്ധവിശ്വാസങ്ങളും കാരണം പലപ്പോഴും ഉണ്ടാകാറുള്ള കലഹങ്ങൾ

14. വേടർ സമുദായത്തിന്റെ സാമൂഹ്യമായുള്ള പിന്നോക്കാവസ്ഥ

15. മതപരമായ വിശ്വാസത്തിന്റെ പേരിലുള്ള ചൂഷണം.

16. ദളിത് ക്രൈസ്തവരുടെ പ്രശ്നങ്ങൾ

17. ധനകാര്യസ്ഥാപനങ്ങൾ, സഹകരണബാങ്കുകൾ

എന്നീ സ്ഥാപനങ്ങൾ ഈ വിഭാഗത്തോട് കാട്ടുന്ന അവഗണന.

18. സർക്കാർ ധനസഹായത്തിന് വേണ്ടി സർക്കാർ ഓഫീസുകളിൽ ചെല്ലുമ്പോൾ ഉണ്ടാകുന്ന അവഗണന.

19. ജാതി തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റിന് വേണ്ടി വളരെയേറെ കഷ്ടപ്പാടുകളും, കാലതാമസവും ഉണ്ടാകുന്നു.

പരിഹാരമാർഗ്ഗങ്ങൾ

1. പട്ടികജാതി-പട്ടികവർഗ്ഗ വികസനവകുപ്പിന്റെയും ത്രിതലപഞ്ചായത്ത് സമിതികളുടെയും സൗജന്യ ഭവന നിർമ്മാണപദ്ധതികൾ പഞ്ചായത്തിൽ കൂടുതൽ ലഭ്യമാക്കുക.

2. റോഡ് പുറംമ്പോക്കിൽ കഴിയുന്നവരെ പഞ്ചായത്ത് തലത്തിൽ അടിയന്തിരമായി പുനരധിവസിപ്പിക്കുക.

3. ആരോഗ്യവകുപ്പിന്റെ ആഭിമുഖ്യത്തിൽ ക്ഷേമപ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുക. അമ്മമാരെയും കുട്ടികളെയും ഗർഭിണികളെയും പ്രത്യേക ക്യാമ്പുകൾ നടത്തി ആരോഗ്യപ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുക. സൗജന്യപരിശോധനാ ക്യാമ്പുകൾ, പ്രതിരോധ കുത്തിവയ്പുകൾ എന്നിവ കോളനികളിൽ സംഘടിപ്പിക്കുക. സൗജന്യപോഷക ആഹാരവിതരണം കേന്ദ്രം തുടങ്ങുക.

4. IRDP പദ്ധതിപ്രകാരമുള്ള ലോണുകൾ കൂടുതൽ അനുവദിക്കുക. മൃഗസംരക്ഷണം, കൃഷിവകുപ്പ് എന്നിവയിൽ നിന്നുള്ള പരമാവധി ആനുകൂല്യങ്ങൾ ലഭ്യമാക്കുക.

5. ആയുർവ്വേദ, ഹോമിയോ ആശുപത്രികൾ പഞ്ചായത്ത് തലത്തിൽ ആരംഭിക്കുക.

6. വിദ്യാഭ്യാസപരമായ ഉന്നതിയുടെ ആവശ്യത്തെ കുറിച്ചുള്ള ബോധവൽക്കരണ പരിപാടികൾ നടത്തുക. ഈ വിഭാഗത്തിൽ പഠിക്കുന്ന കുട്ടികൾക്ക് പ്രത്യേക ട്യൂഷൻ സൗകര്യങ്ങൾ ഏർപ്പെടുത്തുക.

7. കുടിവെള്ള പ്രശ്നം, കക്കൂസ്, വൈദ്യുതീകരണം എന്നിവയുടെ കാര്യത്തിൽ മുൻതൂക്കം നൽകിയുള്ള പരിപാടികൾ നടപ്പിലാക്കുക.

8. പട്ടികജാതി വികസനവകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾക്ക് പുറമേ വിവാഹ സാമ്പത്തിക സഹായം രോഗികൾക്കുള്ള സാമ്പത്തിക സഹായം, വിവിധതരം പെൻഷനുകൾ, പാർപ്പിടവും വസ്തുവും വാങ്ങുന്നതിനുള്ള സഹായം കൂടുതൽ അനുവദിക്കുക.

9. പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന വിവിധയിനം സർക്കാർ ഏജൻസികളെയും അവരുടെ പ്രവർത്തന രീതികളെയും കുറിച്ച് ഈ വിഭാഗത്തിന് ബോധവൽക്കരണം നടത്തുക. ഇവയെക്കുറിച്ച് പഞ്ചായത്ത് തലത്തിൽ ഒരു ഇൻഫർമേഷൻ സെന്റർ തുടങ്ങുക.

10. പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ പരമ്പരാഗത കലകളെ പ്രോത്സാഹിപ്പിക്കുക. ക്ലബ്ബുകൾ തുടങ്ങാൻ ആവശ്യമായ സഹായങ്ങൾ നൽകുക.

11. സാക്ഷരതാപ്രവർത്തനം തുടർന്നു നടത്തുക.

12. അപകർഷതാബോധം മാറ്റി എടുക്കുന്നതിന് വേണ്ടി കോളനികൾ കേന്ദ്രീകരിച്ച് നൂതനമായ പരിപാടികൾ ആവിഷ്കരിക്കുക.

13. വേടർ സമുദായത്തിന്റെ കൃത്യമായുള്ള കണക്കുകൾ ശേഖരിച്ച് അവർക്കുള്ള ഉന്നമനത്തിനായി പ്രത്യേകം പരിപാടികൾ നടപ്പിലാക്കുക.

14. മതപരിവർത്തനം നിയമംമൂലം തടയുക.

15. ദളിത് ക്രൈസ്തവരുടെ സംവരണം ഉൾപ്പെടെയുള്ള കാര്യങ്ങൾ ഗവ: തലത്തിൽ ചർച്ചയിലൂടെ പരിഹരിക്കുക.

16. ബാങ്കുകൾ വഴിയും, സർവ്വീസ് സഹകരണ സ്ഥാപനങ്ങൾ വഴിയും നൽകുന്ന വായ്പകൾ യഥാസമയം ലഭ്യമാക്കുക. വായ്പ വ്യവസ്ഥകൾ ഉദാരവൽക്കരിക്കുക.

17. പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ ആരംഭിക്കുക.

18. കോളനികൾ കേന്ദ്രീകരിച്ച് ചെറുകിടവ്യവസായ യൂണിറ്റുകൾ ആരംഭിക്കുക. ബാംബൂ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ കോളനിയിലേക്ക് വ്യാപിക്കുക.

19. ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കുക. ഇതിന്റെ മൂല്യം ഒരു വർഷത്തേക്ക് നിൽക്കുന്നതിനായി അംഗീകരിക്കുക. വിവിധ സഹായങ്ങൾക്കുള്ള അപേക്ഷയോടൊപ്പം സർട്ടിഫിക്കറ്റുകളുടെ ഫോട്ടോസ്റ്റാറ്റ് കോപ്പിക്കും അംഗീകാരം നൽകുക. ഒറിജനൽ അപേക്ഷയുടെ തീർപ്പ് കൽപ്പിക്കുന്നതിനാവശ്യമായി വരുമ്പോൾ മാത്രം ഹാജരാക്കുവാൻ ആവശ്യപ്പെടുക.

വിഭവ സമാഹരണം

ആസൂത്രണം ചെയ്യപ്പെടുന്ന വികസന പദ്ധതി നടപ്പിലാകാതെ പോകുന്നതിനുള്ള മൂലകാരണം സാമ്പത്തിക പരാധീനതയാണ്. (Wants are un limited the meens are limited) വികസനത്തിനുവേണ്ടി കേഴുന്ന ഒരു ഗ്രാമം ആണ് അലയമൺ. എന്നാൽ കാർഷിക പ്രധാനമായ ഒരു സമ്പദ്‌വ്യവസ്ഥ നിലവിലുള്ള ഈ പഞ്ചായത്തിൽ വികസനങ്ങൾ മുരടിച്ച് നിൽകുകയാണ്. വിഭാവനം ചെയ്യപ്പെടുന്ന പദ്ധതികൾ കടലാസിൽ കുരുങ്ങാതിരിക്കണമെങ്കിൽ നടത്തിപപ്പിന് ആവശ്യമായ വിഭവങ്ങൾ നാം കണ്ടെത്തിയേ മതിയാകൂ. ഇതിന് നിലവിലുള്ള പരിമിതികളിൽ ഒതുങ്ങി നിന്നുകൊണ്ട് പഞ്ചായത്തിന്റെ വരുമാനം പരമാവധി വർദ്ധിപ്പിക്കുവാൻ കൂട്ടായ പ്രയത്നം ആവശ്യമാണ്. പഞ്ചായത്തിന്റെ വിസ്തൃതിയ്ക്കും, ജനസംഖ്യയ്ക്കും അനുസരിച്ച് വികസന പ്രവർത്തനം നടത്തുവാൻ ആവശ്യമായ വരുമാനം സ്വരൂപിക്കുന്നതിന് പൊതുജനങ്ങളുടെ നിസ്സീമം ആയ സഹകരണം ഒന്നുകൊണ്ട് മാത്രമേ സാധ്യമാകുകയുള്ളൂ. ഈ പഞ്ചായത്തിലെ പ്രമുഖ സാമ്പത്തിക സ്ഥാപനങ്ങൾ താഴെ പറയുന്നവയാണ്.

1. കോർപ്പറേഷൻ ബാങ്ക് ചണ്ണപ്പേട്ട
2. ചണ്ണപ്പേട്ട സർവ്വീസ് സഹകരണ സംഘം.

ഇവ കൂടാതെ നമ്മുടെ പഞ്ചായത്തിന്റെ അതിർത്തിയിലാണെങ്കിലും നമുക്ക് കൂടുതൽ പ്രയോജനം ലഭിക്കാത്ത ജില്ലാ സഹകരണ ബാങ്കിന്റെ ഒരു ബാങ്ക് അഞ്ചലിൽ പ്രവർത്തിക്കുന്നു. കൂടാതെ സ്വർണ്ണ പണയത്തിന്മേൽ വായ്പ നൽകുന്ന സ്വകാര്യ വായ്പാ സാമ്പത്തിക സ്ഥാപനങ്ങളും സ്വകാര്യ ചിട്ടി കമ്പനികളും പഞ്ചായത്തിൽ പ്രവർത്തികക്കുന്നുണ്ട്. ഭൂവികസന ബാങ്കുകളോ, ഭവന നിർമ്മാണ ബാങ്കുകളോ ഈ പഞ്ചായത്തിൽ നിലവിലില്ല. എന്നാൽ സമീപ പഞ്ചായത്തുകളിൽ നിലവിലുള്ള ശാഖകളിൽ നിന്ന് സാമ്പത്തിക സഹായം ലഭിക്കുന്നുണ്ട്. ദേശസാൽകൃത ബാങ്കുകൾ അർഹത ഉള്ളവർക്ക് സാമ്പത്തിക സഹായം നൽകുന്നതിന് മടിച്ചു നിൽക്കുന്നു എന്ന് പറയാതെ വയ്യ, മിതമായ പലിശ നിരക്ക് നിയമത്തിന്റെ നൂലാമാലകളും സാധാരണക്കാരന് തടസ്സമായി നിൽക്കുമ്പോൾ സ്വകാര്യ വ്യക്തികളിൽ നിന്ന് അമിതമായ പലിശ നിരക്കിൽ പണം കടം വാങ്ങി ജീവിത വൃത്തി നടത്തുന്നവരും ഈ പഞ്ചായത്തിലുണ്ട്.

പഞ്ചായത്തിന്റെ പൊതുവായ വികസന പ്രവർത്തനങ്ങൾക്കോ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിലേക്കോ കാര്യമായ സംഭാവനകൾ ഈ പഞ്ചായത്തിലെ രേഖകളിൽ നിന്ന് ലഭിക്കുന്നില്ല. നിലവിലുള്ള പഞ്ചായത്ത് വരുമാനങ്ങൾ.

1. കെട്ടിട നികുതി

പഞ്ചായത്തിൽ നിലവിലുള്ള കെട്ടിടങ്ങൾക്ക് നികുതി നിശ്ചയിക്കുന്നതിന് വ്യക്തമായ മാനദണ്ഡങ്ങൾ ഇല്ല. കെട്ടിടത്തിന്റെ വിസ്തീർണ്ണത്തിന്റെയും ഉപയോഗിച്ചിരിക്കുന്ന സാധന സാമഗ്രഹികളുടെയും അടിസ്ഥാനത്തിൽ പുതിയ നികുതി നിശ്ചയിക്കുന്നതിന് പുതിയ രൂപരേഖ തയ്യാറാക്കേണ്ടതായിട്ടുണ്ട്. പൊതു ജനങ്ങളിൽ നിന്ന് പണം ഈടാക്കുന്നതിന് സ്റ്റാൻറിംഗ് കമ്മിറ്റികൾ ജാഗരൂകമാകണം. അതോടൊപ്പം കൂടിശ്ശിക ഇനത്തിൽ പിരിഞ്ഞ് കിട്ടാനുള്ള നികുതികൾ പിരിച്ച് എടുക്കുമ്പോൾ ഊർജ്ജിത നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

2. തൊഴിൽ നികുതി

പഞ്ചായത്തിലെ സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ നിന്നും, വ്യാപാര സ്ഥാപനങ്ങളിൽ നിന്നും ആണ് ഇപ്പോൾ തൊഴിൽ നികുതി ഈടാക്കി വരുന്നത്. സ്വകാര്യ ആശുപത്രികളിലെയും, അതുപോലുള്ള മറ്റ് സ്ഥാപനങ്ങളിലെയും പുതുതായി തൊഴിൽ നികുതി ഏർപ്പെടുത്താവുന്ന ഗണത്തിൽ ഏർപ്പെടുത്താം. ഓരോരുത്തരുടെയും പ്രദേശത്തിന്റെ വികസനത്തിന് അവരവർ നൽകുന്ന സംഭാവനയാണ് നികുതി എന്ന ബോധം പൊതുജനങ്ങളിൽ ഉണ്ടാകുന്നതിന് ബോധവത്ക്കരണം അനിവാര്യമാണ്.

3. വിനോദ നികുതി

അലയമൺ ഗ്രാമ പഞ്ചായത്തിൽ മൂന്ന് സിനിമാ തീയറ്ററുകളാണ് നിലവിൽ ഉള്ളത്. ഇതിൽ അഞ്ചൽ അർച്ചനയും, അഞ്ചൽ വർഷയും കാര്യമായ വരുമാനം ഉള്ളവയാണ്. ഇവയിൽ നിന്ന് പൂർണ്ണമായ വരുമാനം പഞ്ചായത്തിൽ ലഭിക്കുന്നില്ല. തകർച്ച നേരിടുന്ന സിനിമാ വ്യവസായത്തിന് ദോഷകരമാകാത്ത രീതിയിൽ, എന്നാൽ പഞ്ചായത്തിന് ലഭിക്കേണ്ടതായ വിനോദ നികുതിയിൽ കുറവ് ഉണ്ടാകാതെ പൂർണ്ണമായി പിരിച്ചെടുക്കുന്നതിനുള്ള സത്വരമായ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതായിട്ടുണ്ട്.

4. ലൈസൻസ് ഫീസ്

പഞ്ചയത്തിലെ വ്യാപാര സ്ഥാപനങ്ങളിൽ നിന്നും വ്യവസായ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കുന്ന ഫീസാണ് ഇത്. വർഷംതോറും ലൈസൻസ് പുതുക്കണം എന്ന വ്യവസ്ഥ ഉണ്ടെങ്കിലും ഇത് പലപ്പോഴും പാലിക്കപ്പെടുന്നില്ല. ഇത് പഞ്ചായത്തിന്റെ വരുമാനത്തിൽ ഗണ്യമായ കുറവ് ഉണ്ടാകുന്നു. ലൈസൻസ് എടുക്കാത്ത വ്യാപാരികളെയും സ്ഥാപനങ്ങളെയും കണ്ടുപിടിച്ച് ലൈസൻസ് എടുക്കുന്നതിനും പുതുക്കാത്ത സ്ഥാപനങ്ങളെകൊണ്ട് അത് പുതുക്കുന്നതിനും ഉള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതുണ്ട്.

5. ലേലം

പഞ്ചായത്തിലെ കരുകോൺ ചണ്ണപ്പേട്ട പബ്ലിക് മാർക്കറ്റുകൾ മാട്ടിറച്ചി സ്റ്റാളുകൾ പഞ്ചായത്തിന്റെ അധീനതയിലുള്ള കെട്ടിടങ്ങൾ സ്വത്തുക്കൾ എന്നിവ കാലാകാലങ്ങളിൽ ലേലം ചെയ്യുന്നതിലൂടെ നല്ലൊരു തുക പഞ്ചായത്തിന് വരുമാനമായി ലഭിക്കുന്നു. എന്നാൽ കോൺട്രാക്ടറുമാർ തമ്മിലുള്ള ധാരണയുടെ അടിസ്ഥാനത്തിൽ ആവശ്യമായ പരസ്യത്തിന്റെ അഭാവത്തിലും ലേല തുക കുറഞ്ഞ് പോകുന്നുണ്ട്. ഇതിന് പോം വഴിയായി നല്ല രീതിയിലുള്ള പരസ്യപ്രചാരണം നടത്തി കൂടുതൽ ആളുകളെ സംഘടിപ്പിച്ചുകൊണ്ട് ലേലം ചെയ്യുന്നതിനുള്ള നടപടികൾ സംഘടിപ്പിക്കണം. ഇക്കഴിഞ്ഞ സാമ്പത്തിക വർഷം പഞ്ചായത്തിന് ലേലയിനത്തിൽ ലഭിച്ച വരുമാനം താഴെപറയുന്ന പട്ടികയിൽ നിന്നും മനസ്സിലാക്കാവുന്നതാണ്.

1996-97 ലെ ലേല വരുമാനം

ഇനം	തുക
മാർക്കറ്റ്	28500
ഇറച്ചിക്കട	105650
ചണ്ണപ്പേട്ട ഷോപ്പിംഗ്സെന്റർ	31428
കരുകോൺ ഷോപ്പിംഗ്സെന്റർ	76772

6. സർക്കാർ ഗ്രാന്റുകൾ

ഗ്രാമീണ മേഖലയിലുള്ള പ്രത്യേകിച്ചും കാർഷിക സമ്പദ്വ്യവസ്ഥയുള്ള ഒരു പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം പഞ്ചായത്തിന്റെ ഏറ്റവും വലിയ പ്രതീക്ഷ സർക്കാർ ഗ്രാന്റുകളാണ്. എന്നാൽ പഞ്ചായത്തിന്റെ ആവശ്യവും ആയി തട്ടിച്ച് നോക്കുമ്പോൾ ഇത് തുലോം തുച്ഛമാണ്. പഞ്ചായത്തിന് ലഭിക്കുന്ന വസ്തു കൈമാറ്റ നികുതി, അടിസ്ഥാന നികുതി എന്നിവ ലഭിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നു.

പ്രശ്നങ്ങൾ

1. പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ട് പോകുന്നതിന് നിലവിലുള്ള ഫണ്ട് അപര്യാപ്തമാണ്.

2. കെട്ടിട നികുതി നിർണ്ണയം അപാകത നിറഞ്ഞതാണ്.

3. പദ്ധതികൾ യഥാസമയം പൂർത്തീകരിക്കാത്തത്

ചിലവ് വർദ്ധിക്കുന്നതിന് കാരണമാകുന്നു.

4. പ്രത്യുൽപാദന പരമല്ലാത്ത ചിലവ് വർദ്ധിക്കുന്നു.

5. വിദേശ ഇന്ത്യാക്കാരുടെ നിക്ഷേപം ഉല്പാദന സേവന മേഖലകളിൽ വിനിയോഗിക്കുന്നില്ല.

6. മതിയായ ഗ്രാന്റുകൾ ലഭിക്കുന്നില്ല.

7. നികുതി പരിധിക്കുള്ളിൽ വരുന്ന എല്ലാവർക്കും നികുതി ചുമത്തുന്നില്ല.

8. പഞ്ചായത്തിന്റെ ശ്രദ്ധകുറവ് മൂലം വിനോദനികുതിയിൽ കുറവ് ഉണ്ടാകുന്നു.

9. മാനവശേഷി ശരിയായി വിനിയോഗിക്കുന്നില്ല

10. ഭരണ പരമായ ചിലവുകൾ വർദ്ധിക്കുന്നു.

സാദ്ധ്യതകൾ

1. ഗവൺമെന്റ് ഗ്രാന്റുകളുടെ നിരക്ക് വർദ്ധിപ്പിച്ച് യഥാസമയം ലഭ്യമാക്കേണ്ടതാണ്.

2. നികുതി വിഹിതങ്ങളുടെ വിവേചന പൂർണ്ണമായ വിതരണം നിർത്തലാക്കേണ്ടതാണ്.

3. കെട്ടിട നികുതി നിർണ്ണയത്തിൽ അപാകതകൾ പരിഹരിച്ച് ശാസ്ത്രീയമാക്കുക.

4. പാറക്കോറികൾക്ക് പഞ്ചായത്ത് ലൈസൻസ് സമ്പ്രദായം ഏർപ്പെടുത്തുക.

5. അഞ്ച് ലക്ഷത്തിന് മുകളിൽ മുതൽമുടക്കി പണിയുന്ന കെട്ടിടങ്ങൾക്ക് ഒരു നിശ്ചിത ശതമാനം അതിക ചാർജ്ജ് ഈടാക്കുക.

6. വൻകിട കർഷകരിൽ നിന്ന് വാഹന ഉടമകളിൽ നിന്നും നികുതി ഈടാക്കുക.

7. കെട്ടിടങ്ങൾക്കുള്ള റവന്യൂ ടാക്സിന്റെ 50 ശതമാനം പഞ്ചായത്തുകൾക്ക് നൽകുക.

8. ആവിഷ്ക്കരിക്കുന്ന മുഴുവൻ പദ്ധതികളും സമയ ബന്ധിതമായി പൂർത്തിയാക്കുക.

9. ബാങ്കിന്മേലുള്ള നിക്ഷേപത്തിൽ ഒരു നിശ്ചിത ശതമാനം പഞ്ചായത്തുകൾക്ക് നൽകുക.

10. വിനോദ നികുതി സമ്പ്രദായം ശാസ്ത്രീയമായി പരിഷ്കരിക്കുകയും കൃത്യമായി നിരീക്ഷിക്കുകയും ചെയ്യുക.

11. നികുതി ചുമത്തുവാൻ അർഹതപ്പെട്ട മുഴുവൻ ആളുകൾക്കും, സ്ഥാപനങ്ങൾക്കും, നികുതി ചുമത്തുക.

12. കത്താത്ത തെരുവ് വിളക്കിന് ചാർജ്ജ് നൽകാതിരിക്കുകയോ, തെരുവ് വിളക്കിനുള്ള വൈദ്യുതി ചാർജ്ജ് ഗവൺമെന്റ് നിർത്തലാക്കുകയോ ചെയ്യുക.

13. പഞ്ചായത്തിന്റെ വികസന പദ്ധതികൾക്ക് പരമാവധി മനുഷ്യാദ്ധ്വാനവും സംഭാവനയും ലഭ്യമാക്കുക. വാർഡുകൾ തോറും (ഗ്രാമസഭകൾ) കൺസ്ട്രക്ഷൻ സൊസൈറ്റികളായി രൂപാന്തരപ്പെടുത്തുക.

14. പഞ്ചായത്തുകളിലെ എസ്റ്റാബ്ലിഷ്മെന്റ് ചെലവ് പൂർണ്ണമായും ഗവൺമെന്റ് നൽകുക.

ചാർട്ട്

പഞ്ചായത്തിന്റെ കഴിഞ്ഞ അഞ്ചുവർഷത്തെ വരവ് ചെലവ് കണക്ക്

വർഷം	വരവ്	ചെലവ്	ബാക്കി
1991-92	1155230	954350	200880
1992-93	1177757	558627	619130
1993-94	1797859	1230814	567045
1994-95	2022941	1379878	643063
1995-96	1726853	1344049	382804

ചാർട്ട്

പഞ്ചായത്തിന്റെ കഴിഞ്ഞ അഞ്ചുവർഷത്തെ വരവ് സംബന്ധമായ വിവരങ്ങൾ

വരവിനങ്ങൾ	1991-92	1992-93	1993-94	1994-95	1995-96
കെട്ടിട നികുതി	133024	136387	202256	206966	221565
തൊഴിൽ നികുതി	75025	85130	101595	124122	161675
വിനോദ നികുതി	75196	88678	95584	282030	270535
വസ്തു കൈമാറ്റ നികുതി	130294	261225	269718	126377	85168
ഗവൺമെന്റ് ഗ്രാന്റ്	262862	276932	289880	394015	590924
മറ്റ് പലവകവരവുകൾ	478829	329405	838826	889431	396986
ആകെ	1155230	1177757	1797859	2022941	1726853

ചാർട്ട്

പഞ്ചായത്തിന്റെ കഴിഞ്ഞ അഞ്ചുവർഷത്തെ ചെലവ് സംബന്ധമായ വിവരങ്ങൾ


ചെലവിനങ്ങൾ	1991-92	1992-93	1993-94	1994-95	1995-96
ഭരണപരമായ ചെലവുകൾ	314997	342509	412477	420246	490847
തെരുവിൽ വിളക്ക് വയ്ക്കൽ	51542	67982	79881	91853	125689
മരാമത്ത് ചെലവുകൾ	494571	52689	416838	338784	203991
വിദ്യാഭ്യാസം	4595	6307	12915	13856	52859
സാമൂഹ്യക്ഷേമം	24281	22816	34380	47243	13692
പൊതുജനാരോഗ്യം	42749	64098	67660	69850	112994
ലോൺ മടക്കിക്കൊടുക്കൽ(RDB)	-	-	158350	389628	324655
മറ്റ് പലവകവരവുകൾ	21615	2226	48313	8418	16199
ആകെ	954350	558627	1230814	1379878	1344049

കൃതജ്ഞതാ പൂർവ്വം

മലയോര കാർഷിക ഗ്രാമമായ അലയമൺ സാമ്പത്തിക അപര്യാപ്തത കൊണ്ട് വികസന പ്രക്രിയ വഴിമുട്ടി നിൽക്കുമ്പോൾ അക്ഷയ ഖനിയായ ജനശക്തി ഏകോപിപ്പിച്ച് വികസന പ്രക്രിയ ത്വരിതപ്പെടുത്തുവാനും, പ്രായത്തിന്റെ അനുഭവ സമ്പത്തും, യുവത്വത്തിന്റെ ചുറുചുറുക്കും, നിലവിലുള്ള സംവിധാനത്തിന്റെ [illegible] സമന്വയിപ്പിച്ച് ഒരു പുത്തൻ സംസ്ക്കാരം രൂപപ്പെടുത്തുവാനും ഈ വികസന റിപ്പോർട്ട് ഉപകരിക്കട്ടെ.

ഈ വികസന രേഖയുടെ പണിപ്പുരയിൽ എന്നോടൊപ്പം സഹകരിച്ചവർ നിരവധിയാണ്. സെന്റർ ഫോർ എർത്ത് സ്റ്റഡീസിലേ ഡോ. വിനയൻ, സംസ്ഥാന പരിശീലകൻ ശ്രീ. പ്രദീപ്കുമാർ, ജില്ലാ പരിശീലകരായ ശ്രീ. ഇ.കെ. ദേവസ്യ, ഷറഫുദ്ദീൻ, കെ. തമ്പിദാനിയേൽ, ഷെലിൻ കെ.എസ്. സുരേഷ്കുമാർ, സുരേന്ദ്രൻപിള്ള, പഞ്ചായത്ത് പ്രസിഡന്റ് കമ്മിറ്റി അംഗങ്ങൾ, പഞ്ചായത്ത് മുൻസെക്രട്ടറി ശ്രീമതി. ചെല്ലമ്മ നിലവിലുള്ള സെക്രട്ടറി ശ്രീ. ഒ. ഖാലീദ് മറ്റ് പഞ്ചാ: ഉദ്യോഗസ്ഥർ, കോർഗ്രൂപ്പ് അംഗങ്ങൾ, പ്രാദേശിക പരിശീലകർ, വിവിധ ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥർ, കാരണവന്മാർ, പൗരപ്രമുഖർ, എക്സൽ അദ്ധ്യാപകർ തുടങ്ങി എവരെയും നന്ദി പൂർവ്വം സ്മരിക്കുന്നു.

കാലത്തിന്റെ രഥ ചക്രം ഉരുളുമ്പോൾ ചരിത്രത്തിന്റെ തങ്കത്താളുകളിൽ പൊൻതൂലിക കൊണ്ട് ആലേഖനം ചെയ്യപ്പെട്ട ഒരു സുവർണ്ണരേഖയായി ഈ റിപ്പോർട്ട് തീരുമാറകട്ടെ



എന്ന് റോയി ചണ്ണപ്പേട്ട
കൺവീനർ
ജനകീയാസൂത്രണ പ്രസ്ഥാനം
അലയമൺ ഗ്രാമപഞ്ചായത്ത്

പൊതുവിവരങ്ങൾ

പഞ്ചായത്തിന്റെ പേര്		അലയമൺ ഗ്രാമ പഞ്ചായത്ത്
ആസ്ഥാനം		മീൻകുളം
സ്ഥാപിതമായ വർഷം		1963
വാർഡുകൾ	:	9
ഉൾപ്പെടുന്ന വില്ലേജുകൾ		അലയമൺ, ചണ്ണപ്പേട്ട
ബ്ലോക്ക് ഡിവിഷൻ		അലയമൺ
ബ്ലോക്ക് പഞ്ചായത്ത്		അഞ്ചൽ
താലൂക്ക്		പത്തനാപുരം
ജില്ല		കൊല്ലം
അസംബ്ലി മണ്ഡലം		പുനലൂർ
പാർലമെന്റ് മണ്ഡലം		അടൂർ
വിസ്തീർണ്ണം	:	35.24 ച.കി.മീ.
ജനസംഖ്യ	:	18538 (1991 സെൻസസ്)
പ്രസിഡന്റ്		ആൻ മേരി എലിസബത്ത്
വൈസ് പ്രസിഡന്റ്		ഇടിക്കുള ജോർജ്ജ്

Best compliments from

"A Friend in need is a Friend Indeed"



0475-304373
" -304483

Asian Air Travels

Channapetta

Assistance for,

PASSPORT, PASSPORT RENEWAL, EMIGRATION CLEARANCE, VISA STAMPING, INTERNATIONAL & DOMESTIC AIR TICKETS ETC.

Our Sister Concerns!

EXCEL STUDY CENTRE

Channapetta

V, VI, VII, VIII, IX, X Tuition &
S.S.L.C. Session Classes

EXCEL STUDY CENTRE
CHANNAPETTA

Excel Book Centre, Channapetta

"Students materials are sold here at low cost"

Principal: Roy Channapetta